വില ₹ 30/-

# ജീവനും വെളിച്ചവും

ജൂൺ 2024



## ദേശീയ വിദ്യാഭ്യാസ നയം 2020: ഒരു അവലോകനം

# ട്രിവാൻഡ്രം സോഷ്യൽ സർവ്വീസ് സൊസൈറ്റി

# നൈപുണ്യ വികസന പരിശീലനകേന്ദ്രങ്ങൾ

## തിരുവനന്തപുരം ലത്തീൻ അതിരൂപത



## MARIAN CRAFT AND ARTS CENTRE OF EXCELLENCE, MENAMKULAM

**COURSES OFFERED**

- Electrical & Electronics Technology
- Advanced Welding Technology
- Crash Course in SMAW/GTAW/MIG/TIG
- DCA (Diploma in computer applications)
- Word Processing, Data Entry Operator, Financial Accounting, Desktop Publishing

Marian Higher Education Institutions Campus, Menamkulam,
Kazhakuttam P.O., Trivandrum 695582. Mob. 8301908450, 9846187972

## ST. XAVIER'S PRIVATE ITI, VALLIYATHURA

Affiliated to NCVT (National Council for Vocational Training), Govt. of India

**COURSES OFFERED**

- Draftsman Civil
- Electronics Mechanic
- Plumber
- Fire & Safety Engineering
- X Ray Welding

NCVT/Fire & Safety Engineering കോഴ്സ് പഠിക്കുന്നവർക്ക് മൈനോറിറ്റി കമ്മിഷനിൽ നിന്നും
പ്രതിവർഷം 10,000.00 രൂപ സ്കോളർഷിപ്പ് ലഭിക്കുന്നു. അതോടൊപ്പം യാത്ര കൺസഷൻ ലഭിക്കുന്നതാണ്.

Vallakkadavu PO, Valiyathura, Trivandrum 695008.
Ph.: 0471 2504332, Mob.:9447621154





## ST. XAVIER'S COMMUNITY COLLEGE, CHACKAI &

(Affiliated to NIOS, Ministry of Education, Govt. of India)

## FATIMA MATHA COMMUNITY COLLEGE, KARUMKULAM

Affiliated to NSDC (National Skill Development Corporation)

**COURSES OFFERED**

- Community Health (Nursing Assistant)
- Welding Technology (Arc/Gas Welding)
- Data Entry Operation & Secretarial Practice
- Plumbing Technology
- House Wiring & Electrical appliance repairing
- Basic Computer

Manava Nagar, Opp. Anaathaputi Hospital, NH Bypass, Chackai,
Trivandrum 695024. Ph.: 0471-2575655, Mob. 9446435199
Fatima Matha Community College, Karumkulam, Puthiyathura P.O.,
Trivandrum 695526 Ph.: 0471 2209211, Mob.: 9746751273

## ST. XAVIER'S INTERNATIONAL MONTESSORI ACADEMY, PALAYAM

Affiliated to State Resource Centre, General Education Department, Govt of Kerala

സർക്കാരിന്റെ പുതിയ വിദ്യാഭ്യാസനയം പ്രാബല്യത്തിൽ വരുമ്പോൾ
ഏറെ തൊഴിൽസാധ്യതയുള്ള ഒരു വർഷം ദൈർഘ്യമുള്ള

**മോണ്ടിസോറി ടീച്ചേഴ്സ് ട്രെയിനിങ് ഡിപ്ലോമ കോഴ്സ്**

+2 ജയിച്ച പെൺകുട്ടികൾക്ക് അപേക്ഷിക്കാം

Near St. Joseph's Cathedral, Palayam, Vikas Nagar P.O.,
Trivandrum 695033, Mob.: 9495058596





## ST. XAVIER'S COMPUTER CENTRE, PALAYAM

St. Xavier's Computer Centre, Institute of Information Technology,
C-DIT Educational Partner (Govt. of Kerala)

അൻപതോളം C-DIT (ഗവൺമെന്റ്) അംഗീകാരമുള്ള കോഴ്സുകൾ, അഡ്വാൻസ് ഡിപ്ലോമ കോഴ്സുകൾ, ഡിപ്ലോമ കോഴ്സുകൾ, ഓൺലൈൻ കോഴ്സുകൾ, സർട്ടിഫിക്കറ്റ് കോഴ്സുകൾ, സ്കിൽ പ്രോഗ്രാമുകൾ, എക്സിക്യൂട്ടീവ് പ്രോഗ്രാമുകൾ, ക്രാഷ് കോഴ്സുകൾ...

Near St. Joseph's Cathedral, Palayam, Vikas Nagar P.O.,
Trivandrum 695033. Ph.: 0471-2333607, Mob. 9847119635
www.sxcc.in

## WAVES INTERNATIONAL LANGUAGE LEARNING CENTRE

ജർമ്മനിയിൽ നഴ്സിംഗ് ജോലി ചെയ്യുവാനും പഠിക്കുവാനും
ആഗ്രഹിക്കുന്നവർക്ക് ജർമൻ ഭാഷ പരിശീലനം നൽകുന്നു...

കൂടുതൽ വിവരങ്ങൾക്ക്: 79942 99960 / 91889 25901

Near St. Joseph's Cathedral, Palayam, Vikas Nagar
P. O., Trivandrum 695033.



## ജീവനും വെളിച്ചവും

തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം

2024 ജൂൺ
പുസ്തകം - 48 ലക്കം - 6
വില 30 രൂപ (വാർഷിക വരിസംഖ്യ: 360 രൂപ)


ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com
www.archtvmnews.com


**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. തോമസ് ജെ. നെറ്റോ
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. യൂജിൻ എച്ച് പെരേര
**ഉപദേശക സമിതി**
ഫാ. ലോറൻസ് കുലാസ്
ഫാ. ഷാജു വില്യം
ഫാ. ഡാനിയേൽ ആർ.
ഫാ. സജു റോൾഡോൻ
ഫാ. ആഷ്‌ലിൻ ജോസ്
ഫാ. മൈക്കിൾ തോമസ്
ഫാ. ഡാർവിൻ ഫെർണാണ്ടസ്
ഫാ. റിച്ചാർഡ് സക്കറിയാസ്
ഫാ. ലൂസിയാൻസ് തോമസ്
ഫാ. സിൽവസ്റ്റർ കുരിശ്
ഫാ. ഡേവിഡ്സൻ ജസ്റ്റസ്
ഫാ. ജോർജ്ജ് ഗോമസ്
**പത്രാധിപർ**
ഫാ. വിജിൽ ജോർജ്ജ്
**സഹ പത്രാധിപർ**
ബർഗ്മാൻ തോമസ്
**മാനേജർ (പരസ്യവിഭാഗം)**
ഫാ. മനീഷ് പീറ്റർ
**പത്രാധിപ സമിതി**
മോൺ. ജെയിംസ് കുലാസ്
ഇഗ്നേഷ്യസ് തോമസ്
ഡോ. സീന ഫെലിക്സ്
സിന്ധുമരിയ നെപ്പോളിയൻ
**ആർട്ടിസ്റ്റ്**
സതീഷ് ജോർജ്ജ്
**ഡിറ്റിപി & ലേ-ഔട്ട്**
സുനിൽകുമാർ റ്റി.


*Account Details:*
State Bank of India
A/C No. 57027220934
IFSC : SBIN0070308
A/C Name : Editor, Jeevanum Velichavum


## മുഖവിചാരം



# പ്രത്യാശയോടെ ഇരിക്കുക...

ആന്റണി ഡി മെല്ലോയുടെ ഒരു പുസ്തകത്തിൽ കടലാഴങ്ങളിലേക്ക് മാഞ്ഞുപോയ പുരാതനമായ ഒരു പള്ളിയുടെ കഥയുണ്ട്.

വല്ലപ്പോഴുമൊരിക്കൽ പള്ളിമണിയുടെ സ്വരം തീരത്ത് കേൾക്കാമെന്ന് ഒരു കേട്ടുകേൾവി ആ ദേശത്തുണ്ട്. അത് കേൾക്കാനെത്തിയ ഒരു ചെറുപ്പക്കാരൻ കാതുകൂർപ്പിച്ചും കണ്ണിമ അടയാതെയും മണിനാദത്തെ കാത്ത് സദാ തീരത്തിന്റെ തണലിൽ ഇരുന്നു. കാലങ്ങൾക്ക് ശേഷവും മണിസ്വരം കേൾക്കാത്തതുകൊണ്ട് അയാൾ നിരാശാഭരിതനായി അവിടംവിട്ടു പോകാൻ തീരുമാനിച്ചു. അന്ന് പകൽ പ്രത്യേകിച്ചൊരു ലക്ഷ്യവുമില്ലാതെ ഇരിക്കുമ്പോൾ മറ്റ് ചില ശബ്ദങ്ങൾ അയാളെത്തേടിവന്നു. കാറ്റ്, അലകൾ, കടൽകാക്കകൾ, മുക്കുവരുടെ വായ്ത്താരികൾ, ദൂരെ മീൻചന്തയിൽ നിന്നുള്ള കലപിലകൾ അങ്ങനെയങ്ങനെ...

ഇത്രയും കാലം അവയ്ക്കെതിരെ ഉള്ളിൽ നിന്ന് സാക്ഷയിട്ടിരിക്കുകയായിരുന്നു അയാൾ. എത്ര മധുരവും മനോഹരവുമായ ശബ്ദപ്രപഞ്ചമാണ് തന്നെ പൊതിഞ്ഞുനിൽക്കുന്നതെന്ന് അയാൾ അറിഞ്ഞു. പതിയെപ്പതിയെ ഓരോരോ ശബ്ദങ്ങളുടെ അലയടങ്ങുകയും അതിന്റെ നിശ്ശബ്ദതയിൽ കടലിന്റെ അടിത്തട്ടിൽ നിന്ന് ശംഖ് മുഴങ്ങുകയും പിന്നെ മണിനാദങ്ങളുടെ ആരോഹണാവരോഹണം ഉയരുകയും ചെയ്തു.

പ്രസന്റ് ആയിരിക്കുകയാണ്, പ്രത്യാശയോടെ ഇരിക്കുകയാണ് മനുഷ്യ ജീവിതത്തിലെ ഏറ്റവും പ്രധാനമായ പ്രവൃത്തി. അതുകൊണ്ടാണ് ഫ്രാൻസിസ് പാപ്പ ഈ ജൂബിലി വർഷത്തിലെ വിഷയം 'പ്രത്യാശ' എന്ന് തീരുമാനിച്ചത്. 'പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല.' എന്ന് വിശുദ്ധ പൗലോസ് അപ്പസ്തോലൻ റോമാക്കാർക്കെഴുതിയ ലേഖനത്തിൽ. ലേഖനം ഇപ്രകാരം തുടരുന്നു, പ്രത്യാശ സ്നേഹത്തിൽ നിന്നും ജനിക്കുന്നു. അത് കുരിശിൽ വച്ച് പിളർക്കപ്പെട്ട ക്രിസ്തുവിന്റെ ഹൃദയത്തിൽനിന്നും ഉത്ഭവിക്കുന്ന, സ്നേഹത്തിൽ അടിസ്ഥാനമിടുന്നു.

നൈരാശ്യത്തിന്റെ പടിവാതിൽക്കലാണ് ഇന്ന് ലോകം. യുദ്ധം, കലാപം, വംശഹത്യ, അഭയാർഥിത്വം, സ്വപ്നങ്ങളുടെ തകർച്ചകൾ...

സംഭ്രമജനകമായ ഒരു കാലം, കാലക്കേടുകൾ...

വിക്ഷുബ്ധതയുടെ ഏത് കടലിലായിരുന്നാലും നെറ്റി ഒന്ന് ഉയർത്തി നോക്കുക, കാണാത്ത ദൂരത്തിൽ കരുണാർദ്രമായ മുഖവുമായി ഒരാൾ നമ്മളെ ഉറ്റുനോക്കുന്നുണ്ട്, അവനു പേര് ദൈവം. ദൈവത്തിനു പേര് സ്നേഹം.

ദൈവം ഓരോ മനുഷ്യന്റെയും നെറ്റിയിൽ എഴുതിവച്ച വചനമാണ് പ്രത്യാശ എന്ന് 'പാവങ്ങൾ' എഴുതിയ വിഖ്യാത ഫ്രഞ്ച് എഴുത്തുകാരൻ വിക്ടർ ഹ്യൂഗോ.

പ്രത്യാശയോടെ നമുക്ക് കാത്തിരിക്കാം നൈരാശ്യത്തിന്റെ അലകളൊടുങ്ങിയ കടലിൽ നിന്ന് സാഫല്യത്തിന്റെ മണിസ്വനങ്ങൾ ഉയരുന്നുതും കാത്ത്...

**പത്രാധിപർ**

# പ്രതികരണങ്ങൾ




## സന്തോഷവും സംരക്ഷണവും

**മ**നുഷ്യജീവിതത്തിന്റെ സന്തോഷവും സംരക്ഷണവുമാണ്, അല്ലാതെ നശീകരണമല്ല യാതൊരു ജനാധിപത്യ ഗവണ്മെന്റിന്റെയും പ്രഥമവും ഏകവുമായ ലക്ഷ്യം. ഒരു നല്ല ജനാധിപത്യഭരണത്തിൻ കീഴിൽ മനുഷ്യൻ എന്നും സ്വതന്ത്രനും ആത്മാഭിമാനിയുമായിരിക്കും. പക്ഷേ ഇപ്പോൾ മിക്ക രാജ്യങ്ങളിലും തെരഞ്ഞെടുത്ത സ്വേച്ഛാധിപത്യഭരണമാണ് കാണാനാവുന്നത്. ഇന്നത്തെ ഇന്ത്യയിൽ പ്രത്യേകിച്ചും. ഇന്ത്യയിൽ ഇപ്പോൾ ഭരിക്കുന്ന ബിജെപിയുടെ മുഖ്യ അജണ്ട എന്നത് വർഗീയ ധ്രുവീകരണമാണ്. അതിൽ അന്തർലീനമായിരിക്കുന്ന ഘടകം മതവിദ്വേഷവും പരസ്പരവെറുപ്പുമാണ്. ഇക്കാര്യം വളരെ വിശദമായും വ്യക്തമായും ശക്തമായും പ്രതിപാദിക്കുന്നു കഴിഞ്ഞലക്കം നേർക്കാഴ്ചയിൽ. ജെ.സിയ്ക്കും ജീവനും വെളിച്ചത്തിനും അഭിനന്ദനങ്ങൾ.

**തെരേസ ടോം,**
പേട്ട

## ഉദയംപേരൂർ സുനഹദോസും വിപ്ലവാത്മകമായ തീരുമാനങ്ങളും

**ക**ഴിഞ്ഞലക്കം ജീവനും വെളിച്ചവും മാസികയിൽ പ്രസിദ്ധീകരിച്ച ശ്രീ. ഇഗ്നേഷ്യസ് തോമസിന്റെ ചരിത്രപഠം എന്തുകൊണ്ടും ശ്രദ്ധേയമായി. ദോഷജാതകത്തിൽ പിറക്കുന്ന കുഞ്ഞുങ്ങളെ കൊല്ലുന്ന അത്യന്തംഹീനമായ അനാചാരവും തീണ്ടലും അയിത്താചരണവും മന്ത്രവാദം, കൂടോത്രം തുടങ്ങിയ ഭാഗ്യദോഷപ്രവചനങ്ങളും സുനഹദോസ് മുഖേന നിർത്തലാക്കിയതായും അത് പ്രതീക്ഷയ്ക്കതീതമായി വിജയിച്ചതായും ലേഖനത്തിൽ പറയുന്നതും ശ്രദ്ധേയമാണ്. എന്നിരുന്നാലും സ്തുതിയർഹിക്കുന്നത് അതിന്റെ സംഘാടകനും അധ്യക്ഷനുമായിരുന്ന ആർച്ച്ബിഷപ്പ് ഡോ. മെനേസിസ് ആണ്. അദ്ദേഹം ഒരു നവോത്ഥാന നായകൻ തന്നെയാണ്. കേരളത്തിലെ നവോത്ഥാന നായകന്മാരോടൊപ്പം പരാമർശിക്കപ്പെടാതെ പോയ ഒരു ക്രാന്തദർശി. ചരിത്രസംഭവങ്ങളെ വീണ്ടും ഓർമപ്പെടുത്തിയ ശ്രീ. ഇഗ്നേഷ്യസ് തോമസിന് നന്ദി.

– **ജെസ്സിമരിയ,**
പുത്തൻതോപ്പ്

## നഴ്സുമാർ ദൈവദൂതികൾ

**ചി**റകുകളില്ലാത്ത മാലാഖമാരാണ് നഴ്സുമാർ. ദൈവത്തിനുപകരം ദൈവത്തിന്റെ കരസ്പർശം നൽകി ഭൂമിയിലേക്കയച്ച ദൈവദൂതികൾ. അപകടത്തിൽപ്പെട്ട് മുറിഞ്ഞ ഉടലുമായി ആശുപത്രി കിടക്കയിൽ, മഹാരോഗവുമായി മല്ലിടുമ്പോൾ മരണഭയം എന്ന മനോവേദനയുടെ നിമിഷങ്ങളിൽ, ഓപ്പറേഷൻ ടേബിളിനരികിൽ, പ്രസവവേദനകൊണ്ട് പുളയുമ്പോൾ തുടങ്ങിയ ഏത് പ്രതികൂലസാഹചര്യങ്ങളിലും രോഗികളുടെ മുമ്പിൽ പുഞ്ചിരിയുമായി അവർക്ക് എത്താൻ കഴിയുന്നത് ദൈവത്തിന്റെ വരദാനം ലഭിച്ചതുകൊണ്ടാണ്. ഈ കൊറോണാക്കാലത്താണ് മനുഷ്യർ അത് കൂടുതൽ മനസ്സിലാക്കിയതും നഴ്സുമാരുടെ മഹത്വം തിരിച്ചറിഞ്ഞതും. എന്നാലോ നഴ്സുമാരുടെ സ്ഥിതി പരിതാപകരവും. അർഹിക്കുന്ന വേതനം അവർക്ക് ലഭിക്കുന്നില്ല. യൂറോപ്യൻ രാജ്യങ്ങളിൽ ജോലിഭാരവും സമയവും കുറച്ചും വേതനം കൂട്ടിയും നൽകുമ്പോൾ ഇവിടെ തുച്ഛമായ ശമ്പളമാണ് അവർക്കുള്ളത്. അതുകൊണ്ടാകാം കുട്ടികൾ നഴ്സിംഗ് കഴിഞ്ഞ് പാടേ വിദേശത്തേക്ക് പറക്കുന്നത്. ഇവിടെ ഓരോ വർഷവും മെയ് 12 ലോക നഴ്സസ് ദിനമായി ആചരിച്ച് തൃപ്തിയടയുന്നു.

നഴ്സുമാരെക്കുറിച്ച് കഴിഞ്ഞലക്കം ജീവനും വെളിച്ചവും മാസികയിൽ സിസ്റ്റർ മേഗി ഫെർണാണ്ടസ് എഴുതിയ നല്ല വാക്കുകൾക്ക് നന്ദി.

**ട്രീഷ ജേക്കബ്,** നഴ്സ്, അനന്തപുരി ഹോസ്പിറ്റൽ

## അതിരൂപതയും അൽമായരും

**ക**ഴിഞ്ഞലക്കം ജീവനും വെളിച്ചവും മാസികയിൽ പ്രസിദ്ധീകരിച്ച ഡോ. മേരി ജോൺ ജെയുടെ അതിരൂപതയും അൽമായരും എന്ന ലേഖനം തനിമയാർന്നതും വളരെ വ്യതിരിക്തവുമായ ഒന്നായിരുന്നു. അതിരൂപതയിൽ അൽമായരുടെ പങ്കും സ്ഥാനവും എന്തെന്ന് ഒന്നൊന്നായി അദ്ദേഹം എടുത്തുപറയുന്നു. ലേഖകന് അഭിനന്ദനങ്ങൾ. ഇത്തരം വിഷയങ്ങൾ ഇനിയും പ്രതീക്ഷിക്കുന്നു

സ്നേഹത്തോടെ,
**ജോണി മിരാൻഡ,** കൊച്ചുതോപ്പ്

# താളുകളിൽ


**പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല** 6
ഫ്രാൻസിസ് പാപ്പ

*കവിത* 13
**വിലാപക്കൊന്ത**
ഐറിസ്

**ഹോം മിഷന്റെ പ്രസക്തി** 14

**സമുദ്രം ഭൂമിയുടെ ഹൃദയം** 18
എം. ജോൺസൺ റോച്ച്

**മുതലപ്പൊഴിയിലെ കുറ്റവാളികളും മരിച്ചുപോയ മനുഷ്യരും** 20

**ചരിത്രപഥം** 22
രതീഷ് ഭജനമഠം

**വാർത്തകൾ** 24

**നീർച്ചാൽ** 32

**കാനോൻ ലോ** 39
ഫാ. ജോസ് ജി.

**വചനജ്വാല** 40

**നേർക്കാഴ്ച** 42











2024 മേയ് 9 ന് ഫ്രാൻസിസ് പാപ്പ പുറപ്പെടുവിച്ച 2025 ലെ സാധാരണ ജൂബിലി സ്ഥാപന ഉത്തരവിന്റെ (Bull) സംഗ്രഹം

> “ഇന്റർനെറ്റിന്റെ ഈ യുഗത്തിൽ ക്ഷമയ്ക്ക് വലിയ സ്ഥാനമില്ല. സമയവും അന്തരാളവും നിത്യമായി ‘ഇപ്പോൾ‘ എന്നതിലേക്ക് തല കുനിക്കുന്നു. ഈ നാശത്തിൽ നിന്ന് ലോകത്തെ രക്ഷിക്കുന്ന പുണ്യമാണ് ക്ഷമ.

# പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല

(Spes non Confundit)



*തയ്യാറാക്കായിത്:*
**ഫാ. മരിയ ജെബിൻ**
പ്രീഫെക്ട്, അതിരൂപത മൈനർ സെമിനാരി

സഭയുടെ പൂർവിക പാരമ്പര്യം അനുസരിച്ച് എല്ലാ 25-ാം വർഷത്തിലും പാപ്പമാർ പ്രഖ്യാപിക്കുന്നതാണ് ജൂബിലി വർഷം. ഈ മഹാപാരമ്പര്യത്താൽ ബലപ്പെടുത്തപ്പെട്ട്, ഫ്രാൻസിസ് പാപ്പാ 2025 ജൂബിലി വർഷമായി പ്രഖ്യാപിച്ചുകൊണ്ട് വിശുദ്ധ വത്സരമായ് ആഘോഷിക്കുവാൻ നമ്മെ ആഹ്വാനം ചെയ്യുന്നു. ആസന്നമാകുന്ന ഈ ജൂബിലി വർഷത്തിന്റെ കേന്ദ്ര ആശയം ‘പ്രത്യാശയാണ്’: ‘പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല, കാരണം നമുക്ക് നൽകപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്ക് ചൊരിയപ്പെട്ടിരിക്കുന്നു’ (റോമാ 5:5).

2025-ലെ വിശുദ്ധവത്സരം നേരത്തെ നടന്ന കൃപയുടെ ആഘോഷങ്ങളുടെ തുടർച്ചയാണ്. കഴിഞ്ഞ സാധാരണ ജൂബിലിയിൽ നാം ക്രിസ്തുവിന്റെ ജനനത്തിന്റെ രണ്ടാം സഹസ്രാബ്ദത്തിന്റെ പൂമുഖവാതിൽ കടന്നു. 2015 മാർച്ച് 13ന് എല്ലാ സ്ഥലത്തും ഉള്ള സ്ത്രീപുരുഷന്മാരെ സുവി

ശേഷത്തിന്റെ കേന്ദ്രസന്ദേശമായ 'ദൈവത്തിന്റെ കരുണാർദ്രമായ മുഖം' കണ്ടുമുട്ടുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഫ്രാൻസിസ് പാപ്പ ഒരു അസാധാരണ ജൂബിലി പ്രഖ്യാപിച്ചു. ഇപ്പോൾ വീണ്ടും ഒരു പുതിയ ജൂബിലി എത്തുന്നു. ഹൃദയങ്ങളിൽ ക്രിസ്തുവിലുള്ള രക്ഷയുടെ ഉറച്ച പ്രത്യാശ ഉണർത്തുന്ന, ദൈവസ്നേഹത്തിന്റെ തീക്ഷ്ണമായ അനുഭവത്തിനായി എല്ലാവരെയും ക്ഷണിച്ചുകൊണ്ട് വിശുദ്ധ വാതിൽ വീണ്ടും മലർക്കെ തുറക്കപ്പെടുന്നു. ഈ വിശുദ്ധവത്സരം നമ്മുടെ കാലടികളെ, ക്രൈസ്തവരുടെ എല്ലാം അടിസ്ഥാന ആഘോഷമായ കർത്താവിന്റെ പീഡാനുഭവത്താലും മരണത്താലും ഉത്ഥാനത്താലും നേടിയ വീണ്ടെടുപ്പിന്റെ രണ്ടായിരം വാർഷികമായ 2033 ലേക്ക് നയിക്കുന്നു.

നൈരാശ്യത്തിന്റെ സംസ്കാരമുള്ള ഈ ലോകത്ത് പ്രത്യാശയുടെ ഗായകരായി മാറാനുള്ള ആഹ്വാനമാണ് ഈ ജൂബിലി വർഷം. നമ്മുടെ പ്രത്യാശയുടെ അടിസ്ഥാനവും നമ്മുടെ വിശ്വാസത്തിന്റെ കാതലും യേശുവിന്റെ മരണവും ഉത്ഥാനവുമാണ്. പൗലോസ് അപ്പോസ്തലൻ ഇത് നാല് ക്രിയകളിൽ ചുരുക്കിപ്പറയുന്നുണ്ട്: 'എനിക്ക് ലഭിച്ചത് സർവ്വപ്രധാനമായി കരുതി ഞാൻ നിങ്ങൾക്ക് ഏൽപ്പിച്ചുതന്നു. വിശുദ്ധ ലിഖിതങ്ങളിൽ പറഞ്ഞിട്ടുള്ളതുപോലെ, ക്രിസ്തു നമ്മുടെ പാപങ്ങൾക്ക് വേണ്ടി മരിക്കുകയും സംസ്കരിക്കപ്പെടുകയും എഴുതപ്പെട്ടിരുന്നതുപോലെ മൂന്നാം നാൾ ഉയർപ്പിക്കപ്പെടുകയും ചെയ്തു. അവൻ കേപ്പായ്ക്കും പിന്നീട് 12 പേർക്കും പ്രത്യക്ഷനായി' (1കൊറി. 15:35); ക്രിസ്തു മരിച്ചു, സംസ്കരിക്കപ്പെട്ടു, ഉയർപ്പിക്കപ്പെട്ടു, പ്രത്യക്ഷനായി. ക്രൈസ്തവ പ്രത്യാശ കൃത്യമായും ഇതിൽ ഉള്ളടങ്ങിയിരിക്കുന്നു: അതായത്, മരണത്തെ നേരിടുമ്പോൾ, എല്ലാറ്റിന്റെയും അന്ത്യമായി എന്ന തോന്നലുണ്ടാകുമ്പോൾ, ജ്ഞാനസ്നാനത്തിലൂടെ നമുക്ക് ലഭിച്ചിരിക്കുന്ന ക്രിസ്തുവിന്റെ കൃപയാൽ ഈ നിശ്ചയം നമുക്ക് ഉണ്ടാവുകയാണ്, ജീവിതം മാറുകയാണ് അവസാനിക്കുകയല്ല. ജ്ഞാനസ്നാനത്തിലൂടെ നാം ക്രിസ്തുവിനോടുകൂടെ സംസ്കരിക്കപ്പെട്ടിരിക്കുന്നു. മരണത്തിന്റെ ഭിത്തികളെ തകർക്കുന്ന പുതുജീവൻ എന്ന ദാനം, നിത്യതയിലേക്കുള്ള കവാടമായി, അവിടുത്തെ ഉത്ഥാനത്തിലൂടെ നമുക്ക് ലഭിച്ചിരിക്കുന്നു.

## പ്രത്യാശയുടെ അടയാളങ്ങൾ

1. ലോകസമാധാനത്തിനായുള്ള ദാഹമാണ് പ്രത്യാശയുടെ ഒന്നാമത്തെ അടയാളം. അത് ഒരിക്കൽ കൂടി യുദ്ധം എന്ന ദുരന്തത്തിൽ മുങ്ങിയിരിക്കുന്നു. കഴിഞ്ഞകാലത്തെ ഭീകരാനുഭവങ്ങളെ വകവയ്ക്കാതെ മനുഷ്യകുലം മറ്റൊരു അഗ്നിപരീക്ഷ നേരിടുകയാണ്. സമാധാനം സ്ഥാപിക്കുന്നവർ ദൈവപുത്രരെന്ന് വിളിക്കപ്പെടുമെന്ന് (മത്തായി 5:9) ജൂബിലി നമ്മെ ഓർമിപ്പിക്കട്ടെ. സമാധാനത്തിനുള്ള ആവശ്യം നമ്മെ എല്ലാവരെയും വെല്ലുവിളിക്കുന്നു, ഫലപ്രദമായ നടപടികൾ എടുക്കണം എന്ന് ആവശ്യപ്പെടുകയും ചെയ്യുന്നു. ശാശ്വതമായ സമാധാനത്തിനു വേണ്ടിയുള്ള ചർച്ചകൾ ഏറ്റെടുക്കുന്നതിനുള്ള എല്ലാ സാധ്യതകളും ശാന്തതയോടെയും ധീരതയോടെയും സർഗാത്മകതയോടെയും അന്വേഷിക്കുന്നതിനുള്ള പ്രതിബദ്ധതയാൽ നയതന്ത്രം വിശ്രമരഹിതമാകട്ടെ.

2. ഭാവിയെ പ്രത്യാശയോടെ നോക്കുക എന്നാൽ ജീവിക്കുന്നതിന് ആവേശവും അത് പങ്കുവയ്ക്കുന്നതിന് സന്നദ്ധതയും ഉണ്ടാവുക എന്നുകൂടിയാണ്. പല അവസരങ്ങളിലും ഇത് കാണാനില്ല. ഇതിന്റെ ഒന്നാമത്തെ ഫലം ജീവൻ പകർന്നു നൽകുന്നതിനുള്ള ആഗ്രഹം ഇല്ലാതാകുന്നു എന്നതാണ്. ഇന്നത്തെ സംഭ്രമജനകമായ ഗതിവേഗത്തിൽ ഭാവിയെക്കുറിച്ചുള്ള ഭീതിമൂലവും തൊഴിൽ സുരക്ഷയുടെയും മതിയായ സാമൂഹിക സുരക്ഷാ നയങ്ങളുടെയും അഭാവംമൂലവും ബന്ധങ്ങളെക്കുറിച്ചുള്ള ജാഗ്രതയ്ക്കപ്പുറം ലാഭത്തിനുള്ള ദാഹം നിർണയിക്കുന്ന അജണ്ടകൾ ഉണ്ടാക്കുന്ന സാമൂഹിക മാതൃകകൾ മൂലവും നിരവധി രാജ്യങ്ങളിൽ ജനനനിരക്കിൽ ഭയാനകമായ പതനം ഉണ്ടായിരിക്കുന്നു. പുതുജീവനിലേക്കുള്ള തുറവിയും ഉത്തരവാദിത്വമുള്ള രക്ഷാകർതൃത്വവും സ്ത്രീപുരുഷന്മാരുടെ ഹൃദയങ്ങളിലും ശരീരത്തിലും സ്രഷ്ടാവ് വിന്യസിപ്പിച്ച രൂപകൽപ്പനയാണ്. അതിന്റെ എല്ലാ ഘടകങ്ങളിലുമുള്ള, വിശ്വാസി സമൂഹത്തിന്റെയും സിവിൽ സമൂഹത്തിന്റെയും ദൃഢമായ പിന്തുണയോടുകൂടി ഉത്തരവാദിത്വപൂർണ്ണമായ നിയമനിർമ്മാണം നടത്തേണ്ടത് ഭരണകൂടത്തിന്റെ കടമയാണ്. എല്ലാ സമൂഹങ്ങളുടെയും ഭാവിയെ ഉറപ്പാക്കും വിധം അവരുടെ സ്നേഹസാഫല്യത്തിന്റെ അടയാളമായി പുതിയ തലമുറയ്ക്ക് ജന്മം നൽകണമെന്ന അഭിലാഷം യുവജനങ്ങളിൽ വളരണം. ലോകത്തിന്റെ



**ജീവിതത്തിൽ അവശ്യവസ്തുക്കൾ മിക്കപ്പോഴും ലഭ്യമാക്കാത്ത കോടാനുകോടി ദരിദ്രർക്ക് പ്രത്യാശ പ്രദാനം ചെയ്യാൻ പാപ്പ അഭ്യർത്ഥിക്കുന്നു. ഓരോ ദിവസവും നാം ദരിദ്രരെ അഥവാ നിർധനാവസ്ഥയിലേക്ക് പോയവരെ കണ്ടുമുട്ടുന്നു. നമ്മുടെ അയൽപക്കത്തു തന്നെ അവർ ഉണ്ടാകും. മിക്കപ്പോഴും അവർ ഭവനരഹിതരോ വേണ്ടത്ര ഭക്ഷണം ഇല്ലാത്തവരോ ആണ്.**

അനവധി ഭാഗങ്ങളിൽ ശൂന്യമായി കിടക്കുന്ന തൊട്ടിലുകൾ നവജാതശിശുക്കളുടെയും കുഞ്ഞുങ്ങളുടെയും ചിരികൊണ്ട് നിറയുന്ന ഒരു ഭാവിക്കു വേണ്ടി പ്രവർത്തിക്കാൻ കഴിയുന്നതുമാകണം.

3. സ്വാതന്ത്ര്യം ഹനിക്കപ്പെട്ട, തടവിന്റെ കാഠിന്യവും നിയന്ത്രണങ്ങളും സ്നേഹ നിരാസവും, ചിലപ്പോൾ അതിലേറെ സ്വന്തം വ്യക്തിത്വത്തിന് നേരെയുള്ള അനാദരവും അനുഭവിക്കേണ്ടിവരുന്ന തടവുകാർക്ക് പ്രത്യാശയുടെ സ്പഷ്ടമായ അടയാളങ്ങൾ നൽകുവാനായി നാം വിശുദ്ധ വർഷത്തിൽ വിളിക്കപ്പെട്ടിരിക്കുന്നു. പ്രത്യാശ വീണ്ടെടുക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ടുള്ള ഉദ്യമങ്ങൾ ഭരണകൂടങ്ങൾ ഏറ്റെടുക്കണമെന്ന് പാപ്പ നിർദ്ദേശിക്കുന്നു: തടവുകാർക്ക് തങ്ങളിൽതന്നെയും സമൂഹത്തിലും ആത്മവിശ്വാസം വീണ്ടെടുക്കാൻ സഹായിക്കുംവിധം പൊതുമാപ്പോ, വിട്ടയക്കുന്ന മറ്റു രീതികളോ പരിഗണിക്കപ്പെടണം. അതുപോലെ നിയമത്തെ ആദരിക്കും വിധം സുദൃഢമായ പ്രതിബദ്ധതയോടെ അവരെ സമൂഹത്തിലേക്ക് വീണ്ടും ഉൾക്കൊള്ളാനുതകുന്ന പദ്ധതികളുമുണ്ടാകണം. അവരുടെ മനുഷ്യാവകാശങ്ങൾ ആദരിക്കപ്പെടണമെന്നും എല്ലാറ്റിനും ഉപരി വധശിക്ഷ റദ്ദാക്കണമെന്നും, തടവറകളിൽ സാധിക്കുമെങ്കിൽ വിശുദ്ധ കവാടം തുറക്കണമെന്നും പാപ്പ ആവശ്യപ്പെടുന്നു.

4. ഭവനത്തിലോ ആശുപത്രികളിലോ കഴിയുന്ന രോഗികളോട് പ്രത്യാശയുടെ അടയാളങ്ങൾ കാണിക്കേണ്ടതുണ്ട്. അവരെ സന്ദർശിക്കുന്നവരുടെ സാമിപ്യവും സ്നേഹവും വഴി അവരുടെ യാതന ലഘൂകരിക്കാനാകും. പ്രത്യേക സാഹചര്യങ്ങളിലുള്ളവരും സ്വന്തം ദൗർബല്യങ്ങളും പരിമിതികളും അനുഭവിക്കുന്നവരും വ്യക്തിപരമായ സ്വാതന്ത്ര്യവും അധികാരവും അങ്ങേയറ്റം പരിമിതമാക്കപ്പെട്ടവരുമായ ഭിന്നശേഷിക്കാർക്ക് സ്വീകാര്യതയുടെ സാമീപ്യം ഈ അവസരത്തിൽ നൽകേണ്ടതാണ്.

5. പ്രത്യാശയുടെ സ്വരൂപമായ, യുവജനങ്ങളിൽ അതിന്റെ അടയാളങ്ങൾ അത്യാവശ്യമാണ്. അനിശ്ചിതവും വാഗ്ദത്തരഹിതവുമായ ഭാവി നേരിടുന്നത്, സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം തൊഴിലോ തൊഴിൽ സുരക്ഷയോ ലഭിക്കാതെ യഥാർത്ഥ ഭാവിസാധ്യതകൾ കാണാതിരിക്കുന്നത് ദുഃഖകരമാണ്. തങ്ങളുടെ സ്വപ്നങ്ങൾ സഫലമാകാതിരിക്കുമ്പോൾ പ്രത്യാശയില്ലാത്തതിനാൽ അവർ തീർച്ചയായും നിരാശരും എണ്ണപ്പെടാത്തവരുമാകും. മയക്കുമരുന്നുകളുടെയും നൈമിഷികമായ ഇതര ആനന്ദങ്ങളുടെയും പിന്നിലേക്ക് അവർ രക്ഷപ്പെടുമ്പോൾ അവരുടെ ജീവിതത്തിന്റെ സൗന്ദര്യവും ധന്യതയും മൂടപ്പെടുന്നു. അത് മനോമാന്ദ്യത്തിലേക്കും വിനാശകരമായ മറ്റു പ്രവർത്തനങ്ങളിലേക്കും അവരെ നയിക്കും. ഇക്കാരണത്താൽ അവരിൽ എത്തിപ്പെടാനുള്ള കൂടുതൽ പരിശ്രമങ്ങൾക്ക് ജൂബിലി, സഭയെ പ്രചോദിപ്പിക്കട്ടെ.

6. തങ്ങളുടെയും കുടുംബങ്ങളുടെയും മെച്ചപ്പെട്ട ജീവിതത്തിനുവേണ്ടി ജന്മനാട് വിട്ടുപോകുന്ന കുടിയേറ്റക്കാരിലും പ്രത്യാശയുടെ അടയാളം കാണപ്പെടണം. യുദ്ധം, അക്രമം, വിവേചനം എന്നിവയിൽ നിന്നും ഒഴിവാകാൻ, അന്താരാഷ്ട്ര സമ്മർദ്ദങ്ങളാൽ കുടിയേറേണ്ടിവരുന്ന, പുറന്തള്ളൽ അഭയാർത്ഥിത്വം എന്നിവയ്ക്ക് വിധേയരാകുന്നവർക്ക് സുരക്ഷയും തൊഴിലിനും വിദ്യാഭ്യാസത്തിനുമുള്ള അവസരവും പുതിയ സാമൂഹിക അന്തരീക്ഷത്തിൽ സ്വന്തം ഇടം കണ്ടെത്താനുള്ള മാർഗ്ഗങ്ങളും ഉറപ്പാക്കണം.

7. എപ്പോഴും ഏകാന്തതയും തിരസ്കരണവും അനുഭവിക്കുന്ന വയോധികരും പ്രത്യാശയുടെ അടയാളങ്ങൾക്ക് അവകാശികളാണ്.

8. ജീവിതത്തിൽ അവശ്യവസ്തുക്കൾ മിക്കപ്പോഴും ലഭ്യമാകാത്ത കോടാനുകോടി ദരിദ്രർക്ക് പ്രത്യാശ പ്രദാനം ചെയ്യാൻ പാപ്പ അഭ്യർത്ഥിക്കുന്നു. ഓരോ ദിവസവും നാം ദരിദ്രരെ അഥവാ നിർധനാവസ്ഥയിലേ

ക്ക് പോയവരെ കണ്ടുമുട്ടുന്നു. നമ്മുടെ അയൽപക്കത്തു തന്നെ അവർ ഉണ്ടാകും. മിക്കപ്പോഴും അവർ ഭവനരഹിതരോ വേണ്ടത്ര ഭക്ഷണം ഇല്ലാത്തവരോ ആണ്. വളരെയധികം വിഭവങ്ങൾ കൈവശമുള്ള ഒരു ലോകത്ത്, ആയുധോല്പാദനത്തിന് വളരെയേറെ ചെലവഴിക്കാൻ തയ്യാറാകുമ്പോൾ 'ഭൂഗോളത്തിലെ ജനസംഖ്യയിൽ ഭൂരിപക്ഷം, കോടാനുകോടി മനുഷ്യർ ദരിദ്രരായി തുടരുന്നു.' ഇവരുടെയെല്ലാം വിശപ്പകറ്റുന്ന അവസരമായി മാറട്ടെ ഈ ജൂബിലി വർഷം.

പരിശുദ്ധ പിതാവ് ഈ ബുൾ അവസാനിപ്പിക്കുന്നത് പ്രത്യാശയുടെ പരമോന്നത സാക്ഷ്യമായ ദൈവമാതാവിനെ ഉദ്ധരിച്ചുകൊണ്ടാണ്. എല്ലാ അമ്മമാരെയുംപോലെ, തന്റെ പുത്രനെ നോക്കിയപ്പോഴെല്ലാം മാതാവും അവന്റെ ഭാവിയെക്കുറിച്ച് ചിന്തിച്ചിട്ടുണ്ട്. കുരിശിൻചുവട്ടിൽ തന്റെ കളങ്കമില്ലാത്ത പുത്രനായ യേശുവിന്റെ പീഡാസഹനത്തിനും മരണത്തിനും അവൾ സാക്ഷിനിന്നു. ദുഃഖത്താൽ നിറഞ്ഞവളെങ്കിലും അവൾ ഒരിക്കലും ദൈവത്തിലുള്ള ആശ്രയവും പ്രത്യാശയും ഉപേക്ഷിച്ചില്ല. പരിശുദ്ധ കന്യകാമറിയത്തെ 'സ്റ്റെല്ലാമാരിസ്' എന്ന് ഭക്തജനങ്ങൾ നിരന്തരം വാഴ്ത്തുന്നത് യാദൃശ്ചികമായല്ല. ജീവിതത്തിന്റെ കൊടുങ്കാറ്റുകളിൽ നമ്മെ സഹായിക്കാൻ, പ്രത്യാശയിലും വിശ്വാസത്തിലും പരിപാലിച്ചുകൊണ്ട് പ്രോത്സാഹിപ്പിക്കാൻ ദൈവമാതാവ് എത്തുമെന്ന് ഉറച്ച പ്രതീക്ഷയാണ് ഈ പദവി നൽകുന്നതിന് പിന്നിലുള്ളത്.




പ്രാദേശിക സഭയായ നമ്മുടെ അതിരൂപതയെ സംബന്ധിച്ചിടത്തോളം ഇതൊരു സുവർണ അവസരമാണ്. പലവിധ കാരണങ്ങളാൽ നമ്മിൽ നിന്നും നഷ്ടപ്പെട്ടുപോയ പ്രത്യാശ വീണ്ടെടുക്കാനും അതിലൂടെ വിശ്വാസ ജീവിതത്തിൽ ശക്തിപ്പെടുവാനുമുള്ള അവസരം. ഭാവിയെ ആശങ്കയോടും ഭയത്തോടും കൂടി നോക്കി കാണുന്ന സമൂഹങ്ങളിൽ ഒന്നാണ് നമ്മുടേത്. പലരുടെയും സ്വാർത്ഥതയ്ക്കും നിക്ഷിപ്തതാല്പര്യങ്ങൾക്കും മുമ്പിൽ നിസഹായരായി നിൽക്കേണ്ടിവരുന്ന അവസ്ഥയാണ് നമുക്കിന്ന്. വിശ്വാസത്തിൽ നിന്ന് വ്യതിചലിച്ച് ദൈവത്തിൽനിന്ന് അകലുമ്പോൾ സ്വാഭാവികമായും ഉണ്ടാകുന്ന തിന്മയുടെ വളർച്ച... പ്രാർത്ഥനയില്ലാത്ത ഭവനങ്ങൾ... കെട്ടുറപ്പില്ലാത്ത കുടുംബബന്ധങ്ങൾ... മൂല്യങ്ങൾ നഷ്ടപ്പെട്ടുപോയ ജീവിതങ്ങൾ അനീതി അക്രമങ്ങൾ... എന്നിവയെല്ലാം ഓർമപ്പെടുത്തുന്നത് ഇന്ന് നമ്മുടെ ജീവിതം ഉറകെട്ടുപോയ ഉപ്പ് പോലെയാണ്. ഉപ്പിന് ഉറകൂട്ടുവാനുള്ള സമയമാണ് പ്രായശ്ചിത്ത കൂദാശ. കർത്താവുമായി രമ്യതപ്പെടാൻ നാം അനുവദിക്കുന്നതിനേക്കാൾ അവിടത്തെ അറിയാൻ വേറെ മികച്ച മാർഗമില്ല. സമാധാനം സ്ഥാപിക്കാൻ സാധ്യമായ രീതിയിലൊക്കെ നമുക്ക് സഹകരിക്കാം. ദുരിതങ്ങൾ അനുഭവിക്കുന്നവരോടും ദരിദ്രരോടും രോഗികളോടും കുടിയേറ്റക്കാരോടും വയോധികരോടും ക്രിസ്തുവിന്റെ മനോഭാവത്തോടെ കടന്നുചെല്ലാം. ജീവിതത്തിന്റെ പ്രക്ഷുബ്ധമായ അവസരങ്ങളിലും സ്ഥിരതയും സുരക്ഷയും നൽകുന്ന നമ്മുടെ കർത്താവായ യേശു ക്രിസ്തുവാണ് നമ്മുടെ പ്രത്യാശ. ആ കർത്താവിനെ വ്യക്തിപരമായി കണ്ടുമുട്ടാനുള്ള അവസരമാകട്ടെ ഈ ജൂബിലി വർഷം എന്ന് പ്രാർഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു. ■




# ദേശീയവിദ്യാഭ്യാസ നയം 2020 ഒരു അവലോകനം



**ബെർണാഡ് മൊറൈസ്**
അധ്യാപകൻ, സെന്റ് ജോസഫ് എച്ച്എസ്എസ്

**ആമുഖം**

കേന്ദ്ര മന്ത്രിസഭ 2020 ജൂലൈ 29 ന് അംഗീകരിച്ച പുതിയ വിദ്യാഭ്യാസനയമാണ് ഇന്ത്യയുടെ ദേശീയ വിദ്യാഭ്യാസ നയം 2020 (എൻഇപി 2020) എന്ന് അറിയപ്പെടുന്നത്. 1986 ലെ ദേശീയ വിദ്യാഭ്യാസ നയത്തെ പരിഷ്കരിച്ചുകൊണ്ടാണ് പുതിയ നയം പുറപ്പെടുവിക്കുന്നത്. 2014 ലെ ലോക്സഭാ തെരഞ്ഞെടുപ്പിനുള്ള ഭാരതീയ ജനതാപാർട്ടിയുടെ പ്രകടനപത്രികയിൽ ഒരു പുതിയ വിദ്യാഭ്യാസനയം രൂപീകരിക്കുമെന്നു പറഞ്ഞിരുന്നു. മുൻ കാബിനറ്റ് സെക്രട്ടറി ടി എസ് ആർ സുബ്രഹ്മണ്യന്റെ നേതൃത്വത്തിലുള്ള ഒരു കമ്മിറ്റി 2015 ജനുവരിയിൽ പുതിയ വിദ്യാഭ്യാസ നയത്തിനായി കൂടിയാലോചനകൾ ആരംഭിച്ചു. കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, മുൻ ഇന്ത്യൻ ബഹിരാകാശ ഗവേഷണ സംഘടന (ISRO) മേധാവി കൃഷ്ണസ്വാമി കസ്തൂരിരംഗന്റെ നേതൃത്വത്തിലുള്ള പാനൽ 2019 ജൂണിൽ എൻ ഇ പി യുടെ കരട് പത്രിക സമർപ്പിച്ചു. കരട് വിദ്യാഭ്യാസനയം 2019, പിന്നീട് മാനവ വിഭവശേഷി മന്ത്രാലയം എൻ ഇ പി 2020 (NEP 2020) എന്ന പേരിൽ പുറത്തിറക്കി. 2020 ജൂലായ് 29ന് പുതിയ ദേശീയ വിദ്യാഭ്യാസ നയം (NEP) അവതരിപ്പിച്ചുകൊണ്ട് സ്കൂൾ, ഉന്നത വിദ്യാഭ്യാസ സമ്പ്രദായത്തിൽ പരിവർത്തനാത്മക പരിഷ്കരണത്തിന് കേന്ദ്ര കാബിനറ്റ് വഴിയൊരുക്കി. അവർ MHRD (Ministry of Human Recourses Development) യെ വിദ്യാഭ്യാസ മന്ത്രാലയം (Ministry of Education) എന്ന് പുനർനാമകരണം ചെയ്യുകയും ചെയ്തു.

### നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രധാന മാറ്റങ്ങളും കൈവരിക്കാൻ ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങളും

‘10 + 12’ ഘടനയെ ‘5 + 3 + 3 + 4’ എന്ന 12 വർഷത്തെ സ്കൂളും മൂന്ന് അംഗൻവാഡിയും (പ്രീസ്കൂൾ) ഘടനയിലേക്ക് മാറ്റുന്നു. അടിസ്ഥാന ഘട്ടം (മൂന്ന് മുതൽ എട്ട് വയസ്സ് വരെ), മൂന്ന് വർ

ഷം പ്രീപ്രൈമറി (11 വയസ്സ് വരെ), ഒരു തയ്യാറെടുപ്പ് ഘട്ടം (11 മുതൽ 14 വരെ), സെക്കന്ററി ഘട്ടം (14 മുതൽ 18 വരെ) എന്നിങ്ങനെയാണ് ഈ വിഭജനം. ഈ പരിഷ്കരിച്ച ഘടന, ഇതുവരെ പ്രത്യേക ശ്രദ്ധകിട്ടാത്ത മൂന്ന് മുതൽ ആറ് വയസ്സ് വരെ പ്രായമുള്ള കുട്ടികളുടെ മാനസികവികാസം സ്കൂൾ പാഠ്യപദ്ധതിക്കുള്ളിൽ കൊണ്ടുവരും.

എല്ലാ അധ്യയന വർഷത്തിലും പരീക്ഷകൾ നടത്തുന്നതിനുപകരം, സ്കൂൾ വിദ്യാർത്ഥികൾ മൂന്നിൽ പരീക്ഷകൾ മാത്രമേ എഴുതുകയുള്ളൂ; 3, 5, 8 ക്ലാസുകളിൽ. മറ്റ് വർഷങ്ങളിലേത് നിരന്തര മൂല്യനിർണയശൈലിയിലേക്ക് മാറും, അത് കൂടുതൽ 'യോഗ്യത അടിസ്ഥാനമാക്കിയുള്ളതും പഠനത്തെയും വികസനത്തെയും പ്രോത്സാഹിപ്പിക്കുകയും വിശകലനം, വിമർശനാത്മക ചിന്ത, ആശയപരമായ വ്യക്തത എന്നിവ പോലുള്ള ഉയർന്നതരം കഴിവുകൾ പരീക്ഷിക്കുകയും ചെയ്യുന്നു".

10, 12 ക്ലാസുകളിൽ ബോർഡ് പരീക്ഷകൾ നടക്കുമെങ്കിലും 'സമഗ്ര വികസനം ലക്ഷ്യമാക്കി' പുനർ രൂപകൽപ്പന ചെയ്യും. ഇതിനുള്ള മാനദണ്ഡങ്ങൾ Performance Assessment, Review, and Analysis of Knowledge for Holistic Development എന്നിവയുടെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തും.

ഈ നയം വിദ്യാർത്ഥികളുടെ കരിക്കുലം ഭാരം കുറയ്ക്കുന്നതിനും അതിനെ കുടുതൽ ഇന്റർഡിസിപ്ലിനറിയും, ബഹുഭാഷാ കഴിവുകളിൽ ഊന്നിയതുമാവാൻ ലക്ഷ്യമിടുന്നു. കലയും ശാസ്ത്രവും, പാഠ്യ, പാഠ്യേതര പ്രവർത്തനങ്ങൾ, തൊഴിൽ, അക്കാദമിക് സ്ട്രീം എന്നിവ തമ്മിൽ കർശനമായ വേർതിരിവ് ഉണ്ടാകില്ല.

ഐഐടികൾ പോലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ 2040 ഓടെ ആർട്സ് ആൻഡ് ഹ്യൂമാനിറ്റീസ് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ശാസ്ത്രവും, തിരിച്ചും പഠിക്കാൻ കഴിയും.

വിദ്യാർത്ഥികൾക്ക് കൂടുതൽ തിരഞ്ഞെടുപ്പിനുള്ള സ്വാതന്ത്ര്യം നൽകുന്നതിനായി ഒന്നിലധികം എക്സിറ്റ് ഓപ്ഷനുകളുള്ള 4 വർഷത്തെ ബിരുദ പ്രോഗ്രാം നിർദ്ദേശിക്കുന്നു. നാല് വർഷത്തെ പഠനം പൂർത്തിയാക്കിയാൽ മൾട്ടി ഡിസിപ്ലിനറി ബാച്ചിലേഴ്സ് ബിരുദ സർട്ടിഫിക്കറ്റ് നൽകും. രണ്ട് വർഷത്തിന് ശേഷം പുറത്തുകടക്കുന്ന വിദ്യാർത്ഥികൾ ഡിപ്ലോമയും ഒരു വർഷത്തിന് ശേഷം ഒരു വൊക്കേഷണൽ / പ്രൊഫഷണൽ കോഴ്സും പഠിക്കും. എംഫിൽ (മാസ്റ്റേഴ്സ് ഓഫ് ഫിലോസഫി) കോഴ്സുകൾ നിർത്തലാക്കും.

ഉന്നത വിദ്യാഭ്യാസം നിയന്ത്രിക്കുന്നതിനായി ഒരു ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഓഫ് ഇന്ത്യ (H-E-C-I) രൂപീകരിക്കും. മൊത്തം എൻറോൾമെന്റ് അനുപാതം വർദ്ധിപ്പിക്കുക എന്നതാണ് കൗൺസിലിന്റെ ലക്ഷ്യം.

എച്ച്ഇസിഐക്ക് നാല് സ്വതന്ത്ര വിഭാഗങ്ങൾ ഉണ്ടാകും; നിയന്ത്രണത്തിനായുള്ള ദേശീയ ഉന്നത വിദ്യാഭ്യാസ റെഗുലേറ്ററി കൗൺസിൽ, മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനുള്ള പൊതുവിദ്യാഭ്യാസ കൗൺസിൽ, ധനസഹായത്തിനുള്ള ഉന്നത വിദ്യാഭ്യാസ ഗ്രാന്റ് കൗൺസിൽ, അക്രഡിറ്റേഷന് ദേശീയ അക്രഡിറ്റേഷൻ കൗൺസിൽ.

## ദേശീയ വിദ്യാഭ്യാസ നയം 2020 ന്റെ പ്രയോജനങ്ങൾ


**സമഗ്ര വിദ്യാഭ്യാസം :**

ദേശീയ വിദ്യാഭ്യാസ നയം 2020 ന്റെ പ്രധാന നേട്ടങ്ങളിലൊന്ന് സമഗ്ര വിദ്യാഭ്യാസത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു എന്നതാണ്. വിദ്യാർത്ഥികൾക്കിടയിൽ വിമർശനാത്മക ചിന്ത, സർഗ്ഗാത്മകത, പ്രശ്നപരിഹാരം, ജീവിത നൈപുണ്യങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് ഇത് ലക്ഷ്യമിടുന്നു. നയം അനുഭവവേദ്യമായ പഠനത്തിന് ഊന്നൽ നൽകുകയും വ്യക്തിഗത വിദ്യാർത്ഥികളുടെ ആവശ്യങ്ങൾക്ക് അനുയോജ്യമാക്കാൻ കഴിയുന്ന ഒരു വഴക്കമുള്ള പാഠ്യപദ്ധതി ഉറപ്പുവരുത്തുകയും ചെയ്യുന്നു.

**ബഹുഭാഷാനയം:**

ബഹുഭാഷയുടെ പ്രാധാന്യം തിരിച്ചറിയുകയും സ്കൂളുകളിൽ പ്രാ

**വിഷയങ്ങളും കോഴ്സുകളും തിരഞ്ഞെടുക്കുന്ന കാര്യത്തിൽ പോളിസി കൂടുതൽ വഴക്കം നൽകുന്നു, ഇത് വിദ്യാർത്ഥികളെ അവരുടെ താൽപ്പര്യങ്ങളും അഭിനിവേശങ്ങളും പിന്തുടരാൻ അനുവദിക്കുന്നു. വിദ്യാർത്ഥികൾക്ക് വിവിധ സ്ട്രീമുകളിൽ നിന്നുള്ള വിഷയങ്ങൾ പഠിക്കാൻ കഴിയുന്ന ഒരു മൾട്ടി ഡിസിപ്ലിനറി സമീപനവും ഇത് അനുവദിക്കുന്നു.**



**ദേശീയ വിദ്യാഭ്യാസ നയം 2020 ന്റെ പ്രധാന നേട്ടങ്ങളിലൊന്ന് സമഗ്ര വിദ്യാഭ്യാസത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു എന്നതാണ്. വിദ്യാർത്ഥികൾക്കിടയിൽ വിമർശനാത്മക ചിന്ത, സർഗ്ഗാത്മകത, പ്രശ്നപരിഹാരം, ജീവിത നൈപുണ്യങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് ഇത് ലക്ഷ്യമിടുന്നു. നയം അനുഭവവേദ്യമായ പഠനത്തിന് ഊന്നൽ നൽകുകയും വ്യക്തിഗത വിദ്യാർത്ഥികളുടെ ആവശ്യങ്ങൾക്ക് അനുയോജ്യമാക്കാൻ കഴിയുന്ന ഒരു വഴക്കമുള്ള പാഠ്യപദ്ധതി ഉറപ്പുവരുത്തുകയും ചെയ്യുന്നു.**

ദേശിക ഭാഷകൾ പഠിപ്പിക്കുകയും ചെയ്യുന്നു. ഭാഷാപഠനം സുഗമമാക്കുന്നതിന് സാങ്കേതികവിദ്യയുടെ ഉപയോഗത്തെയും ഇത് പ്രോത്സാഹിപ്പിക്കുന്നു.

**നൈപുണ്യ വികസനം :**

നൈപുണ്യ വികസനത്തിന്റെയും തൊഴിൽ പരിശീലനത്തിന്റെയും ആവശ്യകത നയം ഊന്നിപ്പറയുന്നു. നൈപുണ്യവും തൊഴിൽ സാധ്യതയുമുള്ള, മാറിക്കൊണ്ടിരിക്കുന്ന സമ്പദ്‌വ്യവസ്ഥയുടെ ആവശ്യങ്ങൾ നിറവേറ്റാൻ കഴിവുള്ള ഒരു തൊഴിൽ ശക്തിയെ സൃഷ്ടിക്കുകയാണ് ഇത് ലക്ഷ്യമിടുന്നത്.

**വഴക്കം (Flexibilitiy) :**

വിഷയങ്ങളും കോഴ്സുകളും തിരഞ്ഞെടുക്കുന്ന കാര്യത്തിൽ പോളിസി കൂടുതൽ വഴക്കം നൽകുന്നു, ഇത് വിദ്യാർത്ഥികളെ അവരുടെ താൽപ്പര്യങ്ങളും അഭിനിവേശങ്ങളും പിന്തുടരാൻ അനുവദിക്കുന്നു. വിദ്യാർത്ഥികൾക്ക് വിവിധ സ്ട്രീമുകളിൽ നിന്നുള്ള വിഷയങ്ങൾ പഠിക്കാൻ കഴിയുന്ന ഒരു മൾട്ടി ഡിസിപ്ലിനറി സമീപനവും ഇത് അനുവദിക്കുന്നു.

സാങ്കേതിക സംയോജനം : വിദ്യാഭ്യാസത്തിൽ സാങ്കേതികവിദ്യയുടെ പ്രാധാന്യം ഈ നയം തിരിച്ചറിയുകയും അധ്യാപനപഠന പ്രക്രിയയിൽ അതിനെ സമന്വയിപ്പിക്കുകയും ചെയ്യുന്നു. പഠന ഫലങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഡിജിറ്റൽ ഉപകരണങ്ങളുടെയും ഉറവിടങ്ങളുടെയും ഉപയോഗം ഇത് പ്രോത്സാഹിപ്പിക്കുന്നു

## ദേശീയ വിദ്യാഭ്യാസ നയം 2020 ന്റെ ദോഷങ്ങൾ

**നടപ്പാക്കൽ വെല്ലുവിളികൾ :**

ദേശീയ വിദ്യാഭ്യാസ നയം 2020 വിദ്യാഭ്യാസ സമ്പ്രദായത്തിൽ കാര്യമായ മാറ്റങ്ങൾ ആവശ്യമായ ഒരു സമഗ്ര നയമാണ്. ഈ നയം നടപ്പിലാക്കുന്നത് പങ്കാളികളിൽ നിന്നുള്ള പ്രതിരോധം, അപര്യാപ്തമായ അടിസ്ഥാന സൗകര്യങ്ങൾ, വിഭവങ്ങളുടെ അഭാവം എന്നിവയുൾപ്പെടെ നിരവധി വെല്ലുവിളികൾ നേരിടാൻ സാധ്യതയുണ്ട്.

**വിദ്യാഭ്യാസത്തിന്റെ സ്വകാര്യവൽക്കരണം :**

വിദ്യാഭ്യാസത്തിൽ സ്വകാര്യമേഖലയുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിനാൽ അത് വിദ്യാഭ്യാസത്തിന്റെ സ്വകാര്യവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുന്നുവെന്ന് നയത്തിന്റെ വിമർശകർ വാദിക്കുന്നു. ഇത് ഫീസ് വർധിപ്പിക്കുന്നതിനും താഴ്ന്ന വരുമാനമുള്ള കുടുംബങ്ങൾക്ക് വിദ്യാഭ്യാസത്തിനുള്ള പ്രവേശനം കുറയ്ക്കുന്നതിനും ഇടയാക്കും.

**ഭാഷാ തടസ്സം :**

നയം പ്രാദേശിക ഭാഷകൾ പഠിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുമ്പോൾ, ഒരു സംസ്ഥാനത്ത് നിന്ന് മറ്റൊന്നിലേക്ക് മാറുന്ന വിദ്യാർത്ഥികൾക്ക് ഇത് ഭാഷാ തടസ്സം സൃഷ്ടിച്ചേക്കാം. ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും പ്രാദേശിക ഭാഷാ സ്കൂളുകളിൽ പഠിക്കുന്നവർക്കും ഇടയിൽ ഭാഷാ വിഭജനം സൃഷ്ടിക്കാനും ഇതിന് കഴിയും.

**ക്രമീകരണം (Standardation):**

വിദ്യാഭ്യാസ സമ്പ്രദായം നിലവാരം പുലർത്താനും എല്ലാ വിദ്യാർത്ഥികൾക്കും പൊതുവായ ഒരു പാഠ്യപദ്ധതി സൃഷ്ടിക്കാനും നയം ലക്ഷ്യമിടുന്നു. വ്യത്യസ്ത പശ്ചാത്തലവും വ്യത്യസ്ത പഠന ശൈലിയും ഉള്ള വിദ്യാർത്ഥികൾക്ക് ഇത് അനുയോജ്യമല്ലായിരിക്കാം.

## ഉപസംഹാരം

നയം ഇപ്പോഴും നടപ്പാക്കലിന്റെ പ്രാരംഭ ഘട്ടത്തിലാണ്, ചില വിശദാംശങ്ങളിൽ വ്യക്തതയില്ല. ഇത് വിദ്യാർത്ഥികൾക്കും അധ്യാപകർക്കും രക്ഷിതാക്കൾക്കും പൊതു സമൂഹത്തിനും ഇടയിൽ ആശയക്കുഴപ്പവും അനിശ്ചിതത്വവും സൃഷ്ടിച്ചേക്കാം. ഇതിന് ഗുണങ്ങളും ദോഷങ്ങളുമുണ്ട്. സമഗ്രമായ വിദ്യാഭ്യാസം, ബഹുഭാഷാതത്വം, നൈപുണ്യ വികസനം, വഴക്കം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് ഇത് ലക്ഷ്യമിടുന്നുണ്ടെങ്കിലും, അത് നടപ്പാക്കൽ വലിയ വെല്ലുവിളികളെ അഭിമുഖീകരിച്ചേക്കാം, ബാല്യകാല വിദ്യാഭ്യാസം, സ്കൂൾ വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, അധ്യാപക വിദ്യാഭ്യാസം, മുതിർന്നവരുടെ വിദ്യാഭ്യാസം എന്നിവയുൾപ്പെടെ വിവിധ മേഖലകളിൽ പോളിസി ഉൾപ്പെടുന്നു. അധ്യാപകർ, അക്കാദമിക് വിദഗ്ധർ, വിദ്യാർത്ഥികൾ, സിവിൽ സൊസൈറ്റി ഗ്രൂപ്പുകൾ എന്നിവയുൾപ്പെടെ വിവിധ പങ്കാളികൾ ഉൾപ്പെടുന്ന ഒരു കൺസൾട്ടേറ്റീവ് പ്രക്രിയയിലൂടെയാണ് NEP 2020 വികസിപ്പിച്ചിരിക്കുന്നത്. സാങ്കേതികവിദ്യയുടെ ഉപയോഗം, ബഹുഭാഷാ പരിപോഷണം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ സംയോജനം, വിദ്യാർത്ഥികൾക്കിടയിൽ വിമർശനാത്മക ചിന്തയുടെയും സർഗ്ഗാത്മകതയുടെയും വികസനം എന്നിവയ്ക്ക് ഊന്നൽ നൽകുന്നു. നയം നടപ്പിലാക്കുന്നത് ഇന്ത്യയിലെ വിദ്യാഭ്യാസ മേഖലയിൽ കാര്യമായ സ്വാധീനം ചെലുത്തുമെന്ന് പ്രതീക്ഷിക്കുന്നു, കൂടാതെ രാജ്യത്തെ എല്ലാ പഠിതാക്കൾക്കും വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരവും പ്രസക്തിയും ഇത് മെച്ചപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു. ■

കവിത

# വിലാപക്കൊന്ത



പുറംചട്ട പഴകിയടർന്ന്
പൊടിയും മെഴുക്കും പുരണ്ട് തൊലിയടർന്ന്
അമ്മയുടെ വേദപുസ്തകം
നിറംകെട്ട കൊന്തയ്ക്കൊപ്പം
കിടക്കയുടെ തലയ്ക്കൽ
തുണചേർന്ന്
പിന്നെ മെയ്മാസ വണക്കം
നിത്യസഹായമാതാവിന്റെ നൊവേന
മരിച്ചവിശ്വാസികൾക്കായുള്ള പ്രാർത്ഥന

അപ്പച്ചന്റെ ഓർമനാളിന്റെ മങ്ങിയ പ്രാർഥനപ്പടം
'നീ വരുന്നില്ലേ'യെന്ന് തിരിഞ്ഞൊന്നുനിന്ന്
പടിയിറങ്ങിപ്പോയ
ആന്റോമ്മയുടെ പിടയ്ക്കുന്ന ഒച്ച
കുടിക്കാതെ കരളുറയ്ക്കാത്ത
മോന്റെ മാനസാന്തരത്തിനായുള്ള
നിലവിളി
'പൊന്നുടയ സോദരിക്ക്' എന്ന് അരുമയായി
എമരിയമ്മ അയച്ച ഒടുവിലത്തെ കത്ത്
മഠത്തിപ്പോയ ജൂബിലാമ്മയുടെ
കൈപ്പടയിലെഴുതിയ
'അത്യാവശ്യനേരങ്ങളിൽ വായിക്കേണ്ട'
വചനങ്ങളുടെ കുറിപ്പടി
മോള്ടെ അച്ചടിച്ചുവന്ന എഴുത്തിന്റെ പുറംതാൾ
കുമ്പാരിയാക്കി അഭിമാനിപ്പിച്ച
ചെറുമോള്ടെ മെഴുതിരി എരിയുന്ന പടം
ചെറുമോന്റെ ആദ്യകുർബാനപ്പടം
ഓരോ ഓർമ്മയും
വേദപുസ്തകത്താളുകളിൽ
കുടിയേറ്റക്കാരായി

വെട്ടം അണഞ്ഞ കാലത്തും
ഇരുട്ട് അരിച്ചുകേറുന്നതറിഞ്ഞിട്ടും
തൊണ്ണൂറ് കവിഞ്ഞിട്ടും
കൂനിപ്പോയ ചുമലുകളുടെ
ആവത് കെടുവോളം
വരണ്ട് ചാലുകീറിയ കൈകൊണ്ട്
താങ്ങിയെടുത്ത്
അമ്മ അവ വായിക്കും
അകക്കണ്ണിൻ കാഴ്ചകൾ തെളിയും

താളുകൾ തുറക്കും മുൻപേ ഉരുവിടും
'കർത്താവാണെന്റെ ഇടയൻ ...'
ഇടംകണ്ണ് മങ്ങി വലംകണ്ണാൽ അമ്മ
ഇയ്യോബിന്റെ പരീക്ഷകളിൽ വിങ്ങലേല്ക്കും
ചാരവും ചാമ്പലും ഉള്ളാൽ പുതയ്ക്കും

കർത്താവിന്റെ തിരുസ്ലീവാപ്പാതയിൽ
വെറോനിക്കയായും
യെരുശലേം വീട്ടമ്മയായും
കുരിശിനുതാഴെ തുണയറ്റ മഗ്ദലനയായും
ഒടുവിൽ മകന്റെ പങ്കപ്പാടൊടുങ്ങിയ മേനി
മടിയിലെടുത്ത അമ്മകന്നിയായും ഒപ്പാരിക്കും
വാൾകടന്ന ചങ്കിന്റെ നോവേല്ക്കും
തേറ്റത്തിന്റെ പ്രകാരം ഏറ്റുപറയും

അഞ്ചുമക്കൾക്കുമായി വീതിച്ച
നിത്യക്കൊന്ത
വെള്ളിയാഴ്ച്ചതോറും ഓർത്തോർത്ത്
കേഴുന്ന കരുണക്കൊന്ത
അശരണതകളെല്ലാമൊടുക്കിയ
ലുത്തിനിയകൾ
മുട്ടിന്മേൽനിന്നും കിടക്കയിലടിഞ്ഞും
ആകാശത്തിലേക്ക് കൈകൾ വിരിച്ച്
പല ഈണത്തിൽ
പാരമ്പര്യം തോറ്റിയെടുത്ത
അമ്മയുടെ വായ്ത്താരി

ഇപ്പോഴും കുഴിമാടത്തിലിറങ്ങിച്ചെല്ലാതെ
മെഴുതിരിവെട്ടമില്ലാതെ
സാമ്പ്രാണിമണമേല്ക്കാതെ
വെള്ളപ്പൂക്കളുടെ നടുക്കംവകഞ്ഞ്
പതിഞ്ഞതാളത്തിൽ
ശ്വാസമെടുക്കുന്നു
ഒച്ചയില്ലാതെ വീടകത്തിൽ നടക്കുന്നു
പാതിരാകഴിഞ്ഞിട്ടും
'ഓ എന്റെ ഈശോയെ ...'യെന്ന്
പതിനാലിടങ്ങളിൽ
കുമ്പിട്ടാരാധിക്കുന്നു
പാപപ്പൊറുതി തേടുന്നു



ഐറിസ്



# ഹോം മിഷന്റെ പ്രസക്തി

അതിരൂപതയുടെ കുടുംബകേന്ദ്രീകൃത അജപാലന ദർശനം ഉൾകൊണ്ട് പ്രാർത്ഥിച്ചൊരുങ്ങിയ സമർപ്പിതരുടെ ഒരു കൂട്ടായ്മ തിരുവനന്തപുരം അതിരൂപതാ ബി.സി.സി. കമ്മിഷന്റെ നേതൃത്വത്തിൽ എല്ലാ ശുശ്രൂഷാ സമിതികളെയും കോർത്തിണക്കിക്കൊണ്ട് നടത്തുന്ന ഒരു കുടുംബപ്രേഷിതയജ്ഞമാണ് ഹോം മിഷൻ. ശിഥിലമായ ഗ്രഹാന്തരീക്ഷങ്ങൾ സമൂഹത്തിന്റെ സുസ്ഥിതിയെത്തന്നെ ചോദ്യം ചെയ്യപ്പെടുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുക. മൂല്യച്യുതിയിൽ അകപ്പെട്ടിരിക്കുന്ന നമ്മുടെ കുടുംബങ്ങളിൽ നഷ്ടപ്പെട്ടുപോയ സന്തോഷവും സമാധാനവും ദൈവസ്നേഹവും ദൈവവിശ്വാസവും വീണ്ടെടുക്കുവാൻ ഇന്ന് ഹോം മിഷൻ ഒരു പ്രധാന പങ്ക് വഹിക്കുന്നുണ്ട് എന്ന് നിസംശയം പറയുവാൻ സാധിക്കും.

ഹോം മിഷൻ പ്രവർത്തനങ്ങൾക്ക് കടന്നുചെല്ലുന്ന ശുശ്രൂഷകർക്ക് മാതൃകയായി നിൽക്കുന്നത് യേശുവാണ്. യേശുവായിരുന്നു പ്രഥമ ഹോം മിഷണറി. പിതാവ് തന്റെ പുത്രനെ അയച്ചത് കുടുംബത്തിലേക്കാണ്. നസ്രത്തിലെ തിരുകുടുംബമാണ് കുടുംബങ്ങളുടെ മാതൃക. ക്രിസ്തുനാഥന്റെ ജീവിതവും പ്രവർത്തനവും പരിശോധിച്ചാൽ അവിടുന്ന് ഈ ലോകത്തിൽ ജീവിച്ചിരുന്നപ്പോൾ വലിയൊരു കുടുംബപ്രേഷിതനായിരുന്നു എന്നു മനസിലാക്കുവാൻ സാധിക്കും.

**കുടുംബങ്ങളുടെ ഇന്നത്തെ അവസ്ഥയും ഹോം മിഷന്റെ പ്രസക്തിയും**

നമ്മുടെ അതിരൂപതയിലെ ഇന്നത്തെ കുടുംബങ്ങളുടെ അവസ്ഥകളിലൂടെ ഒന്നു കണ്ണോടിക്കുമ്പോൾ അടിയന്തിരമായി നമ്മുടെ ശ്രദ്ധ പതിയേണ്ട നിരവധി മേഖലകൾ നമുക്കു കണ്ടെത്തുവാൻ സാധിക്കും. ദൈവവിശ്വാസത്തിന്റെ കുറവ്, വ്യക്തിത്വത്തിലുള്ള വ്യത്യാസം, പരസ്പരം മനസ്സിലാക്കാതെയും അംഗീകരിക്കാതെയും വരുമ്പോഴുണ്ടാകുന്ന സങ്കീർണ്ണമായ കുടുംബപ്രശ്നങ്ങൾ, മദ്യപാനം, അതിയായ ആശ്രയബോധം, നിരുത്തരവാദിത്തത്തോടെ പെരുമാറുന്ന മാതാപിതാക്കന്മാരും യുവാ

ക്കളും, വിവാഹമോചനം, ഉപഭോഗ സംസ്കാരം, മാധ്യമങ്ങളുടെ അതിപ്രസരം, പരിസ്ഥിതി പ്രശ്നങ്ങൾ, സംശയപ്രകൃതി, ആത്മഹത്യ, പണത്തോടുള്ള അമിതമായ ഭ്രമം, ഭ്രൂണഹത്യ എന്നിവ ഇന്നത്തെ കുടുംബങ്ങൾ നേരിടുന്ന പ്രധാന വെല്ലുവിളികളാണ്.

ഇവിടെയാണ് ഹോം മിഷന്റെ പ്രസക്തി. കുടുംബങ്ങൾ ഇന്നു നേരിടുന്ന വെല്ലുവിളികളെ അതിജീവിക്കുവാനായി, കുടുംബങ്ങളെ വളർത്തുകയും നവീകരിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യണം. കുടുംബങ്ങളിലെ ഈ ത്രിവിധ പ്രക്രിയ നടക്കണമെങ്കിൽ കുടുംബങ്ങൾ ആത്മീയതയിൽ വളരണം. അതിനായ് കുടുംബാംഗങ്ങൾ അനുദിനബലിയിൽ പങ്കുചേരുകയും അനുരജ്ഞന കൂദാശ സ്വീകരിക്കുകയും കുടുംബപ്രാർത്ഥന മുടങ്ങാതെ നടത്തുകയും ചെയ്യണം. കുടുംബങ്ങളുടെ ഇന്നത്തെ അവസ്ഥ മനസിലാക്കിക്കൊണ്ട് കുടുംബനവീകരണം, കുടുംബങ്ങളുടെ ശാക്തീകരണം, ശിഥിലമായ കുടുംബബന്ധങ്ങളെ സൗഖ്യപ്പെടുത്തലും പുനഃസ്ഥാപനവും എന്നിവയിലൂടെ സഭ ആഗ്രഹിക്കുന്ന രീതിയിൽ വിശ്വാസ പരിപോഷണം നൽകി ശുശ്രൂഷാ സമിതികളുടെ സഹായത്തോടെ കുടുംബബന്ധങ്ങളുടെ - ഇടവകയുടെ സമഗ്രമായ വളർച്ചയ്ക്കവശ്യമായ കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക.

കഴിഞ്ഞ ഒരു വർഷക്കാലം തിരുവനന്തപുരം അതിരൂപതയിലെ ശാന്തിപുരം, പുന്നമൂട്, നമ്പ്യാതി, കരിച്ചൽ, അഞ്ചുതെങ്ങ്, പുതുക്കുറിച്ചി, അരയതുരുത്തി, കാച്ചാണി എന്നീ ദൈവാലയങ്ങളിൽ കുടുംബകേന്ദ്രീകൃത അജപാലന യജ്ഞത്തിന്റെ ഒന്നും രണ്ടും ഘട്ടം പൂർത്തിയാക്കാൻ സഹായിച്ച സിസ്റ്റർമാരായ അമൽ റാണി, ആൻ മേരി, ബാലിനി, ഗ്ലോറി, ഗ്രേസിക്കുട്ടി, മേർസലിൻ, ജെനോവ, ഉഷ, ജയ, സിസ്റ്റർ ക്ലെയർ റോസ്, ഗേർട്ടി, ജെസ്മി, ലാലി മരിയ, റീന, റോസ്‌ലി, സോഫിയ, തെരേസ, വിഡ, ലിന്റ, ജാസ്ന, മരിയ റോസ്, ഗീനു, സിസീലിയ, ക്രിസ്റ്റീന എന്നിവരെ ഇത്തരുണത്തിൽ നന്ദിയോടെ ഓർക്കുന്നതോടൊപ്പം ഈക്കാലയളവിൽ ഹോം മിഷനിലൂടെ ആർജ്ജിച്ച ജീവിതാനുഭവങ്ങൾ കൃതജ്ഞതയോടെ താഴെകുറിക്കുന്നു.

ജീവിതത്തിൽ ഒരുപാട് പേരെ കാണാനും അവരുടെ നൊമ്പരങ്ങൾ തൊട്ടറിഞ്ഞ് അവരിൽ ഒരാളായിക്കൊണ്ട് ആശ്വാസവും സാന്ത്വനവുമേകാൻ എളിയവളായ എന്നെ തെരഞ്ഞെടുത്ത കാരുണ്യനാഥന് എത്ര നന്ദി പറഞ്ഞാലും മതിയാവില്ല. നാനാത്വത്തിൽ ഏകത്വം എന്നപോലെ വിവിധ സന്യാസ സഭകളിലെ സഹോദരിമാരൊത്ത് ഒരുമിച്ച് ഒരു കൂട്ടായ്മയോടെ ജീവിക്കുവാനും അവരിലെ നന്മയുടെ മുത്തുകൾ സ്വായത്തമാക്കാനും കഴിഞ്ഞതിൽ ഞാൻ കൃതാർത്ഥയാണ്.

കുടുംബ സന്ദർശനവേളകളിൽ കാണാനിടയായ ഇന്നത്തെ കുടുംബങ്ങളുടെ പച്ചയായ യാഥാർത്ഥ്യങ്ങൾ, വെല്ലുവിളികൾ എന്നിവ എന്നെ പിടിച്ചുലച്ചു. ഈ ലോകം എന്തിനോ വേണ്ടിയുള്ള നെട്ടോട്ടമാണ്. ജീവിതത്തിന്റെ ലക്ഷ്യം എന്താണെന്ന് അവർക്ക് അറിയില്ല പരമമായ സത്യം എന്താണെന്ന് അവർ അറിയുന്നില്ല. ജീവിത മൂല്യങ്ങൾ ഇന്ന് അവന് അന്യമായിരിക്കുന്നു. ഈ ലോകത്തിന്റെ മായാമോഹങ്ങളിൽ പെട്ട് ഉഴലുന്ന പാവം മനുഷ്യർ. എന്നാൽ ചില മാതൃക കുടുംബങ്ങൾ ചില വ്യക്തികളുടെ ആഴമായ ദൈവീക അനുഭവം, വിശ്വാസ തീക്ഷ്ണത, പരസ്നേഹം എന്നിവ എന്നിലും വിശ്വാസത്തിന്റെ, സ്നേഹത്തിന്റെ ദൈവീക പദ്ധതിയുടെ പാതയിലൂടെ പ്രത്യാശയോടെ സഞ്ചരിക്കുവാൻ കാരുണ്യത്തിന്റെ പ്രതിഫലനം ആകുവാൻ പ്രേരിപ്പിച്ചു. സന്യാസ ജീവിതത്തിന്റെ അർത്ഥവും വ്യാപ്തിയും മനസ്സിലാക്കുവാനും പ്രാർത്ഥനയുടെയും പരസ്നേഹത്തിന്റെയും പങ്കുവെയ്ക്കലിന്റെയും മനോഭാവം എന്നിൽ കൂടുതൽ വളരുവാനും വ്യത്യസ്തമായ ഈ അനുഭവങ്ങൾ എനിക്ക് സഹായകമായി.

## 'പുതിയൊരനുഭവം'



**സിസ്റ്റർ തെരേസ**

ഹോം മിഷൻ എന്താണെന്നോ എങ്ങനെയാണെന്നോ അറിയാതെ അവിചാരിതമായാണ് ഞാൻ ഈ ശുശ്രൂഷയിലേക്ക് കടന്നുവന്നത്. എനിക്കിത് അപ്രതീക്ഷിതമായിരുന്നെങ്കിലും ദൈവത്തിന് ഒരു പദ്ധതി എന്നെക്കുറിച്ച് മുൻപേ ഉണ്ടായിരുന്നു എന്ന് ഞാൻ ഉറച്ച് വിശ്വസിക്കുന്നു. ദൈവം തന്റെ സ്നേഹത്തിന്റെ, കാരുണ്യത്തിന്റെ ഒരു നീർച്ചാൽ ആണ് ഈ മിഷനിലൂടെ എന്നിലേക്ക് ഒഴുക്കിയത്.

## 'ജീവിതാനുഭവങ്ങളിലൂടെ ആഴപ്പെട്ട ദിനങ്ങൾ'



***സിസ്റ്റർ ലാലി മരിയ***

തിരുവനന്തപുരം ലത്തീൻ അതിരൂപത ഏറ്റെടുത്ത കുടുംബപ്രേഷിത നവീകരണ യജ്ഞത്തിന്റെ ഭാഗമായി, ഹോം മിഷനിലൂടെ ദൈവകൃപകളാൽ നിറയാൻ ദൈവം എന്നെയും തിരഞ്ഞെടുത്തതിന് ഒരായിരം നന്ദിയർപ്പിക്കുന്നു. ഈ കാലയളവിൽ എട്ട് ഇടവകകളിലൂടെ കടന്നു ചെന്ന്, അവിടെയുള്ള മക്കളുമായി യേശുവിന്റെ കരുതലും, വിശ്വാസവും, സ്നേഹവും പങ്കുവയ്ക്കുമ്പോൾ അവരുടെ മുഖങ്ങളിൽ വിരിയുന്ന ആ പുഞ്ചിരിയിലും സന്തോഷത്തിലും "ദൈവത്തിന്റെ കൃപകൾ" വർഷിച്ചത് കാണാൻ സാധിച്ചത് ഭാഗ്യമായി കരുതുന്നു.

ഇവിടുത്തെ ഹോം മിഷനിലൂടെ ഇടവക മക്കൾക്കു മാത്രമല്ല എനിക്കും എന്റെ ജീവിതത്തി

# ഹോം മിഷൻ നാളിതരുവരെ

### 1. അഞ്ചുതെങ്ങ് (10/1)

| ക്രമ നമ്പർ | ഇടവക | ഹോം മിഷൻ നടന്ന ഇടവക |
|---|---|---|
| 1 | അയിരൂർ | 17.06.2018 – 23.06.2018 |
| 2 | പുത്തുറ | 18.02.2018 – 25.02.2018 |
| 3 | വെണ്ണിക്കോട് | 28.11.2018 – 01.12.2018 |
| 4 | ചമ്പാവ് | 08.12.2019 – 15.12.2019 |
| 5 | വർക്കല | 28.11.2018 – 01.12.2018 |
| 6 | അഞ്ചുതെങ്ങ് | 03.09.2023 – 12.11.2023 |
| 7 | അരയതുരുത്തി | 04.02.2024 – 18.02.2024 |

ഇനിയുള്ളവ: ആറ്റിങ്ങൽ, മാമ്പള്ളി, മൂങ്ങോട്, താഴമ്പള്ളി

### 2. പുതുക്കുറിച്ചി (11)

| ക്രമ നമ്പർ | ഇടവക | ഹോം മിഷൻ നടന്ന ഇടവക |
|---|---|---|
| 8. | തുമ്പ | 23.05.2017 – 30.05.2017 |
| 9. | ഫാത്തിമപുരം | 16.08.2017 – 20.08.2017 |
| 10. | മരിയനാട് | 09.07.2017 – 30.07.2017 |
| 11. | സെന്റ്. ആൻഡ്രൂസ് | 03.11.2017 – 10.11.2017 |
| 12. | സെന്റ്. ഡൊമിനിക് | 07.01.2018 – 14.01.2018 |
| 13. | പുത്തൻതോപ്പ് | 17.01.2018 – 28.01.2018 |
| 14. | പള്ളിത്തുറ | 13.01.2019 – 28.01.2019 |
| 15. | ശാന്തിപുരം | 14.06.2023 – 25.06.2023 |
| 16. | പുതുക്കുറിച്ചി | 03.12.2024 – 28.01.2024 |

ഇനിയുള്ളവ: കൊച്ചുതുറ, വെട്ടുതുറ

### 3. വലിയതുറ (10)

| ക്രമ നമ്പർ | ഇടവക | ഹോം മിഷൻ നടന്ന ഇടവക |
|---|---|---|
| 17. | തോപ്പ് | 23.04.2017 – 30.04.2017 |
| 18. | കൊച്ചുതോപ്പ് | 02.09.2017 – 17.09.2017 |
| 19. | ചെറിയതുറ | 20.09.2017 – 30.09.2017 |
| 20. | സെന്റ്. സേവ്യഴ്സ് | 22.10.2017 – 29.10.2017 |
| 21. | ചെറുവെട്ടുകാട് | 21.03.2018 – 24.03.2018 |
| 22. | കണ്ണാന്തുറ | 23.07.2018 – 12.08.2018 |
| 23. | കൊച്ചുവേളി | 23.06.2019 – 14.07.2019 |

ഇനിയുള്ളവ: വേളി, വെട്ടുകാട്, സെന്റ്. ആന്റണീസ്

### 4. കോവളം (8/6)

| ക്രമ നമ്പർ | ഇടവക | ഹോം മിഷൻ നടന്ന ഇടവക |
|---|---|---|
| 26. | ആഴാകുളം | 01.03.2018 – 04.03.2018 |
| 27. | പാലപ്പൂര് | 08.04.2018 – 15.04.2018 |
| 24. | പരുത്തിക്കുഴി | 23.11.2017 – 26.11.2017 |
| 25. | ഇടയാർ | 23.11.2017 – 26.11.2017 |
| 29. | നെല്ലിയോട് | 07.06.2018 – 10.06.2018 |
| 28. | പൂങ്കുളം | 18.04.2018 – 22.04.2018 |
| 30. | വവ്വാമൂല | 18.07.2018 – 21.07.2018 |
| 31. | പുന്നമൂട് | 23.07.2023 – 30.07.2023 |

ഇനിയുള്ളവ: പൂന്തുറ, വിഴിഞ്ഞം, പെരിങ്ങമ്മല, കാക്കാമൂല, കാരയ്ക്കമണ്ഡപം, പൊന്നുമംഗലം

### 5. പുല്ലുവിള (12/3)

| ക്രമ നമ്പർ | ഇടവക | ഹോം മിഷൻ നടന്ന ഇടവക |
|---|---|---|
| 32. | പരുത്തിയൂർ | 23.10.2016 – 03.11.2016 |
| 33. | പള്ളം | 12.11.2017 – 19.11.2017 |
| 34. | പുതിയതുറ | 03.02.2019 – 17.03.2019 |
| 35. | പൂവ്വാർ | 31.03.2019 – 19.05.2019 |
| 36. | പുല്ലുവിള | 01.09.2019 – 03.11.2019 |
| 37 | വെള്ളലുമ്പ് | 01.09.2019 – 03.11.2019 |
| 38. | നമ്പ്യാതി | 08.07.2023 – 16.07.202 |
| 39. | കരിച്ചൽ | 08.07.2023 – 16.07.2023 |

ഇനിയുള്ളവ: സൗത്ത് കൊല്ലങ്കോട്, ചൊവ്വര, അടിമലത്തുറ, കരുംകുളം, കൊച്ചു പള്ളി, കൊച്ചുതുറ, ലൂർദുപുരം

### 6. പേട്ട (7/8)

| ക്രമ നമ്പർ | ഇടവക | ഹോം മിഷൻ നടന്ന ഇടവക |
|---|---|---|
| 40. | മുട്ടട | 17.08.2018 26.08.2018 |
| 41. | കുന്നിൻപുറം | 30.08.2018 02.09.2018 |
| 42. | കുശവർക്കൽ | 31.08.2018 02.09.2018 |

ഇനിയുള്ളവ: പേട്ട, പോങ്ങുംമൂട്, കുമാരപുരം, മൺവിള, ശ്രീകാര്യം, വികാസ് നഗർ, മണ്ണന്തല, പുല്ലുകാട്, പുഷ്പഗിരി, ആനയറ, ചെറുവക്കൽ, കാരാളി

### 7. പാളയം (18/1)

| ക്രമ നമ്പർ | ഇടവക | ഹോം മിഷൻ നടന്ന ഇടവക |
|---|---|---|
| 43. | വെള്ളയമ്പലം | 26.03.2017 01.04.2017 |
| 44. | നന്തൻകോട് | 18.06.2017 21.06.2017 |
| 45. | കുറവൻകോണം | 10.02.2018 11.02.2018 |
| 46. | പാളയം | 16.09.2018 23.09.2018<br>09.09.2018 14.10.2018 |
| 47. | മണക്കാട് | 24.10.2018 28.10.2018 |
| 48. | പേരൂർക്കട | 09.06.2019 15.06.2019 |
| 49. | ക്രിസ്തുരാജപുരം | 31.07.2019 04.08.2019 |
| 50. | കുലശേഖരം | 06.08.2019 11.08.2019 |
| 51. | പൂഴിക്കുന്ന് | 10.11.2019 17.11.2019 |
| 52. | കാച്ചാണി | 03.03.2024 10.03.2024 |

ഇനിയുള്ളവ: തൃക്കണ്ണാപുരം, തൈക്കാട്, പുന്നയ്ക്കാമുഗൾ, വട്ടിയൂർക്കാവ്, മുടവൻമുഗൾ, കാഞ്ഞിരംപാറ, കുടപ്പനക്കുന്ന്, കിള്ളിപ്പാലം, മലമുകൾ

### 8. കഴക്കൂട്ടം (7/7)

| ക്രമ നമ്പർ | ഇടവക | ഹോം മിഷൻ നടന്ന ഇടവക |
|---|---|---|
| 53. | കൊയ്ത്തൂർക്കോണം | 10.03.2017 12.03.2017 |
| 54. | പോത്തൻകോട് | 10.03.2017 12.03.2017 |
| 55. | കോലിയക്കോട് | 10.03.2017 12.03.2017 |
| 56. | കാര്യവട്ടം | 27.06.2017 30.06.2017 |
| 57. | ചെങ്കോട്ടുകോണം | 27.06.2017 30.06.2017 |
| 58. | സെന്റ്. ജോസഫ്സ് | 07.03.2018 11.03.2018 |
| 59. | ഫാത്തിമമാതാ | 29.04.2018 06.05.2018 |

ഇനിയുള്ളവ: മുരുക്കുംപുഴ, തുണ്ടത്തിൽ, ഞാണ്ടൂർകോണം, മങ്കാട്ടുകോണം,

| ക്രമ നമ്പർ | ഇടവക | ഹോം മിഷൻ നടന്ന ഇടവക | |
|---|---|---|---|
| | ആവുകുളം, മംഗലപുരം, സി.ആർ.പി. എഫ്. | | |
| | **9. തൂത്തൂർ (8)** | | |
| 60. | ഇരയിമ്മൻതുറൈ | 19.11.2019 | 01.12.2019 |
| 61. | പൂത്തുറൈ | 05.01.2020 | 02.02.2020 |
| 62. | നീരോടി | 09.02.2020 | 15.03.2020 |
| ഇനിയുള്ളവ: | വള്ളവിളൈ, മാർത്താണ്ഡൻതുറൈ, ഇരവിപുത്തൻതുറൈ, ചിന്നത്തുറൈ, തൂത്തൂർ | | |

ലേയ്ക്കു ഒരു എത്തിനോട്ടം നടത്താൻ സാധിച്ചു. ബാഹ്യരൂപത്തെ നിലനിറുത്തി- ആന്തരിക ചൈതന്യം ചോർന്നുപോയവർക്ക് പ്രത്യാശ പകർന്നപ്പോൾ, വിശ്വാസരാഹിത്യത്തിൽ നിന്ന് - വിശ്വാസത്തിന്റെ തീക്ഷ്ണത ഏറ്റെടുത്തു പറഞ്ഞപ്പോൾ, അവിശ്വസ്തതയിൽ നിന്ന് - വിശ്വാസത്തിലേയ്ക്കും വിശുദ്ധിയിലേയ്ക്കും വന്നപ്പോൾ, മന്ദതയിൽ നിന്ന് - ഉത്സാഹത്തോടെ ക്രിസ്തുവിനെ കേട്ടപ്പോൾ, ക്ഷമിക്കാൻ പറ്റാത്ത അവസ്ഥയിൽ നിന്ന് ഹൃദയപൂർവ്വം ക്ഷണിച്ചപ്പോൾ, ഈ അവസരങ്ങളിലെല്ലാം ഈ മക്കളുടെ മാത്രമല്ല ആത്മീയത ഉണർന്നത് എന്റേയും കൂടിയായിരുന്നു. ഒത്തിരി മാതാപിതാക്കളുടെയും സഹോദരീസഹോദരന്മാരുടെയും കുഞ്ഞുമക്കളുടെയും സ്നേഹം അനുഭവിക്കാൻ സാധിച്ചു. വിശുദ്ധ മർക്കോസ് 10:29 ൽ പറയുന്നതുപോലെ "എനിക്ക് വേണ്ടിയും സുവിശേഷത്തെപ്രതിയും മാതാപിതാക്കളെയോ, സഹോദരീസഹോദരന്മാരെയോ വയലുകളെയോ പരിത്യജിക്കുന്നവർക്ക് ഇവിടെ വച്ചുതന്നെ നൂറിരട്ടിയായി ലഭിക്കാതിരിക്കുകയില്ല" എന്ന തിരുവചനം അക്ഷരാർത്ഥത്തിൽ അനുഭവിക്കാൻ കഴിഞ്ഞത് ഒരു ഭാഗ്യമായി കരുതുന്നു. ദൈവത്തിന്റെ അനന്തസ്നേഹവും കരുണയും അനുഭവിക്കാൻ കിട്ടിയ അസുലഭനിമിഷങ്ങളും, ദിവസങ്ങളും മാസങ്ങളും അതായിരുന്നു എനിക്ക് ഹോം മിഷൻ.



# 'അത്ഭുതങ്ങൾക്കായി മിഴിയൊരുക്കിയവർ'



**സിസ്റ്റർ സോഫിയ**

നമ്പ്യാതി - കരിച്ചൽ എന്നീ ഇടവകകളിലെ കുടുംബസന്ദർശനത്തിലൂടെ ഓരോ വ്യക്തിയുടെയും വിശ്വാസജീവിതം, കുടുംബജീവിതം, സാമൂഹിക ജീവിതം എന്നിവയിലേക്കിറങ്ങിച്ചെല്ലാൻ സാധിച്ചതിന്റെ ചാരിതാർഥ്യത്തിലാണ് ഞങ്ങളുടെ അനുഭവം പങ്കുവയ്ക്കുന്നത്. വളരെ സന്തോഷത്തോടും താൽപര്യത്തോടും കൂടിയാണ് ഓരോ കുടുംബങ്ങളും ഞങ്ങളെ ഭവനങ്ങളിലേക്ക് സ്വീകരിച്ചത്. പല ദമ്പതികളും മാതാപിതാക്കളും കുട്ടികളും വളരെ വേഗം മനസ് തുറന്ന് അവരുടെ സന്തോഷങ്ങളും, സങ്കടങ്ങളും വിജയങ്ങളും പരാജയങ്ങളും അവരുടെ പ്രതീക്ഷകളും ഞങ്ങളുമായി പങ്കുവച്ചു. ഓരോ കുടുംബത്തിലും ഞങ്ങൾക്ക് കേൾക്കാനും ആശ്വസിപ്പിക്കാനും ശക്തിപ്പെടുത്താനും ധാരാളം വ്യക്തികളും അവരുടെ ജീവിതാനുഭവങ്ങളും ഉണ്ടായിരുന്നു

ഒത്തിരി നന്മകൾ ഉള്ള, നല്ല ഹൃദയം ഉള്ള മനുഷ്യരെ അവിടെ കാണാനും അവരുമായി സമയം ചെലവഴിക്കുവാനും സാധിച്ചു. പരസ്പരം സ്നേഹിച്ചും സഹകരിച്ചും ഐക്യത്തോടുകൂടെയും സമാധാനപരമായും മനുഷ്യർക്ക് ജീവിക്കാൻ സാധിക്കുമെന്ന് നമ്മെ പഠിപ്പിക്കുന്ന ഇടവകകളാണത്.

വലിയ അത്ഭുതങ്ങളൊക്കെ ജീവിതത്തിൽ നടക്കുവാൻ പ്രതീക്ഷയോടെ കാത്തിരിക്കുന്ന കുടുംബങ്ങളുടെ മുൻപിൽ അതിനായുള്ള വഴി തിരി തെളിയിക്കുന്ന എല്ലാ ഹോം മിഷന്റെ പ്രവർത്തനങ്ങളും ദൈവസന്നിധിയിൽ സ്വീകാര്യം തന്നെയാണ് എന്നത് ഉറപ്പാണ്.

ദൈവം ഓരോ കുടുംബത്തിനും നൽകിയിരിക്കുന്ന പ്രത്യേക വിളി അനുസരിച്ച് കുടുംബങ്ങളെ രൂപപ്പെടുത്തുവാനും തകർന്നുപോയ കുടുംബബന്ധങ്ങളെ ഇണക്കിച്ചേർക്കുവാനും വളർച്ചയിൽ എത്തിയിരിക്കുന്ന കുടുംബങ്ങളെ കൂടുതൽ ആഴമായ സമർപ്പണത്തിനും സാക്ഷ്യപ്പെടുത്തലിനുമായി ഒരുക്കിയെടുക്കുന്ന ഈ പ്രേഷിതവേലയെ കൂടുതൽ ഊർജ്ജത്തോടെ ഇനിയും തുടരാൻ അജപാലകരെ പ്രചോദിപ്പിക്കട്ടെ. ■



ജൂൺ 8 ലോക സമുദ്രദിനം

# സമുദ്രം ഭൂമിയുടെ ഹൃദയം

ഓർമ്മപ്പെടുത്തലുകളും മുന്നറിയിപ്പുകളുമായി ഒരു സമുദ്രദിനം കൂടി എത്തിയിരിക്കുകാണ്. ലോകമെമ്പാടുമുള്ള സമുദ്രങ്ങളെ സംരക്ഷിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ലോകസമുദ്രദിനം ആചരിച്ചു വരുന്നത്. 1992 ൽ ബ്രസീലിലെ റിയോഡി ജനീറോയിൽ നടന്ന ഭൗമ ഉച്ചകോടിയിൽ 'പരിസ്ഥിതിയും വികസനവു'മെന്ന ചർച്ചയിൽ കാനഡയിലെ ഇന്റർ നാഷണൽ സെന്റർ ഫോർ ഓഷ്യൻ ഡെവലപ്പ്മെന്റും ഓഷ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കാനഡയും ചേർന്നാണ്, ലോക സമുദ്രദിനം ആചരിക്കണമെന്ന ആശയം ആദ്യമായി മുന്നോട്ടുവച്ചത്. സമുദ്രത്തെയും അതിലെ വൈവിധ്യമാർന്ന സമുദ്രജീവികളെയും അവയുടെ ആവാസവ്യവസ്ഥയെയും നിലനിർത്തുകയും സമുദ്ര വിഭവങ്ങൾ സംരക്ഷിക്കുന്നതിനൊപ്പം അവയെ സുസ്ഥിരമായി ഉപയോഗിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സാമൂഹിക അവബോധം വളർത്തുകയം ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് 2008 ഡിസംബർ 5 ന് ഐക്യരാഷ്ട്രസഭയുടെ പൊതുസഭ ജൂൺ 8 ലോക സമുദ്രദിനം ഔദ്യോഗികമായി അംഗീകരിച്ചത്. അങ്ങനെ ജൂൺ 8 ലോകദിനാചരണങ്ങളുടെ പട്ടികയിൽപ്പെട്ടു. 'നമ്മുടെ സമുദ്രങ്ങൾ നമ്മുടെ ഉത്തരവാദിത്തം' എന്ന സന്ദേശവുമായി 2009 ജൂൺ 8 ന് ആദ്യ സമുദ്രദിനം ആചരിക്കപ്പെട്ടു. മനുഷ്യന്റെ കടന്നുകയറ്റങ്ങളിലൂടെ സമുദ്രത്തിലുണ്ടാകുന്ന വ്യതിയാനങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കാനും, സമുദ്രസംരക്ഷണത്തിനുള്ള കർമ്മപരിപാടികളും ആദ്യ സമുദ്രദിനത്തിൽ തന്നെ ഐക്യരാഷ്ട്രസഭ പ്രഖ്യാപിച്ചു. അതിലൂടെ ലോകത്തെ ഒന്നിപ്പിക്കാനുള്ള ദിനമായി ലോകസമുദ്രദിനം മാറി.

ഭൂമിയുടെ ഉപരിതലത്തിന്റെ 75% വ്യാപിച്ചു കിടക്കുന്ന ലവണാംശമുള്ള ജലാശയത്തെ സമുദ്രമെന്ന് വിളിക്കുന്നു. ഈ ലവണാംശമുള്ള ജലാശയത്തെ രണ്ടായി വിഭജിക്കാം, മഹാസമുദ്രങ്ങളെന്നും, കടലുകളെന്നും. ഇവ കൂടുതലും കരകളാൽ ചുറ്റപ്പെട്ടിരിക്കുന്നു. രണ്ടുകരകൾക്കിടയിലുള്ള സമുദ്രഭാഗത്തെ കടലിടുക്കുകൾ എന്നു വിളിക്കുന്നു. വൻകരകൾ സമുദ്രത്തെ വേർതിരിക്കുന്നതനുസരിച്ച് 5 മഹാസമുദ്രങ്ങളുണ്ട്. പസഫിക്, അറ്റ്ലാന്റിക്, ഇന്ത്യൻ, ആർട്ടിക്, അന്റാർട്ടിക് സമുദ്രങ്ങളുടെ ആകെ



**എം. ജോൺസൺ റോച്ച്**
പരിസ്ഥിതിപ്രവർത്തകൻ,
എഴുത്തുകാരൻ

പൊങ്ങിക്കിടക്കുന്ന അവശിഷ്ടങ്ങൾ കുമിഞ്ഞുകൂടി സമുദ്രാന്തർഭാഗത്തേക്ക് അടിഞ്ഞുകൂടുന്നു. ഇത് കടലിന്റെ സ്വാഭാവിക ഉത്പാദനക്ഷമത ഇല്ലാതാക്കുന്നു. പ്ലാസ്റ്റിക്കിൽ കുരുങ്ങിയും, അവ ഉള്ളിൽ ചെന്നും ജീവൻ നഷ്ടമാകുന്ന മത്സ്യങ്ങളും തിമിംഗലങ്ങളും, കടലാമകളും കടൽപക്ഷികളും നിരവധിയാണ്. കടലിലെ പ്ലാസ്റ്റിക് മലിനീകരണം മനുഷ്യരെയും പരിസ്ഥിതിയെയും പ്രതികൂലമായി ബാധിക്കുന്നു.

പ്രകൃതിദത്തമായ തീരദേശം സമുദ്രത്തിന്റെ മകുടമാണ്. സുസ്ഥിരമായ മത്സ്യബന്ധനം പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ അവകാശമാക്കുകയും അതോടൊപ്പം മത്സ്യസമ്പത്ത് വിവേചനമില്ലാതെ കൊള്ളയടിക്കുന്നവരെയും ആ രീതികളെയും തടയേണ്ടിയുമിരിക്കുന്നു. വികസനത്തിന്റെ പേരിലുള്ള അശാസ്ത്രീയമായ നിർമ്മാണ പ്രവർത്തനങ്ങളെയും ചെറുക്കണം. ഇവയ്ക്കായി പോരാട്ടങ്ങൾ തന്നെ വേണ്ടിവരും.  ഈയൊരു അവസ്ഥയിൽ ഉപജീവനത്തിനായി സമുദ്രത്തെ ആശ്രയിക്കുന്നവരെ അകമഴിഞ്ഞ് പ്രോത്സാഹിപ്പിക്കുകയും വേണം. സുസ്ഥിരമായ വികസനത്തിനായി സമുദ്രത്തെ എങ്ങനെ ഉപയോഗിക്കണമെന്നതിന് വ്യക്തമായ കാഴ്ചപ്പാടു തന്നെ ഉണ്ടാകേണ്ടതുണ്ട്. ശാസ്ത്രീയമായ പഠനത്തോടൊപ്പം പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ അനുഭവങ്ങളും കടലറിവുകളും കൂടി ഉൾപ്പെടുത്തണം. ആരോഗ്യമുള്ള സമുദ്രത്തിലൂടെ കൂടുതൽ നീതിയും സമത്വവും സുസ്ഥിരതയും ഉള്ള ഒരു സമൂഹത്തെ സൃഷ്ടിക്കാൻ കഴിയണം.

2021 മുതൽ 2030 വരെയുള്ള വർഷം സുസ്ഥിര വികസനത്തിനു വേണ്ടിയുള്ള സമുദ്ര ദശാബ്ദി ആയി പ്രഖ്യാപിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സമുദ്രങ്ങളുടെ പരിപാലനത്തിനായി അന്താരാഷ്ട്ര ശൃംഖലയുടെ പ്രവർത്തനങ്ങൾ ഊർജിതമാക്കണം. സമുദ്രങ്ങൾ നമ്മുടെ ജീവിതത്തിൽ വഹിക്കുന്ന നിർണായകപങ്കിനെക്കുറിച്ചും അവയെ സംരക്ഷിക്കാൻ സഹായിക്കുന്ന വഴികളെക്കുറിച്ചും പൊതുജനാവബോധം വളർത്തേണ്ടിയിരിക്കുന്നു. നമ്മുടെ സമുദ്രത്തെ സംരക്ഷിച്ചും, പുനഃസ്ഥാപിച്ചും ആരോഗ്യകരമായ സമുദ്രത്തിനു വേണ്ടി നിലകൊള്ളുന്നതിനായി ശക്തമായൊരു ആഗോള വേദിയാണ് വേണ്ടത്. അതിലൂടെ സമുദ്രം അഭിമുഖീകരിക്കുന്ന എല്ലാ പരിസ്ഥിതി പ്രശ്നങ്ങളും പരിഹരിക്കാനാകണം. ■



# മുതലപ്പൊഴിയിലെ കുറ്റവാളികളും മരിച്ചുപോയ മനുഷ്യരും




ജപ്റ്റീഷ്യ



ജ്യോതിക



ദീപ്തി

*(സെന്റ് സേവ്യേഴ്സ് കോളേജ്, തുമ്പയിലെ വിദ്യാർത്ഥികൾ ഇന്റേൺഷിപ്പിന്റെ ഭാഗമായി തയ്യാറാക്കിയത്)*


ഒരു ഹാർബർ എന്തായിരിക്കരുത് എന്നതിന്റെ ഏറ്റവും മികച്ച ഉദാഹരണമാണ് തിരുവനന്തപുരം ജില്ലയിലെ മുതലപ്പൊഴി ഹാർബർ. ഒരു ദിവസം 500 ലധികം വള്ളങ്ങൾ മീൻപിടിക്കാനായി കടലിൽ പോയിവരാൻ ഉപയോഗിക്കുന്ന ഈ ഫിഷിങ് ഹാർബർ അക്ഷരാർത്ഥത്തിൽ ജോലി ചെയ്യാൻ സാധിക്കാത്ത ഒരിടമായി മാറിയിരിക്കുന്നു. 65 മത്സ്യത്തൊഴിലാളികളാണ് ഇതുവരെ ഇവിടെ അപകടങ്ങളിൽപെട്ട് മരിച്ചത്. 2012 മുതൽ 2017 വരെയുള്ള കാലത്ത് 42 പേർ. 2018 ൽ അദാനി പോർട്ടിനായി ഈ ഹാർബറിൽ ചില മാറ്റങ്ങൾ വരുത്തി. അതിനുശേഷം 2021 ജൂൺ വരെയുള്ള കാലത്ത് മരണം 55 ആയി ഉയർന്നു. ഏറ്റവും ഒടുവിൽ 2023 ജൂലൈ 10 നുണ്ടായ അപകടത്തിൽ 4 പേർ മരിച്ചു. മനുഷ്യർക്കും വള്ളങ്ങൾക്കും അപകടം സംഭവിച്ച് വലിയ നാശനഷ്ടങ്ങൾ ഉണ്ടാകുന്നത് നിത്യസംഭവമായതുകൊണ്ടുതന്നെ വാർത്തകൾ അല്ലാതായി. 2000ന്റെ തുടക്കത്തിലാണ് മുതലപ്പൊഴി ഹാർബറിന് പറ്റിയ ഇടമെന്ന് കണ്ടെത്തുന്നത്. ചെന്നൈ ഐഐടിയാണ് കൃത്രിമ ഹാർബറുകളുടെ പട്ടികയിൽപ്പെടുന്ന ഈ പുലിമുട്ടു ഹാർബർ ഡിസൈൻ ചെയ്യുന്നത്. പെരുമാതുറ, അഞ്ചുതെങ്ങ്, മാമ്പള്ളി, താഴമ്പള്ളി, പൂത്തുറ, പുതുക്കുറിച്ചി, മരിയനാട് തുടങ്ങിയ പ്രദേശങ്ങളിലും ചില സമയങ്ങളിൽ തുമ്പ വരെയുള്ള പ്രദേശങ്ങളിലെയും പരമ്പരാഗത മത്സ്യ തൊഴിലാളികളാണ് പ്രധാനമായും ഈ ഹാർബറിനെ ആശ്രയിച്ചു മീൻപിടിക്കാൻ കടലിൽ പോകുന്നത്.

അദാനി പോർട്ട് വികസനത്തിനായുള്ള കല്ലുകൾ ഇപ്പോഴും കടലിൽ ഇട്ടുകൊണ്ടിരിക്കുന്നു. സുരക്ഷ മുന്നറിയിപ്പുകൾ മത്സ്യ തൊഴിലാളികൾ ലംഘിച്ചു എന്നു പറയാൻ കാണിക്കുന്ന വ്യഗ്രത, ഐ എ ടി മദ്രാസിന്റെ ഡിസൈനിൽ പാകപ്പിഴ ഉണ്ടായിരുന്നുവെന്നും അദാനി പോർട്ടും അനുബന്ധ സംവിധാനങ്ങളും അപകടങ്ങൾക്ക് കാരണമാവുന്നു എന്നും പറയാനുള്ള മിനിമം ആർജ്ജവം സർക്കാർ കാണിക്കണം എന്നാണ് ഇതിലൂടെ വ്യക്തമാക്കുന്നത്.

590 കിലോമീറ്റർ ദൈർഘ്യമുണ്ട് കേരളത്തിലെ കടൽത്തീരത്തിന്. മൂന്ന് ലക്ഷത്തോളം ആളുകൾ സജീവമായി തൊഴിലെടുക്കുന്ന തൊഴിലിടമാണ് കടൽ. കടലറിഞ്ഞ് കാലാവസ്ഥയെയും പ്രകൃതി പ്രതിഭാസങ്ങളെയും അറിഞ്ഞ് അനുഭവിച്ച് തൊഴിലെടുക്കേണ്ട സ്ഥലം. അവിടെ തൊഴിൽ ചെ

യ്യുന്നവരുടെ ആവശ്യങ്ങൾ അറിയുകയും സുരക്ഷ ഒരുക്കുകയും ചെയ്യേണ്ടത് ഏതൊരു ഭരണ സംവിധാനത്തിന്റെയും അടിസ്ഥാനപരമായ ഉത്തരവാദിത്തമാണ്. മുതലപ്പൊഴിയിലെ അപകടങ്ങൾ ഓരോന്നും എന്തെന്ന് തിരിച്ചറിഞ്ഞിട്ടുള്ളതാണ്. അത് കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ടതല്ല, ആ സമഗ്രതയിൽ പ്രശ്നങ്ങളെ കാണാൻ കഴിയുന്നില്ലെങ്കിൽ പരിഹാരശ്രമങ്ങളൊന്നും ഫലവത്തവുകയില്ല. പൂനെ ആസ്ഥാനമായ സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ ഉൾപ്പെടെ മുതലപ്പൊഴി ഹാർബർ തീരശോഷണത്തിനും തീരംവെക്കലിനും കാരണമായതിനെക്കുറിച്ച് നിരവധി പഠനങ്ങൾ പുറത്ത് വന്നിട്ടുണ്ട്. എന്നാൽ ഈ റിപ്പോർട്ടുകൾകൊണ്ട് പ്രശ്നങ്ങൾ വേണ്ടവിധത്തിൽ പരിഹരിക്കാനുള്ള പരിശ്രമം നടന്നുവോ എന്നതാണ് ചോദ്യം.

ഓരോ അപകടം ഉണ്ടാകുമ്പോഴും നഷ്ടപരിഹാരം കൊടുത്ത് താൽക്കാലിക പരിഹാരം ഉണ്ടാക്കുന്നതല്ല ഇവിടത്തെ പ്രശ്നങ്ങൾ. അതിനൊരു സമഗ്രമായ നയപരിപാടി വേണം. പ്രശ്നങ്ങൾക്ക് കാരണക്കാരായവരെ അക്കൗണ്ടബിൾ ആക്കണം. തൊഴിലാളികളെ വിശ്വാസത്തിൽ എടുക്കണം. അവരെ അർഹിക്കുന്ന എല്ലാ സുരക്ഷിത സംവിധാനങ്ങളോടും കൂടി നിലനിർത്താനാവണം. കോടികൾ ഇതിനോടകം മുതലപ്പൊഴി ഹാർബറിനായി ചെലവിട്ടു കഴിഞ്ഞു. എന്നിട്ടും 65 ജീവനുകൾ പൊലിഞ്ഞു. ഭയന്നുകൊണ്ട് മാത്രം തൊഴിലിനു പോകേണ്ട ഗതികേടിലേക്ക് ഒരു തൊഴിൽ വിഭാഗം വീണുപോയിരിക്കുന്നു.

## മുതലപ്പൊഴി നൽകുന്ന പാഠങ്ങൾ

ഇന്ന് മുതലപ്പൊഴി തുറമുഖം യഥാർത്ഥത്തിൽ ഉപയോഹിക്കുന്നത് പണ്ട് തുറമുഖത്തിനായി മുറവിളികൂട്ടിയ മീൻ പിടിത്തക്കാരല്ലാത്തത് വിസ്മയകരമായി തോന്നാം. തുറമുഖത്തിനുവേണ്ടി മുഖ്യമായും സമരം ചെയ്ത അഞ്ചുതെങ്ങ്, മാമ്പള്ളി മേഖലയിലെ മത്സ്യത്തൊഴിലാളികൾ പഴയതുപോലെ തങ്ങളുടെ ഗ്രാമങ്ങളിൽനിന്നും കടലിലേക്ക് പോയിവരുന്ന രീതി ഇപ്പോഴും തുടരുകയാണ്. എന്നാൽ തീരക്കടലിൽ കമ്പവല മത്സ്യബന്ധനം നടത്തിയിരുന്നവർ തുറമുഖനിർമാണത്തെ തുടർന്ന് തങ്ങളുടെ തീരം ഇല്ലാതായതോടെ കമ്പാവലപ്പണി നിർത്താൻ നിർബന്ധിതരാവുകയും കൊല്ലത്തുനിന്നും പഴയ റിംഗ് സീൻ ഇൻബോർഡ് വള്ളങ്ങൾ കുറഞ്ഞ വില നൽകി വാങ്ങിക്കൊണ്ടുവന്ന് പുതിയ രീതിയിലുള്ള മത്സ്യബന്ധനം തുടങ്ങിയിരിക്കുകയുമാണ്. ഇത് സാമൂഹിക സംഘർഷങ്ങൾക്ക് വഴിതെളിച്ചു.

ഇതിന് പുറമേയാണ് സമീപഗ്രാമങ്ങളിൽ, തുറമുഖത്തിനു വടക്കുള്ള തീരഗ്രാമങ്ങളിൽ പുതുതായി കനത്ത തീരശോഷണം ഉണ്ടാക്കുന്ന സ്ഥിതിവിശേഷം സംജാതമായത്. തൽഫലമായി 100 കണക്കിന് വീടുകളാണ് ഓരോ വർഷവും നശിച്ചുപോകുന്നത്. ഇവരെ പുനരധിവസിപ്പിക്കുക മാത്രമല്ല, ശാസ്ത്രീയമായ രീതിയിൽ തുറമുഖങ്ങളെ പുനർനിർമ്മിക്കാനുള്ള ബാധ്യതയും സംസ്ഥാന സർക്കാറിന് ഉണ്ട്.

## മുതലപ്പൊഴിയിലെ അപകടാവസ്ഥ പരിഹരിക്കാൻ കഴിയുമോ?

ഏതൊരു തുറമുഖത്തിന്റെയും അടിസ്ഥാനപരമായ ആവശ്യം അത് ഉപയോഗിക്കുന്ന ഊരുകൾക്ക് കടലിൽ പോയിവരുന്നതിനുള്ള സുരക്ഷിതത്വം നൽകണമെന്നതാണ്. എന്നാൽ മുതലപ്പൊഴി തുറമുഖത്ത് ഈ സുരക്ഷിതത്വം ലഭിക്കുന്നില്ല. തുറമുഖ കവാടത്തിൽ മണൽ അടിയുന്നതും ജലനിരപ്പിനുമുകളിൽ കാണാൻകഴിയാത്തതുമായ മണൽതിട്ടകളിൽ ചേർന്ന ശക്തമായ തിരമാലകൾ ഉണ്ടാകുന്നതുമാണ് അപകടകാരണം.

ഈ പ്രശ്നം ഉണ്ടായപ്പോൾതന്നെ പരിഹാരംതേടി സംസ്ഥാന തുറമുഖ വകുപ്പ് പൂനെയിലെ പ്രശസ്തമായ സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ എന്ന കേന്ദ്ര സർക്കാർ സ്ഥാപനത്തിന്റെ പഠനസഹായം തേടി. 2011 ജനുവരിയിൽ കണ്ടെത്തലുകളും നിർദ്ദേശങ്ങളും സമർപ്പിക്കുകയും ചെയ്തു. സി ഡബ്ല്യു പി ആർ എസ് പഠനത്തിൽ കണ്ടെത്തിയത്, ഇവിടെ മണൽ ഒഴുക്കിന്റെ തോത് വളരെ കൂടുതൽ എന്നാണ്. അതിനാൽ തുറമുഖത്ത് കൂടുതൽ മണൽ അടിയുകതന്നെ ചെയ്യും എന്ന് അവർ വ്യക്തമാക്കി. അതിന് അവർ പരിഹാരങ്ങളും നിർദ്ദേശിച്ചിരുന്നു. ഫിഷിംഗ് ഹാർബർ സുഖമായി പ്രവർത്തിക്കാൻ രണ്ട് കാര്യങ്ങളാണ് അവർ പറഞ്ഞത്. ഒന്ന്, പുലിമുട്ടുകളുടെ നീളം കൂട്ടുക. രണ്ട്, മണൽ ശേഖരിച്ച് ഹാർബറിന് വടക്ക് തീരെ ശോഷണം ഉണ്ടാകുന്ന തീരത്തേക്ക് നിക്ഷേപിക്കുക.

പുലിമുട്ടിന്റെ നീളം കൂട്ടി നിർമ്മിച്ച് 6 വർഷം ആകുന്നു. എന്നാൽ മണലെടുപ്പ് എന്ന പ്രക്രിയ നടന്നില്ല. തുറമുഖ കവാടത്തിൽ മണലടിഞ്ഞ് അവിടെ അപകട മരണം സംഭവിക്കാതെ ഇരിക്കണമെങ്കിൽ മണൽ മാറ്റിക്കൊണ്ടിരിക്കണം. പ്രാഥമിക അന്വേഷണത്തിൽ ഇതിന് ഓരോ വർഷവും കോടികൾ ചെലവിടേണ്ടി വരും എന്ന് അറിയാവുന്നതോടെ ആ ശാസ്ത്രയ നിർദ്ദേശം ഫലത്തിൽ സർക്കാർ നിരസിക്കുകയാണ് ചെയ്തത്. ഇത് വ്യക്തമാക്കുന്നത് മുതലപ്പൊഴിയിലെ അപകടാവസ്ഥ പരിഹരിക്കാൻ എളുപ്പവഴികൾ ഒന്നും ഇല്ലായെന്നതാണ്. എല്ലാവർഷവും മണൽ നീക്കം ചെയ്യുന്ന നടപടി ചെയ്തുകൊണ്ടിരുന്നാൽ മാത്രമേ സുരക്ഷിതമായ മുതലപ്പൊഴി ഹാർബർ ഉണ്ടാകൂ.

# ചരിത്രപഥം

# സഭാചരിത്രപണ്ഡിതനായ ഫാ. ജോൺ പള്ളത്ത് ഒ.സി.ഡി.



മഞ്ഞുമ്മൽ കർമ്മലീത്താ സഭാംഗവും വിശ്രുത സഭാചരിത്രപണ്ഡിതനും ഗ്രന്ഥരചയിതാവുമായ ഫാ. ജോൺ പള്ളത്ത് ഒ.സി.ഡി. ദിവംഗതനായതിന്റെ 25-ാം വാർഷികമാണ്. കൊച്ചി രൂപതയിലെ പുരാതനമായ കുമ്പളങ്ങി സെന്റ് ജോർജ് ഇടവകയിലെ കടേപ്പറമ്പ് എന്നും അറിയപ്പെടുന്ന പള്ളത്ത് കുടുംബത്തിൽ 1918 ജൂൺ 23 ന് ജനിച്ചു. ജോണച്ചന്റെ മാതാപിതാക്കൾ ജോർജ്-കത്രീന. ഐപ്പ്, ഈപ്പച്ചൻ എന്നായിരുന്നു വീട്ടിൽ വിളിച്ചിരുന്നത്. പള്ളുരുത്തി സെന്റ് സെബാസ്റ്റ്യൻസ്, എറണാകുളം സെന്റ് ആൽബർട്സ് എന്നീ സ്കൂളുകളിലായി ഹൈസ്കൂൾ പഠനം നടത്തിയ അദ്ദേഹം ഒരു സന്യാസ വൈദികനാകാൻ ആഴമായി ആഗ്രഹിച്ച് 1939 ൽ വ്രതവാഗ്ദാനം നടത്തുകയും വി. ജോൺ ക്രൂസിന്റെ പേര് സന്യാസനാമമായി സ്വീകരിക്കുകയും ചെയ്തു. 1946 ഡിസംബർ 21 ന് പൗരോഹിത്യപദവി സ്വീകരിച്ച ജോണച്ചൻ മഞ്ഞുമ്മൽ, ആലുവ, എറണാകുളം, കോട്ടയം, പെരുമ്പടപ്പ് എന്നീ കർമ്മലീത്ത ആശ്രമങ്ങളിൽ വിവിധ സേവന ശുശ്രൂഷകൾ നിർവഹിച്ചു. വൈദികവിദ്യാർത്ഥികളുടെ അധ്യാത്മിക ഗുരുവായും പ്രിയോർ ജനറലായിരുന്ന ഫാ. സിറിൽ ബർണാർഡ് പാപ്പളി ഒസിഡിയുടെ സെക്രട്ടറിയായും അദ്ദേഹം സേവനം ചെയ്തിട്ടുണ്ട്. മഞ്ഞുമ്മൽ പ്രസിദ്ധീകരണങ്ങളായ തിരുഹൃദയ ദൂതൻ, ചെറുപുഷ്പം എന്നീ മാസികകളുടെ ചീഫ് എഡിറ്റർ എന്ന ഉത്തരവാദിത്വത്തിൽ അദ്ദേഹം വലിയ സേവനമാണ് അർപ്പിച്ചത്. പണ്ഡിതനായ ഒരു എഴുത്തുകാരൻ എന്ന നിലയ്ക്ക് മഞ്ഞുമ്മൽ സമൂഹം, കർമ്മലീത്താപൈതൃകം, ആഗോളസഭ, ഭാരതസഭ, കേരളസഭ, കുടുംബജീവിതം എന്നീ പ്രമേയങ്ങളിൽ അദ്ദേഹം പ്രൗഢരചനകൾ നടത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ 20 ൽപ്പരം ഗ്രന്ഥങ്ങളിൽ 12 പുസ്തകങ്ങൾ സഭാചരിത്ര രചനകളാണ്. സ്വദേശീയവും വിദേശീയവുമായ നിരവധി ചരിത്രരേഖകൾ പരിശോധിച്ചും അടിസ്ഥാനമാക്കിയുമാണ് അദ്ദേഹം ഗ്രന്ഥരചനകൾ നടത്തിയത്.

ഭാരതസഭാ ചരിത്രത്തിൽ ഏറെ പ്രാധാന്യമുള്ള പോർച്ചുഗൽ കാലഘട്ടത്തെക്കുറിച്ചുള്ള സർവ്വസ്പർശിയായതും സത്യസന്ധവും ആധികാരികവുമായ രചനയാണ് 'പോർട്ടുഗൽ യുഗത്തിലെ ഭാരതസഭ' (1992). വിശ്രുത കർമ്മലീത്താ മിഷണറിയും ഭാഷാപണ്ഡിതനും ബഹുമുഖപ്രതിഭയുമായ പൗളിനോസ് പാതിരി ലത്തീൻ ഭാഷയിൽ എഴുതി 1794 ൽ പ്രസിദ്ധീകരിച്ച പ്രസിദ്ധ സഭാ ചരിത്രഗ്രന്ഥമായ 'ഇന്ത്യാ ഓറിയന്താളീ



**രതീഷ് ഭജനമഠം**
ആലപ്പുഴ

എഴുത്തുകാരൻ,
കെആർഎൽസിസി
ഹെറിറ്റേജ്
കമ്മിഷൻ അംഗം

സ് ക്രിസ്ത്യാന' യുടെ ആധികാരിക മലയാള വിവർത്തനമാണ് 'പൗരസ്ത്യ ഭാരതത്തിലെ ക്രൈസ്തവ മതം' (1988). പള്ളത്തച്ചന്റെ ഈ രണ്ട് പ്രമുഖ സഭാചരിത്രങ്ങളും പോർച്ചുഗലിന്റെ അന്നത്തെ പ്രസിഡന്റ് ഡോ. മാരിയോ സ്വാരസാണ് പ്രകാശനം ചെയ്തത്. വരാപ്പുഴ കേന്ദ്രമാക്കി പ്രേഷിത ശുശ്രൂഷ നിർവഹിച്ചിട്ടുള്ള വിദേശീയവും തദ്ദേശീയരുമായ കർമ്മലീത്താ മിഷണറിമാരുടെയും അർണോസ് പാതിരി, ഗുണ്ടർട്ട്, ബെയ്‌ലി എന്നീ മിഷണറിമാരുടെയും ഭാഷ-സാഹിത്യ-നിഘണ്ടു-വ്യാകരണ-രംഗത്തെ സേവനങ്ങളെയും രചനകളെയും ജീവചരിത്രത്തെയും കുറിച്ചുള്ള ഗ്രന്ഥമാണ് 'മിഷണറിമാരുടെ സാഹിത്യസേവനങ്ങൾ' (1986). ആർച്ച് ബിഷപ്പ് ലെയോനാർഡ് മെല്ലാനോ 1874 ൽ സ്ഥാപിച്ച മഞ്ഞുമ്മൽ ആശ്രമത്തിന്റെ ശതാബ്ദിയുടെ സ്മാരകമായി കേരളസഭയുടെയും കർമ്മലീത്താ സഭയുടെയും ആരംഭം മുതലുള്ള ചരിത്രവും മഞ്ഞുമ്മൽ സഭയുടെ ചരിത്രവും വിവരിക്കുന്ന ആധികാരിക രചനയാണ് മഞ്ഞുമ്മൽ കർമ്മലീത്ത സഭ ഇന്നലെയും ഇന്നും (1975), ഭാരതസഭയിലെ മഹാമിഷണറി എന്നറിയപ്പെടുന്ന വരാപ്പുഴ വികാരിയേറ്റിന്റെ വികാരി അപ്പസ്തോലിക്കായിരുന്ന ആർച്ച്ബിഷപ്പ് ബർണഡിൻ ബെച്ചിനെല്ലി പിതാവിന്റെ ജീവചരിത്രവും കാലഘട്ടവും വിശദീകരിക്കുന്ന കൃതിയാണ് 'ബർണഡിൻ മെത്രപ്പോലീത്ത' (1989). വരാപ്പുഴ അതിരൂപതയുടെ ആദ്യ ആർച്ച്ബിഷപ്പായിരുന്ന ഡോ. ലെയോനാർസ് മെല്ലാനോ പിതാവിന്റെ സംഭവബഹുലമായ ജീവിതത്തെയും സേവനങ്ങളെയും കുറിച്ചുള്ള രചനയാണ് 'ഡോ. ലെയോനാർസ് മെല്ലാനോ' (1990) ഭാരതസഭയിലെ രണ്ടാമത്തേയും കേരളസഭയിലെ ആദ്യത്തേതുമായ ആതുരാലയമായി മഞ്ഞുമ്മൽ സഭയിലെ ബ്ര. ഡോ. നിക്ലാവൂസ് വെറോവൻ 1888-ൽ മഞ്ഞുമ്മലിൽ സ്ഥാപിച്ച സെന്റ് ജോസഫ് ആശുപത്രിയുടെ ചരിത്രവും ബ്ര. നിക്ലാവൂസിന്റെ ജീവിതത്തേയും പ്രതിപാദിക്കുന്ന ഗ്രന്ഥമാണ് 'ബ്രദർ നിക്ലാവൂസിന്റെ മഞ്ഞുമ്മൽ ഹോസ്പിറ്റൽ' (1993). വരാപ്പുഴ അതിരൂപയുടെ തെക്കൻ മിഷൻ കേന്ദ്രമായ കോട്ടയം ആസ്ഥാനമാക്കി പാവങ്ങളും അധഃസ്ഥിതരും അവഗണിക്കപ്പെട്ടവരുമായ പിന്നോക്ക ജനതകൾക്കിടയിൽ അതിതീക്ഷ്ണമായ സുവിശേഷ പ്രചരണം നടത്തി, വിജയപുരം മിഷൻ രൂപതയുടെ ശില്പി എന്നറിയപ്പെടുന്ന ബ്ര. റോക്കി പാലയ്ക്കൽ ടി.ഒ.സി.ഡിയുടെ ഇതിഹാസതുല്യമായ പ്രേഷിതജീവിതത്തെക്കുറിച്ചുള്ള രചനയാണ് 'ബ്രദർ റോക്കി: മിഷണറിപ്രതിഭ' (1993). ഭാരത സഭാചരിത്രത്തിൽതന്നെ ഏറെ പ്രാധാന്യമുള്ള ചരിത്രസംഭവമായ 1599 ൽ നടന്ന ഉദയംപേരൂർ സുനഹദോസിനെക്കുറിച്ചും അതിന്റെ മുഖ്യസംഘാടകനായ ഗോവയുടെ അന്നത്തെ ആർച്ച്ബിഷപ്പ് ഡോ. അലക്സ് ദെ മെനേസിസിന്റെ ജീവിതത്തേയും കുറിച്ചുള്ള സർവസ്പർശിയായ രചനയാണ് ഡോ. അലക്സ് ദെ മെനേസിസും ഉദയംപേരൂർ സുനഹദോസും' (1998).

സഭാചരിത്ര പഠനഗവേഷണ ഗ്രന്ഥങ്ങൾ കൂടാതെ കുടുംബറാണി, സ്ത്രീ-സഹനവും ശക്തിയും, സ്നേഹഗായിക, വി. യോഹന്നാൻ ക്രൂസ്-സ്നേഹശാസ്ത്രം – തുടങ്ങിയ കുടുംബ-കർമ്മലീത്താ ആദ്ധ്യാത്മികഗ്രന്ഥങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്. പണ്ഡിതോചിതമായ നിരവധി ലേഖനങ്ങളും ചെറുപുഷ്പം മാസികയിൽ നിരവധി പത്രാധിപക്കുറിപ്പുകളും അദ്ദേഹം എഴുതിയിട്ടുണ്ട്. 1999 മേയ് 7 ന് ദിവംഗതനായ ഫാ. ജോൺ പള്ളത്തിനെ മഞ്ഞുമ്മൽ കർമ്മലീത്ത ആശ്രമ സെമിത്തേരിയിലാണ് സംസ്കരിച്ചിരിക്കുന്നത്. ■

# നല്ല സിനിമകൾ മൂല്യാപചയത്തെ പ്രതിരോധിക്കും: ആർച്ച് ബിഷപ്പ് തോമസ് ജെ. നെറ്റോ

തിരുവനന്തപുരം: ധാർമിക മൂല്യങ്ങൾ ഉൾക്കൊള്ളുന്ന സിനിമകൾ സമൂഹത്തിൽ കൃത്യമായ സ്വാധീനം ചെലുത്തും. സാമൂഹ്യ തിന്മകൾക്കെതിരെ പ്രതിരോധം ഉയർത്താൻ നല്ല സിനിമകളുടെ കടന്നുവരവ് സഹായകമാകും. അരാജകത്വവും അസ്വസ്ഥജനകവുമായ അന്തരീക്ഷത്തിൽ സമാധാനവും സുസ്ഥിതിയും സംജാതമാകാൻ നല്ല സിനിമകളുടെ പ്രചാരണം സാധ്യമാകുമെന്ന് ഡോ. തോമസ് ജെ. നെറ്റോ പ്രസ്താവിച്ചു.



*ഒന്നാമത് കാർലോ അക്യൂട്ടിസ് ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ പാളയം സെന്റ് ജോസഫ് കത്തീഡ്രൽ പാരിഷ് ഹാളിൽ ആർച്ച്ബിഷപ്പ് ഡോ. തോമസ് ജെ. നെറ്റോ ഉദ്ഘാടനം ചെയ്യുന്നു*

ഒന്നാമത് കാർലോ അക്യൂട്ടിസ് ഇന്റർനാഷണൽ ഫെസ്റ്റിവൽ പാളയം സെന്റ് ജോസഫ് കത്തീഡ്രൽ പാരിഷ് ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സിനിമ നിരൂപകനും തിരക്കഥാകൃത്തുമായ ഫാ. ഡാനി കപ്പൂച്ചിൻ ഉദ്ഘാടന യോഗത്തിൽ അധ്യക്ഷനായിരുന്നു. ഡോ. ലോറൻസ് കുലാസ്, മോൺ.വിൽഫ്രഡ്, ഫാ. ജെറോം അമൃതയ്യൻ, ഫാ. ദീപക് ആന്റോ, മനോജ് ആന്റോ, ഇഗ്നേഷ്യസ് തോമസ് എന്നിവർ സംസാരിച്ചു. മെയ് 24, 25, 26 തീയതികളിലായി നടന്ന ഫെസ്റ്റിവലിൽ അന്തർദേശീയതലത്തിൽ ശ്രദ്ധേയമായ 15 ഓളം ചിത്രങ്ങൾ പ്രദർശിപ്പിച്ചു.

## വാർത്തകൾ

www.archtvmnews.com

# യൗസേപ്പിതാവിന്റെ തിരുനാൾ ദിനത്തിൽ തൊഴിലാളികളെ ആദരിച്ച് അരയതുരുത്തി ഇടവക



*തൊഴിലാളികളുടെ മധ്യസ്ഥനായ യൗസേപ്പിതാവിന്റെ തിരുനാൾ ദിനവും ലോകതൊഴിലാളി ദിനവുമായ മേയ് 1 ന് അരയതുരുത്തി ഇടവക തൊഴിലാളികളെ ആദരിച്ചപ്പോൾ*

അരയതുരുത്തി: തൊഴിലാളികളുടെ മധ്യസ്ഥനായ യൗസേപ്പിതാവിന്റെ തിരുനാൾ ദിനവും ലോകതൊഴിലാളി ദിനവുമായ മേയ് 1 ന് തൊഴിലാളികളെ ആദരിച്ച് അരയതുരുത്തി ഇടവക. അന്നേദിവസം നടന്ന ദിവ്യബലിക്ക് ഇടവകയിലെ കെ.എൽ.എം നേതൃത്വം നല്കി. ദിവ്യബലിക്ക് ശേഷം ദേവാലയ നിർമ്മാണത്തൊഴിലാളികളെ ആദരിച്ചു. തുടർന്ന് ദേവാലയാങ്കണത്തിൽ വൃക്ഷത്തൈ നട്ട് ദിനാചരണം അർത്ഥവത്താക്കി. ദിവ്യബലിയിലും ദിനാചരണത്തിലും പങ്കെടുത്ത എല്ലാവർക്കും മധുരം വിളമ്പി.



*പുല്ലുവിള ഫൊറോനയിലെ മതാധ്യാപകരുടെ ശാക്തീകരണം ലക്ഷ്യംവച്ച് നടത്തിയ ശില്പശാലയുടെ ഉദ്ഘാടനം ഫൊറോന വികാരി ഫാ. സിൽവസ്റ്റർ കുരിശ് ഉദ്ഘാടനം ചെയ്യുന്നു*

# സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ നടത്തി പുതുക്കുറിച്ചി ഫൊറോന സാമൂഹ്യ ശുശ്രൂഷ

പുതുക്കുറിച്ചി: മാറുന്ന കാലത്തിനനുസരിച്ച് സ്ത്രീകൾ ശക്തിപ്പെടേണ്ടതിന്റെ പ്രാധാന്യം മനസിലാക്കി പുതുക്കുറിച്ചി ഫൊറോനയിൽ വിവിധ സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾക്ക് തുടക്കംകുറിച്ചു. ഫൊറോന സാമൂഹ്യശുശ്രൂഷയുടെ നേതൃത്വത്തിൽ വനിതകൾക്കായുള്ള സ്വയം പ്രതിരോധ പരിശീലനം മേയ് 6 മുതൽ 10 വരെ സെന്റ്. ആൻഡ്രൂസ് പാരിഷ് ഹാളിൽ നടന്നു. പരിശീലന പരിപാടി പുതുക്കുറിച്ചി ഫൊറോന കോഓർഡിനേറ്റർ ഫാ. പോൾ ജി ഉദ്ഘാടനം ചെയ്തു. ക്ലാസുകൾക്കും



പ്രായോഗിക പരിശീലനത്തിനും കേരള പോലീസ് ഡിപാർട്ട്മെന്റിലെ വനിതകളാണ് നേതൃത്വം നൽകിയത്. ഫൊറോനയിലെ ചൈൽഡ് പാർലമെന്റ് കുട്ടികൾ, സ്വയം സഹായ സംഘങ്ങളിലെയും കെ.എൽ.എം ലെയും വനിതകൾ എന്നിവർ പങ്കെടുത്തു. ഇതുകൂടാതെ വനിതകൾക്ക് സ്വയംതൊഴിലിലൂടെ സ്വയം പര്യാപ്തത കൈവരിക്കാൻ സഹായിക്കുന്ന തയ്യൽ പരിശീലനവും ഫൊറോനയിൽ ആരംഭിച്ചു. ഒരുമാസം നീണ്ടു നില്ക്കുന്ന പരിശീലനത്തിൽ വനിത സ്വയം സഹായ സംഘങ്ങളിലെ അംഗങ്ങളാണ് പങ്കെടുക്കുക.


# വാഴ്ത്തപ്പെട്ട കാർലോ അക്യുട്ടിസ് വിശുദ്ധ പദവിയിലേക്ക്



വത്തിക്കാൻ: 1991ൽ ജനിച്ച ഇറ്റാലിയൻ കൗമാരക്കാരനായ വാഴ്ത്തപ്പെട്ട കാർലോ അക്യുട്ടിസിന്റെ മധ്യസ്ഥതയാൽ നടന്ന അത്ഭുതം ഫ്രാൻസിസ് മാർപാപ്പ ഔദ്യോഗികമായി അംഗീകരിച്ചു. വിശുദ്ധരുടെ പ്രഖ്യാപനങ്ങൾക്കായുള്ള ഡിക്കാസ്റ്ററിയുടെ പ്രിഫെക്റ്റ് കർദ്ദിനാൾ മാർസെല്ലോ സെമെരാരോയുമായി (മെയ് 23) നടത്തിയ കൂടിക്കാഴ്ചയിൽ, വാഴ്ത്തപ്പെട്ട അക്യൂട്ടിസിന്റെയും മറ്റ് ഏഴുപേരുടെയും വിശുദ്ധപദവിയെ മുന്നോട്ട് കൊണ്ടുപോകുന്ന ഉത്തരവുകളിൽ പാപ്പ ഒപ്പുവച്ചു.

1991ൽ ലണ്ടനിൽ ഇറ്റാലിയൻ മാതാപിതാക്കൾക്ക് ജനിച്ച വാഴ്ത്തപ്പെട്ട അക്യുട്ടിസ് ശിശുവായിരിക്കുമ്പോൾ തന്നെ കുടുംബം ഇറ്റലിയിലെ മിലാനിലേക്ക് മടങ്ങി. ആധുനിക ലോകത്തെ സാങ്കേതിക വളർച്ചയെ അടുത്തറിഞ്ഞിരുന്ന കാർലോ വെബ്സൈറ്റുകൾ രൂപകല്പന ചെയ്യാനും, വീഡിയോ ഗെയിമുകൾ കളിക്കാനും വീഡിയോ നിർമ്മിക്കാനും ചെറുപ്പം മുതലേ താല്പര്യം പുലർത്തിയിരുന്നു. ഈ താല്പര്യത്തോടൊപ്പം തന്നെ യേശുവിനോട് ഐക്യപ്പെട്ട് ജീവിക്കുവാനും അതീവ ശ്രദ്ധപുലർത്തിയതാണ് അക്യൂട്ടിസിനെ വ്യത്യസ്തനാക്കിയത്. 15 വയസ്സുള്ളപ്പോൾ രക്താർബുദത്തിന് കീഴടങ്ങി 2006 ഒക്ടോബർ 12ന് ദൈവസന്നിധിയിൽ യാത്രയായി. ഇതിനകംതന്നെ ദിവ്യകാരുണ്യ അത്ഭുതങ്ങളെക്കുറിച്ച് വായിച്ചും പഠിച്ചും സ്ഥലങ്ങൾ സന്ദർശിച്ചും അത് ലോകം മുഴുവൻ എത്തിക്കാനായി ഒരു വെബ്സൈറ്റ് തന്നെ ക്രമീകരിച്ചു. എന്നും ജപമാല ചൊല്ലിയിരുന്ന കാർലോ ദിവ്യകാരുണ്യത്തെ തന്റെ ജീവനെക്കാൾ അധികമായി സ്നേഹിച്ചിരുന്നു. തന്റെ ഡയറിയിൽ കുറിച്ചിട്ട വാചകങ്ങൾ അത് തെളിയിക്കുന്നു: 'എല്ലായ്പ്പോഴും യേശുവിനോട് അടുത്തിരിക്കുക, അതാണ് എന്റെ ജീവിത പദ്ധതി.' അവൻ 7 വയസ്സുള്ളപ്പോൾ എഴുതി: 'സ്വർഗ്ഗത്തിലേക്കുള്ള ഹൈവേയാണ് യൂക്കറിസ്റ്റ്.'

# തിരുവചനത്തിന്റെ അന്തരാർത്ഥങ്ങൾ ആഴത്തിൽ ഗ്രഹിച്ച ഫാ. സ്റ്റീഫൻ എം. റ്റി. കർത്താവിൽ നിദ്രപ്രാപിച്ചു



വെള്ളയമ്പലം: തിരുവനന്തപുരം ലത്തീൻ അതിരൂപതയിലെ വൈദികൻ ഫാ. സ്റ്റീഫൻ എം. റ്റി. നിര്യാതനായി. രോഗബാധിതനായി ദീർഘനാൾ കുമാരപുരത്തെ പ്രീസ്റ്റ് ഹോമിൽ വിശ്രമ ജീവിതം നയിക്കുകയായിരുന്നു. അതിരൂപതയിലെ പരുത്തിയൂർ ഇടവകാംഗമാണ്. പൊഴിയൂർ, പരുത്തിയൂരിൽ ശ്രീ. മനുവേലിന്റെയും തങ്കമ്മാൾ ലോപ്പസിന്റെയും മകനായി 1964 സെപ്തംബർ 15 ന് ജനനം. പൊഴിയൂരിലെ ഗവണ്മെന്റ് സ്കൂളിലെ പ്രൈമറി വിദ്യാഭ്യാസത്തിനുശേഷം തിരുവനന്തപുരം സെന്റ്. ജോസഫ്സ് സ്കൂളിൽ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. തുടർന്ന് സെന്റ്. സേവ്യേഴ്സ് കോളേജിൽ പ്രിഡിഗ്രി പഠനത്തിനു ശേഷം 1977 ൽ സെന്റ്. വിൻസെന്റ് സെമിനാരിയിൽ ചേർന്നു. സെന്റ്. ജോസഫ്സ് പൊന്തിഫിക്കൽ മേജർ സെമിനാരിയിൽ തത്വശാസ്ത്ര പഠനവും തുടർന്ന് ദൈവശാസ്ത്ര പഠനവും പൂർത്തിയാക്കി. നിയമപഠനം പൂർത്തിയാക്കിയ അച്ചൻ അഭിഭാഷകൻ കൂടിയാണ്.

1990ൽ പൗരോഹിത്യം സ്വീകരിച്ച സ്റ്റീഫനച്ചൻ പൂന്തുറ, കിളിയൂർ, നീരോടി, പൂത്തുറ, അടിമലത്തുറ, കണ്ണാന്തുറ, പുത്തൻ തോപ്പ്, കൊച്ചുതോപ്പ്, കഴക്കൂട്ടം, ശാന്തിപുരം, ചെറിയതുറ, മാർത്താണ്ഡൻതുറ, ഫാത്തിമപുരം ഇടവകകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. അജപാലന ശുശ്രൂഷ അസിസ്റ്റന്റ് ഡയറക്ടർ, കമ്മീഷൻ ഫോർ ഫാമിലി & ബൈബിൾ സെക്രട്ടറി എന്നീ നിലകളിൽ അതിരൂപത ശുശ്രൂഷ തലങ്ങളിലും സേവനമനുഷ്ഠിച്ചു. ദിവ്യബലിയുടെയും തിരുവചനത്തിന്റെയുമൊക്കെ അന്തരാർത്ഥങ്ങൾ ആഴത്തിൽ ഗ്രഹിച്ചു കൊണ്ട് അത് ജനങ്ങളിലേക്ക് എത്തിക്കുവാൻ വളരെയധികം പരിശ്രമിച്ച ഒരു വൈദികനായിരുന്നു ഫാ. സ്റ്റീഫൻ എം. റ്റി. പരേതാത്മാവിന്റെ നിത്യശാന്തിക്കായി നമുക്ക് പ്രാർത്ഥിക്കാം.



## LiFFA യുടെ എബിൻദാസ് യേശുദാസ് അംഗമായ ടീം ഇന്ത്യ U19 SAFF CUP2023 ചാമ്പ്യന്മാർ

കഴക്കൂട്ടം: ലിഫ ട്രിവാൻഡ്രത്തിൻറെ കരുത്തനായ എബിൻ യേശുദാസ് അംഗമായ ഇന്ത്യൻ ടീം നേപ്പാളിൽ നടന്ന അണ്ടർ 19 SAFF CUP 2023 നേടി ചാമ്പ്യന്മാരായി. കേരളത്തിന്റെ സന്തോഷ് ട്രോഫി ഗ്രാമം എന്നറിയപ്പെടുന്ന പൊഴിയൂർ തെക്കേകൊല്ലംകോട് എസ് എം ആർ സി ക്ലബിലൂടെ ഫുട്ബോളിന്റെ ബാലപാഠങ്ങൾ സ്വായത്തമാക്കിയ എബിൻദാസ്, കൊല്ലംകോട് സ്വദേശികളായ യേശുദാസിന്റെയും ശാലിനിയുടെയും മകനാണ്. 2018 ൽ ലിഫയിൽ ചേർന്ന എബിന് അവിടെ ലഭിച്ച മികച്ച പരിശീലനമാണ് ഇന്ത്യൻ ടീമിൽ വരെയെത്താൻ സഹായകരമായത്. U16 നാഷണൽ സൗത്ത് സോൺ ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ Top Scorer and Best Player അവാർഡ്, കേരള സ്റ്റേറ്റ് ചാമ്പ്യൻഷിപ്പിൽ മികച്ച താരം, ടോപ് സ്കോറർ, U16 ദേശീയ ടീമിൽ ഇടം നേടിയ എബിൻ തുടർന്ന് കളികളിലെ മികച്ച പ്രകടനം കാരണം ഉയരങ്ങളിലേക്ക് കയറുകയാണ്. തീരദേശത്തു നിന്നും ഫുട്ബാൾ പ്രതിഭകളെ രൂപപ്പെടുത്താൻ രൂപീകരിച്ച LiFFAക്ക് അഭിമാനമായി മാറുകയാണ് എബിൻ യേശുദാസ്.


അതിരൂപതയുടെ അഭിനന്ദനങ്ങൾ
ഫാ. ഡോ. ലെനിൻ രാജ് റ്റി.
അമേരിക്കയിലെ കാലിഫോർണിയ,
സാൻ ദിയേഗോ യൂണിവേഴ്സിറ്റിയിൽ
നിന്നും ഡോക്ടറേറ്റ് നേടി.
THESIS
THE IMPACT OF A LEADERSHIP DEVELOPMENT PROGRAM ON
PARTICIPANTS' PRACTICE : A CASE STUDY OF DEVELOPMENT
DYNAMIC COURSE ORGANIZED BY CARITAS INDIA.
ഫാ. ഡോ. ജോൺബോസ്കോ
മാനുവേൽ
റോമിലെ ഹോളിക്രോസ് പൊന്തിഫിക്കൽ
യൂണിവേഴ്സിറ്റിയിൽ നിന്നും ഡോക്ടറേറ്റ് നേടി.
THESIS
'THE HISTORY OF FORMATION AND GROWTH
OF THE LATIN DIOCESE OF TRIVANDRUM
(1900-1978) '


വിശുദ്ധ അന്തോനീസ് ദൈവാലയം
കൊച്ചുതുറ
13.06.24 @ 9.30 am
തിരുന്നാൾ ദിവ്യബലി
തുടർന്ന് സ്നേഹവിരുന്ന്
16.06.24 @ 5.00 pm
ആഘോഷമായ തിരുനാൾ
സമൂഹ ദിവ്യബലി
വിശുദ്ധരിൽ ശ്രേഷ്ഠനായ
പാദുവായിലെ വിശുദ്ധ
അന്തോനീസിന്റെ
തിരുന്നാൾ മഹോത്സവം
2024 ജൂൺ 7 വെള്ളി മുതൽ 16 ഞായർ വരെ.
ഫാ. ജോസ് വി.
(ഇടവക വികാരി)
ഇടവക കമ്മിറ്റി & തിരുനാൾ കമ്മിറ്റി
ഏവർക്കും സ്വാഗതം

# വെള്ളയമ്പലം വിശുദ്ധ കൊച്ചുത്രേസ്യ ദൈവാലയത്തിൽ വിശുദ്ധ കൊച്ചുത്രേസ്യയുടെ തിരുശേഷിപ്പ് പ്രതിഷ്ഠ നടന്നു



ഇറ്റലിയിലെ പുരാവസ്തു വകുപ്പിന്റെ അംഗീകാരത്തോടെ, റോമൻ മുദ്രയുള്ള വിശുദ്ധ കൊച്ചുത്രേസ്യയുടെ തിരുശേഷിപ്പ്, 2024 ഏപ്രിൽ 28 ന്, തിരുവനന്തപുരം ലത്തീൻ അതിരൂപതാധ്യക്ഷൻ അഭിവന്ദ്യ തോമസ് ജെ. നെറ്റോ പിതാവിന്റെ മുഖ്യകാർമികത്വത്തിൽ അർപ്പിച്ച കൃതജ്ഞതാബലിയോടുകൂടി ദൈവാലയത്തിൽ പ്രത്യേകം രൂപകൽപ്പന ചെയ്ത രൂപകൂട്ടിൽ പ്രതിഷ്ഠിച്ചു.

സഭാപണ്ഡിതയെന്ന മഹിമയ്ക്കൊപ്പം പ്രേക്ഷിതരുടെയും, അനാഥബാല്യങ്ങളുടെയും, പാർപ്പിടമില്ലാത്തവരുടെയും, ക്ഷയം/എച്ച്ഐവി ബാധിത രോഗികളുടെയും, ആകാശയാത്രികരുടെയും, പൂവ് വിൽപ്പനക്കാരുടെയും, പൂന്തോട്ടം പരിപാലിക്കുന്നവരുടെയുമെല്ലാം മധ്യസ്ഥ എന്ന സവിശേഷതയും വിശുദ്ധ കൊച്ചുത്രേസ്യയുടെ അപൂർവതയാണ്. 2025 ലാണ് തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെയും വെള്ളയമ്പലം ഇടവകയുടെയും മധ്യസ്ഥയായ വിശുദ്ധ കൊച്ചുത്രേസ്യയെ വിശുദ്ധയായി പ്രഖ്യാപിച്ചതിന്റെ ശതാബ്ദിയാഘോഷങ്ങൾ.

# മരിയൻ ആർട്സ് & സയൻസ് കോളേജിൽ നാലുവർഷ ഓണേഴ്സ് ബിരുദ കോഴ്സുകൾ ഈവർഷം മുതൽ



കഴക്കൂട്ടം: വിദ്യാർഥികൾക്ക് ലോകോത്തര നിലവാരത്തിലുള്ള വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന നാലുവർഷ ബിരുദ കോഴ്സ് ഈ വർഷം മുതൽ മരിയൻ ആർട്സ് & സയൻസ് കോളേജിൽ നടപ്പിലാക്കും. ഇതിന്റെ ഭാഗമായി വിദ്യാർഥികൾക്ക് അവബോധം നൽകാനായി അതിരൂപത വിദ്യാഭ്യാസ ശുശ്രൂഷയുടെയും കോളേജിന്റെയും ആഭിമുഖ്യത്തിൽ ഓറിയന്റേഷൻ ക്ലാസുകൾ വിവിധ ഫൊറോനകളിലും വിവിധ സെന്ററുകളിലും നടന്നു. ഓറിയന്റേഷൻ ക്ലാസ്സിന്റെ ഉദ്ഘാടനം അതിരൂപത വിദ്യാഭ്യാസ കമ്മിഷൻ ഡയറക്ടർ റെവ. ഫ്രെ. സജു റോൾഡൻ നിർവഹിച്ചു. മരിയൻ കോളേജ് ഓഫ് ആർട്സ് & സയൻസ് പ്രിൻസിപ്പൽ പ്രൊഫ. ഫ്രാൻസിസ് ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ഇന്ത്യയിലെയും വിദേശ രാജ്യങ്ങളിലെയും തുടർപഠനത്തിനും തൊഴിലിനും ഏറെ സഹായകരമാകുന്ന നാലുവർഷ ഓണേഴ്സ് ബിരുദ കോഴ്സ് മാനേജ്മെന്റ് സീറ്റിനായി www.mcas.ac.in എന്ന കോളേജ് സൈറ്റിൽ ഓൺലൈനായി ഇപ്പോൾ അപേക്ഷിക്കാം. വിശദവിവരങ്ങൾ 9526605413 എന്ന നമ്പരിൽ ലഭ്യമാണ്.

# കൊച്ചുതുറ ഇടവകയിൽ സ്റ്റുഡൻസ് ഫോറം രൂപീകരിച്ചു



കൊച്ചുതുറ: വിദ്യാർത്ഥികളുടെ സമഗ്രമായ വളർച്ച ലക്ഷ്യം വച്ചുകൊണ്ട് പുതുക്കുറിച്ചി ഫൊറോനയിലെ കൊച്ചുതുറ ഇടവകയിൽ സ്റ്റുഡൻസ് ഫോറം രൂപീകരിച്ചു. ഏപ്രിൽ 29 തിങ്കളാഴ്ച രാവിലെ ഇടവക വികാരി ഫാ. ആല്ബർട്ട് ഫോറം ഉദ്ഘാടനം ചെയ്തു. വിദ്യാർത്ഥികളുടെ സമഗ്രമായ വളർച്ചയ്ക്കുതകുന്ന വിവിധ പ്രവർത്തനങ്ങൾ സ്റ്റുഡൻസ് ഫോറത്തിലൂടെ നടപ്പിലാക്കണമെന്ന് ഫാ. ആല്ബർട്ട് തന്റെ സന്ദേശത്തിൽ പറഞ്ഞു. ആനി മേറ്റർ സുശീല, ഫോറത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദീകരിച്ചു. പ്രസിഡന്റ് ആൽവിൻ, വൈസ് പ്രസിഡന്റ് ആബേൽ, സെക്രട്ടറി ബെല്ല, ജോയിൻ സെക്രട്ടറി ജോസാൽ, കാഷ്യർ സൈന എന്നിവരെ ഭാരവാഹികളായി തിരഞ്ഞെടുത്തു, വിദ്യാഭ്യാസ കൺവീനർ റിയ, മതബോധന അധ്യാപിക ലിസി എന്നിവർ സന്നിഹിതരായിരുന്നു.

# യുവജന വർഷത്തിന് തുടക്കം കുറിച്ച് അഞ്ചുതെങ്ങ് ഫൊറോന സമിതി

അരയതുരുത്തി: കണ്ണിൽ കനിവും കരളിൽ കനലും കാലിൽ ചിറകുമുള്ള ക്രൈസ്തവ യുവത്വം എന്ന ആപ്തവാക്യം മുൻനിർത്തി ഫൊറോനതല യുവജന വർഷത്തിന് തുടക്കം കുറിച്ച് അഞ്ചുതെങ്ങ് ഫൊറോന സമിതി. കെ.സി.വൈ.എം. അഞ്ചുതെങ്ങ് ഫൊറോന സമിതിയുടെ ആഭിമുഖ്യത്തിൽ അരയതുരുത്തി ഇടവകയുടെ ആതിഥേയത്വത്തിൽ നടന്ന സമ്മേളനത്തിൽ ഫൊറോനതല യുവജന വർഷാരംഭവും, മെമ്പർഷിപ്പ് ക്യാമ്പയിനും, 'അന്നമായി' എന്ന കാരുണ്യ പ്രവർത്തനവും ഉദ്ഘാടനം ചെയ്തു. 'അന്നമായി' എന്ന കാരുണ്യപ്രവർത്തനം തുടക്കുംകുറിച്ചതിന്റെ ഭാഗമായി ശാർക്കര ക്ഷേത്ര വളപ്പിൽ ഉണ്ടായിരുന്ന പാവപ്പെട്ട രോഗികൾക്ക് പൊതിച്ചോറ് വിതരണം ചെയ്തു..







# M.touch: മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികളുടെ ഉന്നതവിദ്യാഭ്യാസ പദ്ധതി മരിയൻ എൻജിനീയറിംഗ് കോളേജിൽ ഉദ്ഘാടനം ചെയ്തു



കഴക്കൂട്ടം: മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികളുടെ ഉന്നതവിദ്യാഭ്യാസ പദ്ധതിയായ M.touch (Marian touch) മരിയൻ എൻജിനീയറിംഗ് കോളേജിൽ തുടക്കം കുറിച്ചു. മേയ് 02 വ്യാഴാഴ്ച കോളേജ് ക്യാമ്പസിൽ നടന്ന ചടങ്ങിൽ തിരുവനന്തപുരം അതിരൂപത സഹായ മെത്രാൻ ഡോ. ക്രിസ്തുദാസ് ആർ പദ്ധതി ഉദ്ഘാടനം ചെയ്തു. അതിരൂപതയിലെ അച്ചനും അമ്മയും നഷ്ടപ്പെട്ട കുട്ടികളാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. ഗുണഭോക്താവായി കണ്ടെത്തുന്ന കുട്ടികൾ അഞ്ചാം ക്ലാസ് മുതൽ പദ്ധതിയുടെ ഭാഗമാകും. ഇവർക്ക് ഉന്നത വിദ്യാഭ്യാസ പ്രാപ്തി കൈവരിക്കാനുള്ള പരിശീലനം അഞ്ചാം ക്ലാസ് മുതൽ ലഭ്യമാക്കി തുടങ്ങും. ഒപ്പം ഇവരുടെ ശാരീരിക, മാനസിക, സാമ്പത്തിക ആദ്ധ്യാത്മിക വളർച്ച ഉറപ്പാക്കുന്ന അനുധാവന പ്രവൃത്തികളും കൂടിവരവുകളും നിശ്ചിത ഇടവേളകളിലായി നടക്കും. ഈയൊരു പ്രക്രിയയിലൂടെ കുട്ടികളെ ഉന്നത വിദ്യാഭ്യാസത്തിലെത്തിക്കുന്നതാണ് M.touch പദ്ധതി. അതിരൂപതയിലെ മുപ്പത്തിയഞ്ചോളം ഗുണഭോക്താക്കളായ കുട്ടികൾ പരിപാടിയിൽ സന്നിഹിതരായിരുന്നു. മരിയിൻ എൻജിനീയറിംഗ് കോളേജ് & മരിയൻ ആർക്കിടെക് കോളേജ് മാനേജ്മെന്റ്, സ്റ്റാഫ്, വിദ്യാർത്ഥികൾ ചേർന്നാണ് മറ്റ് സ്ഥാപനങ്ങൾക്ക് മാതൃകയാക്കാവുന്ന ഈ മഹനീയ പദ്ധതിക്ക് നേതൃത്വം നൽകുന്നത്.





മരിയൻ കോളേജ്
ഓഫ് ആർട്സ് & സയൻസ്
മേനംകുളം, തിരുവനന്തപുരം - 695582
Affiliated to University of Kerala & AICTE
നാലു വർഷ ഓണേഴ്സ് ബിരുദ കോഴ്സുകൾ
2024 വർഷം മുതൽ ആരംഭിക്കുന്നു.
FYUGP IN THE MAJOR DISCIPLINES WITH SPECIALISATION
3 YEAR DEGREE / 4 YEAR HONOURS
BA English - Language & Literature
BBA - Logistics
B.Com - Business Information Systems
BSc Zoology - Fisheries
BSc Computer Science Machine Learning
BSc Geography – Disaster Management
COURSES OFFERED BY THE MINOR DISCIPLINES
Botany
Biochemistry
Mathematics
Statistics
Geology
Hindi
Malayalam
Latin
Physical Education
PG PROGRAMME
M.Com
CUTTING-EDGE COURSES OFFERED UNDER FYUGP
•Cyber Forensic •Artificial Intelligence •Web Programming •Cancer Biology •Nanobiology •Gemology •FINTECH •Sustainable Business Practice •Behavioural Finance •Diagnostic Biochemistry •Herbal Cosmetics •English for Employability •Digital marketing •Remote Sensing & GIS •Writing for Print Media •Life style Management & Healthy Ageing •Entrepreneurship and Startup Ecosystem •Logistics and Supply Chain Management •Bio-economics & Ecotourism
FOR MANAGEMENT SEATS APPLY ONLINE
www.mcas.ac.in/
9526605413
marian@mcas.ac.in


സെന്റ്. ആന്റണീസ് ദൈവാലയം, കുലശേഖരം
തിരുവനന്തപുരം ലത്തീൻ അതിരൂപത
വജ്ര ജൂബിലി ആഘോഷവും വിശുദ്ധ അന്തോണീസിന്റെ തിരുനാളും
2024 ജൂൺ 9 മുതൽ 16 വരെ
ദൈവജനത്തിന് സ്വാഗതം
ഫാ. ജെറോം അമൃതയ്യൻ (ഇടവക വികാരി)
ഇടവക കമ്മിറ്റി & തിരുനാൾ കമ്മിറ്റി

## ആശംസ

*വരാപ്പുഴ അതിരൂപത സഹായമെത്രാൻ*
*അഭിവന്ദ്യ ആന്റണി വാലുങ്കൽ പിതാവിനെക്കുറിച്ച്*



# ആത്മീയപിതാവ് അജപാലകന്റെ പൂർണതയിൽ എത്തുമ്പോൾ എന്നധരങ്ങൾ വാചാലമാകുന്നു

വിശുദ്ധ ഡോൺബോസ്കോ ഒരു സായാഹ്നത്തിൽ തന്റെ ഓറിട്ടറിയിലെ കുട്ടികളെ അടുത്ത് വിളിച്ചുകൊണ്ട് ഇപ്രകാരം ചോദിക്കുന്നു,

'മക്കളെ ഏതാനും മണിക്കൂറുകൾക്കുള്ളിൽ നിങ്ങൾ മരിക്കുമെന്ന് സങ്കൽപ്പിക്കുക, മരിക്കുന്നതിന് ഏതാനും മണിക്കൂറുകൾക്കുള്ളിൽ എന്തു ചെയ്തു തീർക്കാനാണ് നിങ്ങൾ ആഗ്രഹിക്കുന്നത്?' കുട്ടികൾ ഓരോരുത്തരും വ്യത്യസ്തമായ ഉത്തരങ്ങൾ പറഞ്ഞു. ചിലർ പറഞ്ഞു, അവസാനത്തെ മണിക്കൂറുകൾ ഞാൻ ദിവ്യകാരുണ്യസന്നിധിയിൽ ചിലവഴിക്കും. മറ്റു ചിലർ പറഞ്ഞു, ആരോടെങ്കിലും അപമര്യാദയായി പെരുമാറിയിട്ടുണ്ടെങ്കിൽ അവരോട് ക്ഷമ ചോദിക്കും, മറ്റു ചിലർ കുമ്പസാരിച്ചു മരണത്തിനുവേണ്ടി ഒരുങ്ങും എന്നുപറഞ്ഞു. കുഞ്ഞു ഡോമിനിക് സാവിയോയുടെ ഊഴം വന്നപ്പോൾ സാവിയോ നിഷ്കളങ്കമായി പറഞ്ഞു, 'ഫാദർ, ഞാൻ ഇപ്പൊ എന്താണോ ചെയ്തുകൊണ്ടിരിക്കുന്നത് അതു ഞാൻ ചെയ്തുകൊണ്ടിരിക്കും, കാരണം ഞാൻ എപ്പോഴും ഒരുക്കമുള്ളവനായിരിക്കുന്നു.' ഇതുപോലെ ഒന്നിനെക്കുറിച്ചും ആകുലത ഇല്ലാത്ത എല്ലാം ദൈവഹിതമാണെന്ന് തിരിച്ചറിയുന്ന ഒരു പ്രകൃതം ആണ് അഭിവന്ദ്യ ആന്റണി വാലുങ്കൽ പിതാവിന്റേത്. എപ്പോഴും ആത്മീയമായ ഒരുക്കത്തോടെ ജീവിക്കുന്ന പുരോഹിതശ്രേഷ്ഠൻ.

അഭിവന്ദ്യ ആന്റണി വാലുങ്കൽ പിതാവിനെകുറിച്ചുള്ള ഓർമ്മകൾ ഹൃദയവിശാലതയിൽ നിന്ന് എന്നെ വാചാലനാകാൻ പ്രേരിപ്പിക്കുന്നു. ആലുവ കർമ്മലഗിരി സെമിനാരിയിൽ തത്വശാസ്ത്ര പഠനം ആരംഭിക്കുന്ന അതേ വർഷത്തിൽതന്നെയാണ് വാലുങ്കൽ അച്ചൻ കർമ്മലഗിരി സെമിനാരിയിൽ ആത്മീയപിതാവായി നിയമിതനാകുന്നത്. തലക്കനം തൊട്ടുതീണ്ടാത്ത ഒരു വൈദീകൻ, വിനയത്തിന്റെ മാതൃകകൊണ്ട് എല്ലാവരെയും തന്നിലേക്ക് ആകർഷിക്കുന്ന പുരോഹിതൻ. നിഷ്കളങ്കമായ നർമ്മംകൊണ്ട് വചനപീഠത്തിലേക്കും ഈശോയിലേക്കും വിശ്വാസികളെ ആനയിക്കുന്ന വചനോപാസകൻ. പുരോഹിതർക്കും വിശ്വാസികൾക്കും മാതൃകയാക്കാൻ സാധിക്കുന്ന വ്യക്തിത്വം.

സെമിനാരി വിദ്യാർഥികളുടെ രൂപീകരണത്തിൽ എപ്പോഴും മാതൃകയാണ് വലുങ്കൽ അച്ചൻ. അഭിവന്ദ്യ സൂസപാക്യം പിതാവ് എപ്പോഴും വൈദീകവിദ്യാർത്ഥികളെ ആവർത്തിച്ചു ഓർമ്മിപ്പിക്കുന്ന ഒരു കാര്യം, പ്രാർത്ഥിക്കുന്ന, ജീവിതസാക്ഷ്യം നൽകുന്ന വൈദീകർ ആകണം എന്നാണ്. സൂസപാക്യം പിതാവിന്റെ മേൽപ്പറഞ്ഞ വാക്കുകളുടെ ജീവിതസാക്ഷാത്ക്കാരം ഞാൻ കണ്ടത് വാലുങ്കൽ അച്ചനിൽ ആണ്. വാലുങ്കൽ പിതാവിന്റെ ജീവിതത്തെക്കുറിച്ച് ഓർക്കുമ്പോൾ ഓർമ്മയിൽ പതിയുന്നത്, എപ്പോഴും സന്തോഷത്തോടെയിരിക്കുവിൻ. ഇടവിടാതെ പ്രാർഥിക്കുവിൻ. എല്ലാക്കാര്യങ്ങളിലും നന്ദി പ്രകാശിപ്പിക്കുവിൻ. ഇതാണ് യേശുക്രിസ്തുവിൽ നിങ്ങളെ സംബന്ധിച്ചുള്ള ദൈവഹിതം. (1 തെസ. 5:1517).

സെമിനാരിയിൽ പഠിക്കുമ്പോൾ എപ്പോഴും വാലുങ്കൽ അച്ചനെ ചെറുപുഞ്ചിരിയോടെ മാത്രമേ കാണാൻ സാധിക്കൂ. ദൈവാലയത്തിൽ മുട്ടിന്മേൽ ഇരുന്ന് ദീർഘനേരം പ്രാർത്ഥിക്കുന്ന അച്ചനെ മാതൃകയാക്കിയ ഒത്തിരി വൈദീകരും വൈദീകവിദ്യാർത്ഥികളും ഇന്ന് കേരളസഭയിൽ ഉണ്ട് എന്നുള്ളത് ഒരു യാഥാർഥ്യമാണ്. ആന്റണി വാലുങ്കൽ അച്ചനെ വരാപ്പുഴ അതിരൂപതയുടെ സഹായമെത്രാനായി പ്രഖ്യാപിച്ചതിനു ശേഷം അഭിവന്ദ്യ പിതാവിന്റെ സഹോദരി സിസ്റ്റർ ജാൻസി വാലുങ്കലിന്റെ അടുക്കൽ ഒരു മാധ്യമ പ്രവർത്തകൻ ചെന്ന് ഇപ്രകാരം ചോദിച്ചു, 'ആന്റണി അച്ചൻ ബിഷപ്പ് ആകുമെന്ന് പ്രതീക്ഷിച്ചിരുന്നോ?' സിസ്റ്റർ ജാൻസിയുടെ മറുപടി ഇപ്രകാരമായിരുന്നു. 'ഒരിക്കലും പ്രതീക്ഷിച്ചിരുന്നില്ല,' ഒപ്പം കൂട്ടി ചേർത്തത്, 'ആന്റണി അച്ചൻ പോലും അങ്ങനെ ഒരാഗ്രഹവുമായി നടന്നിട്ടില്ല.' അത് കുറച്ചുകൂടി സ്ഥിരീകരിക്കുന്നത് അഭിവന്ദ്യ ആന്റണി വാലുങ്കൽ പിതാവിന്റെ മറുപടി പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു വയ്ക്കുന്നുണ്ട്, 'വല്ലാർപാടത്തമ്മയുടെ ഇതുവരെ സംഭവിച്ചിട്ടുള്ള അത്ഭുതങ്ങളിൽവച്ച് ഏറ്റവും വലിയ അത്ഭുതമാണ് ഞാൻ മെത്രാനായത്.' മനുഷ്യൻ കാണുന്നതല്ല കർത്താവ് കാണുന്നത്. മനുഷ്യൻ ബാഹ്യരൂപത്തിൽ ശ്രദ്ധിക്കുന്നു; കർത്താവാകട്ടെ ഹൃദയഭാവത്തിലും. (1 സാമുവൽ 16 : 7). എളിമയുടെ മാതൃക കാണിക്കാൻ ദൈവം എളിയവനായ ആന്റണി വാലുങ്കൽ പിതാവിനെ തെരഞ്ഞെടുത്തുവെങ്കിൽ, അദ്ദേഹത്തിലൂടെ കേരള സഭയെ വിശുദ്ധീകരിക്കാനും എളിമയുടെ പാതയിലൂടെ നയിക്കുവാനും ക്രൂശിതനായ ക്രിസ്തുവും ക്രൂശിതന്റെ കുരിശിൻ ചുവട്ടിൽ തന്മയീഭാവത്തോടെ നിന്ന പരിശുദ്ധ കന്യകമറിയവും സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു, ആശംസിക്കുന്നു. ■



**ഫാ. ജോസ് വർഗീസ്**
ആലുവ സെമിനാരിയിലെ
പൂർവവിദ്യാർത്ഥി

# സ്നേഹം പ്രാക്ടിക്കലാകണം

**പരിശുദ്ധ ദിവ്യകാരുണ്യ തിരുനാൾ (ജൂൺ 2)** പുറ. 24: 3-8, ഹെബ്രാ. 9: 11-15, മാർക്കോ 14: 12-16, 22-26

**ഫാ. വിക്ടർ എവരിസ്റ്റസ്**

യേശുവിന്റെ അനുകമ്പയുടെ കവിഞ്ഞൊഴുകലാണ് കുർബാനയപ്പം. അവിടുത്തെ സ്നേഹത്തിന്റെ പരമകോടിയാണ് വി.കുർബാനയുടെ പ്രതീകമായ അപ്പം വർദ്ധിപ്പിക്കലിലൂടെ സുവിശേഷകൻ വെളിപ്പെടുത്തിത്തരുന്നത്.

തത്വശാസ്ത്രത്തിന്റെ ലോകത്ത് വ്യത്യസ്തമായ ഒരു ചിന്താധാര വെട്ടിത്തുറന്ന ദാർശനികനാണ് ഇമ്മാനുവേൽ ലെവിനാസ് (Immanuel Levinas) അപരൻ (The Other) എന്ന രഹസ്യത്തെ ഗൗരവമായി അവതരിപ്പിച്ച ഈ ചിന്തകൻ അപരനോടുള്ള നമ്മുടെ മനോഭാവം അനുകമ്പയുടേതാകണം (Compassion) എന്ന് ഓർമ്മിപ്പിച്ചു. അനുകമ്പ (Compassion) എന്ന പദത്തിന് കൂടെ സഹിക്കുക (Suffering with) എന്ന ആഴമായ അർത്ഥമാണുള്ളത് (Compassion = Cum+ Passion).

ഒരുദാഹരണം എല്ലാം വ്യക്തമാക്കും. വിശന്നു വലഞ്ഞ ഒരു യാചകൻ ഭക്ഷണത്തിനായി കേഴുമ്പോൾ തന്റെ ഹോട്ടലിൽ നിന്ന് മിച്ചം വന്ന ഭക്ഷണത്തിൽ കുറച്ച് കൊടുത്ത് ഹോട്ടലുടമ ആ യാചകന്റെ വിശപ്പടക്കുന്നു. പിറ്റേ ദിവസം യാചകൻ കൈ നീട്ടുന്നത് പാവപ്പെട്ട ഒരു വഴിപോക്കന്റെ മുന്നിലാണ്. തന്റെ പൊതിച്ചോറിൽ പാതി ആ മനുഷ്യൻ യാചകനു കൊടുക്കുന്നു. പാതി ഒട്ടിയ വയറോടെ വീണ്ടും യാത്ര തുടരുന്നു. ഹോട്ടലുടമ യാചകനോട് ദയ കാട്ടി. എന്നാൽ അനുകമ്പാർദ്രസ്നേഹം പ്രകടമാക്കിയത് പാവപ്പെട്ട വഴിയാത്രക്കാരനാണ്. കാരണം, അനുകമ്പയെന്നത് സഹസഹനമാണ് (Suffering with) .

യേശുവിന്റെ അനുകമ്പയുടെ കവിഞ്ഞൊഴുകലാണ് കുർബാനയപ്പം. അവിടുത്തെ സ്നേഹത്തിന്റെ പരമകോടിയാണ് വി.കുർബാനയുടെ പ്രതീകമായ അപ്പം വർദ്ധിപ്പിക്കലിലൂടെ സുവിശേഷകൻ വെളിപ്പെടുത്തിത്തരുന്നത്. അപ്പം വർദ്ധിപ്പിക്കലിന്റെ കാരണം അന്വേഷിച്ചാൽ മനസ്സിലാകും യേശുവിന്റെ അനുകമ്പയാണ് അതിന്റെ അടിസ്ഥാനമെന്ന്. ഈ ജനക്കൂട്ടത്തോട് എനിക്ക് അനുകമ്പ തോന്നുന്നു (മാർക്കോ. 8:2). അവരോട് അവന് അനുകമ്പതോന്നി (മാർക്കോ. 6:34).

ജീവിതത്തിലുടനീളം അനുകമ്പയുടെ ആൾരൂപമായി യേശു നിലകൊണ്ടു. കുഞ്ഞുങ്ങളെ തന്റെ അടുക്കലേക്ക് അവൻ ഊഷ്മളമായി സ്വാഗതം ചെയ്തു. നിത്യജീവനുവേണ്ടി ദാഹിച്ച ധനിക യുവാവിനു സ്നേഹമേകി. പാപിനിക്കു മാപ്പുകൊടുത്തു. രോഗികൾക്കു സൗഖ്യം നൽകി. ലാസറിന്റെ മരണത്തിൽ മനം നൊന്ത മറിയത്തോടും യഹൂദരോടുമൊത്ത് അവനും കണ്ണീർ പൊഴിച്ചു. അപരന്റെ നൊമ്പരത്തിൽ കരളലിയുന്നവനാണ് അനുകമ്പയുള്ളവൻ. നല്ല സമരിയാക്കാരന്റെ ഹൃദയം സ്വന്തമാക്കുകയാണ് അനുകമ്പയുള്ളവരാകുക എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. കാരണം, അനുകമ്പ ഒരിക്കലും സഹതാപമല്ല, സഹസഹനമാണ്.

ചിന്തകനായ ഇമ്മാനുവേൽ ലെവിനാസിന്റെ വീക്ഷണത്തിൽ മൂന്നു തരത്തിൽ അപരനോട് നമുക്ക് പ്രതികരിക്കാനാവും. ഒന്നാമതായി ഒരു വസ്തുവായി (Object) കണ്ട് അപരനോട് പെരുമാറാം. രണ്ടാമത്തേത് എനിക്കു സമനായി കരുതി അവനോട് ഇടപെടാം. മൂന്നാമത്തേതാകട്ടെ, എന്നെത്തന്നെ വെടിഞ്ഞ് അവനെ ശുശ്രൂഷിക്കുന്ന, അവനെ യജമാനനായി



ക്കണ്ട് പെരുമാറുന്ന ഒരു സ്ഥിതി വിശേഷം. യേശുനാഥൻ കാട്ടിത്തന്നത് ഇപ്രകാരം ഒരു മനോഭാവം പാദക്ഷാളനത്തിലൂടെയും, നല്ല സമരിയക്കാരന്റെ ഉപമ പറഞ്ഞു തന്നതിലൂടെയുമൊക്കെയാണ്. ഇതിലൂടെ അനുകമ്പയുടെ മൂന്നാമത്തെ തലത്തിലേക്ക് അവിടുന്ന് നമ്മെ ക്ഷണിക്കുകയാണ്.

ഇവിടെയെല്ലാം കുർബാനയപ്പത്തിന്റെ സംസ്കാരം വളർത്തിക്കൊണ്ടുവരുവാൻ നമുക്ക് കടമയുണ്ട്. മറ്റുള്ളവർ തളർന്നു വീഴാതിരിക്കാൻ അവർക്ക് അപ്പമായിത്തീരുന്ന കുർബാനയപ്പത്തിന്റെ സംസ്കാരം. ആരും മുറിവേൽക്കാതിരിക്കാൻ സ്വയം മുറിഞ്ഞ് ഇല്ലാതായിത്തീരുന്ന കുർബാനയപ്പത്തിന്റെ സംസ്കാരം. ഉള്ളതുമുഴുവൻ പങ്കുവച്ച് സ്വയം ഇല്ലാതാകുന്ന ഒരു മനോഭാവം. അനുകമ്പയുള്ള വ്യക്തികളായി മാറാനാണ് വചനം നമ്മെ ക്ഷണിക്കുന്നത്. സ്വാർത്ഥതയുടെ കൂടുകൾ പൊളിച്ച് അപരനിലേക്ക് പറന്നിറങ്ങുവാനുള്ള ആഹ്വാനമാണിത്. ഇത് ഒരു വിളിയാണ്, ഒപ്പം ഒരു വെല്ലുവിളിയും. ഇത് സ്വീകരിക്കുവാൻ മാർക്കോസ് സുവിശേഷകൻ നമ്മെ ക്ഷണിക്കുകയാണ്. അപ്പത്തിന്റെയുള്ളിൽ വിരിയുന്ന അനുകമ്പയുടെ ചിത്രം സ്വന്തമാക്കാൻ. ആരൊക്കെ പരാജയപ്പെട്ടാലും തോറ്റു പിൻമാറാതെ ഗുരുവിന്റെ ഹൃദയമറിഞ്ഞ് സ്നേഹിക്കുന്ന ശിഷ്യനാകാൻ. ദൈവാനുകമ്പയുടെ മനുഷ്യരൂപമാകാൻ ഒരു ക്ഷണം. Is it a deal or no deal?

വായിച്ചറിഞ്ഞ ഒരു കഥയിങ്ങനെയാണ്. അയർലണ്ടിലെ ഒരിടവകയിൽ തന്റെ പൗരോഹിത്യ സ്വീകരണത്തിനു മുമ്പ് മൂന്നുമാസക്കാലം ശുശ്രൂഷ ചെയ്യാനെത്തിയ ഒരു ഡീക്കന്റെ കഥ. ജോലിക്കിടയിൽ പ്രാർത്ഥിക്കാനായി എപ്പോഴൊക്കെ അദ്ദേഹം ആ ഇടവക ദൈവാലയത്തിൽ പോയിരുന്നുവോ അപ്പോഴൊക്കെ ഭ്രാന്തനായ ഒരു മനുഷ്യനെ അവിടെ കണ്ടിരുന്നു. വായിൽ എന്തോ ചവച്ചരച്ചും, പള്ളിയിൽ സ്രാഷ്ടാംഗ പ്രണാമം ചെയ്തുകൊണ്ടും അവിടെത്തന്നെ കഴിച്ചുകൂട്ടുന്ന ഒരു മധ്യവയസ്ക്കൻ. ഇക്കാര്യം അദ്ദേഹം വികാരിയച്ചന്റെ ശ്രദ്ധയിൽപ്പെടുത്തി. വികാരി ആളെ തിരിച്ചറിഞ്ഞു. ഇതു നമ്മുടെ ഡേവിഡല്ലേ! അച്ചൻ ഡീക്കന് കാര്യങ്ങൾ വിശദമാക്കിക്കൊടുത്തു. ഒരു കാറപകടമാണ് എല്ലാം നഷ്ടപ്പെടുത്തിയത്. കളക്ടറായിരുന്ന ആ മനുഷ്യന് ഭാര്യയും മക്കളും എല്ലാ നഷ്ടമായി. ഒപ്പം ബുദ്ധിക്കും തകരാറേറ്റു. എല്ലാം കേട്ടപ്പോൾ ഡീക്കന് ആ മനുഷ്യനോട് ആദരവും സ്നേഹവും വർദ്ധിച്ചു. തന്റെ Ministry അവസാനിച്ചപ്പോൾ അദ്ദേഹം ഡേവിഡിന്റെ പക്കലെത്തി. പൗരോഹിത്യം സ്വീകരിക്കാൻ ഒരുങ്ങുന്ന തനിക്ക് ഒരു ഉപദേശം തരണമെന്ന് അപേക്ഷിച്ചു. അതുവരെ ഒരു വാക്കു പോലും ഉരിയാടാത്ത ആ മനുഷ്യൻ സംസാരിച്ചു: God is Compassion'.

സ്നേഹം പ്രാക്ടിക്കലാക്കാനാണ് വചനം നമ്മോട് ഇന്ന് ആവശ്യപ്പെടുന്ന മറ്റൊരു കാര്യം. സ്നേഹിക്കുന്നു എന്നു പറയുവാൻ എല്ലാവർക്കും എളുപ്പമാണ്. പക്ഷേ, മെയ്യനങ്ങി എന്തെങ്കിലും ചെയ്യേണ്ടിവരുമ്പോൾ നമ്മുടെയൊക്കെ സ്നേഹം എവിടെയോ പോയ്മറയുകയാണ്. യേശു തന്നെതന്നെ പൂർണ്ണമായും വിട്ടുതരികയാണ് വി.കുർബ്ബാനയിലൂടെയാണ്. ചങ്കു പറിച്ചു തരുന്ന സ്നേഹമാണത്. അതുകൊണ്ടാണല്ലോ ദിവ്യകാരുണ്യം ദൈവത്തിന്റെ ചങ്കായ യേശുവിന്റെ ചങ്കാണ് എന്ന് പറയുക, (Eucharist is the heart of jesus, the h-eart of God).

സമയവും ആരോഗ്യവും കഴിവും അപരനുവേണ്ടി വ്യയം ചെയ്യുമ്പോൾ നമ്മളും മുറിയപ്പെടുന്ന അപ്പത്തിന്റെ ചൈതന്യത്തിലേക്ക് എത്തുകയാണ്. ഈ ചൈതന്യമാവണം തന്റെ വൃക്കകളിൽ ഒന്ന് ദാനം ചെയ്യാൻ തിരുവനന്തപുരം ലത്തീൻ അതിരൂപത യിലെ കൊച്ചുതുറ ഇടവകയിലെ ബഹുമാനപ്പെട്ട ബാബ്ബു കപ്പൂച്ചിൻ അച്ചന് പ്രേരണയായത്. ഇങ്ങനെ എത്രയെത്ര ഉദാഹരണങ്ങൾ, നമ്മുടെ കൺമുൻപിലുണ്ട്.

എങ്ങനെയാണ് മുറിയപ്പെടുന്ന സ്നേഹത്തിന്റെ വക്താക്കളാവാൻ സാധിക്കുക? എങ്ങനെയാണ് അപരന് വേണ്ടി ആത്മദാനം നടത്താൻ പറ്റുക? പരിധികളില്ലാതെ മറ്റുള്ളവരെ സ്നേഹിക്കുക (Uncondtional positive regard for others).

ഉപകാരം ചെയ്തവർക്കും, ഉപദ്രവിച്ചവർക്കും ഊട്ടുമേശ പങ്കിട്ടവന്റെ മാതൃക സ്വന്തമാക്കുക, വഞ്ചിച്ചവരോടും, പ്രതി കാരം ചെയ്തവരോടും, പാരവച്ചവരോടും പൊറുക്കാൻ സാധിക്കുക. അവരെയും ചേർത്തണക്കുവാനായാൽ നമ്മൾ കുർബ്ബാനയുടെ കളരിയിലേക്ക് പ്രവേശിക്കുകയാണെന്ന് തിരിച്ചറിയുക. പഴയ നിയമത്തിലെ ജോസഫിന്റെ കഥ അറിയില്ലേ ഇത്ര മാത്രം സഹോദരങ്ങൾ ദ്രോഹിച്ചിട്ടും ജോസഫ് അവരെ ചേർന്നാശ്ലേഷിച്ചു. മാത്രമല്ല, ഒരു പുത്രൻ ജനിച്ചപ്പോൾ അവൻ പേരിട്ടു മനാസ്സേ. അതായത് നീ മറക്കണം എന്നർത്ഥം.

യേശുവിനേപ്പോലെ ശരീരവും രക്തവും അപരർക്കായി പങ്കു വയ്ക്കാനാണ് നമ്മൾ ക്ഷണിക്കപ്പെട്ടിരിക്കുന്നത് എന്ന സത്യം തിരിച്ചറിയാം. ആത്മദാനത്തിന്റെ മാതൃകയ്ക്കേ ഹൃദയങ്ങളെ തൊടാൻ സാധിക്കൂ. ■

# തിരുഹൃദയ തിരുനാൾ

**തിരുഹൃദയ തിരുന്നാൾ (ജൂൺ 9)** ഹോസി. 11 : 1,3-4. 8C-9 എഫെ. 3 : 8-12, 14-19 യോഹ. 19: 31-37

**ഫാ. ഡൈസൻ**

സ്നേഹം കൊണ്ട് മുറിപ്പെടുന്ന ഹൃദയമാണ് യേശുവിന്റെ തിരുഹൃദയം. എല്ലാ മുറിവുകളെയും കാലം സുഖപ്പെടുത്തുമ്പോഴും സ്നേഹം നല്കിയ മുറിവുകൾ മാത്രം ഉണങ്ങുന്നില്ല. അവിടെ നിന്ന് എപ്പോഴും രക്തം കിനിയുന്നു. ക്രിസ്തുവിന് മനുഷ്യരോടുള്ള സ്നേഹമാണ് മുറിവായി മാറിയത്. ആ മുറിവിൽ നിന്നുമാണ് മനുഷ്യരക്ഷയുടെ രക്തവും ജലവും ഒഴുകിയത്. വി.ജേറോം പറയുന്നു. 'ജലം

നമ്മെ ശുദ്ധികരിക്കുന്നു. രക്തം നമ്മെ രക്ഷിക്കുന്നു.' അങ്ങനെ ക്രിസ്തുവിന്റെ ഹൃദയം കൂദാശകളുടെ ഉറവിടമായി മാറി. വി.ബർണാർഡ് പറയുന്നു. 'കർത്താവിന്റെ പാർശ്വം തുളച്ചു കയറിയ കുന്തം അവിടത്തെ തിരുഹൃദയത്തിലെ രഹസ്യങ്ങളെ വെളിവാക്കി. ' സഭാ പിതാക്കന്മാർ യേശുവിന്റെ വിലാവിൽ നിന്നും ഒഴുകിയ രക്തത്തെ പരിശുദ്ധ കുർബാനയുടെ പ്രതികമായും ജലത്തെ ജ്ഞാനസ്നാനത്തിന്റെ പ്രതികമായും ചിത്രികരിക്കുന്നു.

ക്രിസ്തുവിന്റെ ഹൃദയം തിരുഹൃദയമായത് സ്നേഹത്താൽ കൂദാശ ചെയ്തതുകൊണ്ടാണ്. നമ്മുടെ ഹൃദയങ്ങളെയും സ്നേഹത്താൽ വിമലികരിക്കപ്പെടുമ്പോൾ ക്രിസ്തുവിന്റെതുപോലെ ആകുന്നു. എന്റെ ഹൃദയം തിരുഹൃദയമാകണമെങ്കിൽ

> സ്നേഹത്തിന്റെ കാണപ്പെടുന്ന രൂപമാണ് ഹൃദയം. ദൈവം വസിക്കുന്ന സ്വർഗ്ഗത്തിനും ഹൃദയത്തിന്റെ രൂപമായിരിക്കണം! ഹൃദയമുള്ളവർക്കേ സ്വർഗ്ഗത്തിൽ പോകാൻ സാധിക്കുകയുള്ളൂ. കാരണം ജീവിത സായാഹ്നത്തിൽ കുരിശിന്റെ വിശുദ്ധ യോഹന്നാൻ പറയുന്നതുപോലെ സ്നേഹത്തെ അടിസ്ഥാനപ്പെടുത്തി വിധിക്കപ്പെടും. സ്നേഹമെന്നാൽ ഹൃദയമെന്നാണ് അർത്ഥം.

## ഹൃദയമുള്ള മനുഷ്യനാകണം

സ്നേഹത്തിന്റെ കാണപ്പെടുന്ന രൂപമാണ് ഹൃദയം. ദൈവം വസിക്കുന്ന സ്വർഗ്ഗത്തിനും ഹൃദയത്തിന്റെ രൂപമായിരിക്കണം! ഹൃദയമുള്ളവർക്കേ സ്വർഗ്ഗത്തിൽ പോകാൻ സാധിക്കുകയുള്ളൂ. കാരണം ജീവിത സായാഹ്നത്തിൽ കുരിശിന്റെ വിശുദ്ധ യോഹന്നാൻ പറയുന്നതുപോലെ സ്നേഹത്തെ അടിസ്ഥാനപ്പെടുത്തി വിധിക്കപ്പെടും. സ്നേഹമെന്നാൽ ഹൃദയമെന്നാണ് അർത്ഥം. ഹൃദയമില്ലാത്ത മനുഷ്യനെന്നാൽ സ്നേഹമില്ലാത്ത മനുഷ്യനാണ്. സ്നേഹത്തിന്റെ അസാന്നിദ്ധ്യമാണ് നരകം! നരകമെന്നതിന്റെ അർത്ഥം തന്നെ സ്നേഹിക്കാനുള്ള കഴിവില്ലായ്മയാണ്.

അയ്യപ്പപണിക്കരുടെ അമേരിക്കായെന്ന കവിതയിൽ അമേരിക്കയെന്ന കൈ കവി ഹസ്തരേഖാശാസ്ത്രം ഉപയോഗിച്ച് പരിശോധിക്കുന്നു. ആ കൈയ്യിൽ സമ്പന്നതയെന്ന രേഖയുണ്ട്, ആർഭാടമെന്ന രേഖയുണ്ട്. അധാർമ്മികതയുടെ രേഖ നിഴലായി കാണാം. വികലബന്ധങ്ങളുടെ രേഖയും കാണാം. എന്നാൽ കാണാൻ സാധിക്കാത്തത് സ്നേഹം കൊണ്ട് സൃഷ്ടിക്കപ്പെടുന്ന ഹൃദയ രേഖയെയാണ്. സ്നേഹം നഷ്ടപ്പെടുത്തി നരകം സ്വന്തമാക്കുന്ന മനുഷ്യന്റെ ഹൃദയം കരിങ്കല്ലിന് സമാനാമാണ്. അതുകൊണ്ട് പ്രവാചകൻ പറയുന്നു: ഒരു പുതിയ ഹൃദയം നിങ്ങൾക്ക് ഞാൻ നല്കും. ഒരു പുതു ചൈതന്യം നിങ്ങളിൽ ഞാൻ നിക്ഷേപിക്കും; നിങ്ങളുടെ ശരീരത്തിൽ നിന്ന് ശീലഹൃദയം എടുത്തു മാറ്റി മാംസള ഹൃദയം നല്കും (എസെ 36:26)



കയ്യഫാസിനെപോലെ വസ്ത്രത്തെയല്ല കീറേണ്ടത് സ്നേഹം കൊണ്ട് ദാവിദിനെപോലെ, പൗലോസിനെപോലെ ഹൃദയത്തെയാണ് കീറേണ്ടത്. സ്നേഹം കൊണ്ട് ഹൃദയം കീറപ്പെട്ട ഒരു ദൈവത്തിന്റെ മക്കളാണ് നാം. എങ്കിൽ സ്നേഹം കൊണ്ട് ഹൃദയമുള്ള മനുഷ്യരാകാം. ഹൃദയം വെറുമൊരു ഇറച്ചികഷ്ണമല്ല. സ്നേഹം കൊണ്ട് ഉണ്ടാകുന്ന അവയവമാണ്. അത് നന്നായാൽ എല്ലാം നന്നായി!

ഹൃദയമുള്ള മനുഷ്യരെ തേടി പകലിൽ റാന്തൽ വെളിച്ചമേന്തിയ യവനചിന്തകനോട് ഒരാൾ ചോദിച്ചു. ഈ പട്ടാപകലിൽ, സൂര്യൻ ജ്വലിച്ചു നില്കുന്ന ഈ സമയത്ത് റാന്തൽ വെളിച്ചത്തിന്റെ ആവശ്യകതയെന്ത്? ഈ വെളിച്ചം കൊണ്ട് ഞാൻ മനുഷ്യരെ തിരയുന്നു. എനിക്ക് ആരെയും കാണാൻ സാധിക്കുന്നില്ല.

സ്വർത്ഥതയുടെയും അഹങ്കാരത്തിന്റെയും ഈ ലോകത്തിൽ ഹൃദയം നഷ്ടപ്പെട്ട മനുഷ്യർക്ക് അനുതാപത്തിന്റെ കണ്ണുനീരിലൂടെയും, കാരുണ്യപ്രവർത്തികളിലൂടെയും സ്നേഹമെന്ന വലിയ സുകൃതം സ്വന്തമാക്കാം. ആ സ്നേഹം കൊണ്ട് നമ്മുടെ ഹൃദയങ്ങളെ വിശുദ്ധീകരിക്കാം.

## ഹൃദയം തിരുഹൃദയമാകണം

മനുഷ്യഹൃദയം തിരുഹൃദയംപോലെ ആകുന്നത് ദൈവത്തിന്റെ ഹൃദയവുമായി അലിഞ്ഞ് ഒന്നാകുമ്പോഴാണ്; ഒട്ടി ചേരുമ്പോഴാണ്. ഒരു മണിക്കൂർ നേരംപോലും കൂട്ടിനിരിക്കാൻ ആത്മാർത്ഥത കാണിക്കാത്ത പത്രോസും സംഘവും പിന്നിട്ട് ജീവിതം തന്നെ മുഴുവനായി ക്രിസ്തുവിന് സമർപ്പിക്കാൻ മുന്നോട്ട് വന്നത് അവരുടെ ഹൃദയം യേശുവിന്റെ ഹൃദയവുമായി ഒന്നിച്ചതുകൊണ്ടാണ്. പൗലോസിന്റെ ഹൃദയം യേശുവിന്റെ ഹൃദയവുമായി ഒന്നായപ്പോൾ പൗലോസ് പറഞ്ഞു: ഇനിമേൽ ഞാനല്ല ജീവിക്കുന്നത്, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത് (ഗലാ 2:20). എനിക്ക് ജീവിതം ക്രിസ്തുവും മരണം നേട്ടവുമാകുന്നു (ഫിലിപ്പി 1:21).

ഇസ്രായേൽ ജനത അവരുടെ ഹൃദയം ദൈവത്തോട് ചേർത്തു വച്ച അവസരങ്ങളിൽ വിജയവും ഐശ്വര്യവും അവരോടുകൂടെ ഉണ്ടായിരുന്നു. അവരുടെ ഹൃദയങ്ങൾ അകന്നപ്പോൾ മർക്കടമുഷ്ടിക്കാരായി മാറി. ദൈവത്തോട് ഹൃദയത്തെ ചേർത്തു വച്ച ആബേൽ ദൈവത്തിനു സ്വീകാര്യനായി എണ്ണമറ്റ ശക്തരായ എതിരാളികളെ ചെറു സൈന്യം കൊണ്ട് മക്കബായർക്ക് ജയിക്കാനായത് ദൈവത്തോട് ഹൃദയം ചേർത്തു വച്ചതുകൊണ്ടാണ്. ദൈവത്തിനുപ

കരം ധനത്തോട് ഹൃദയം ചേർത്തുവച്ച യൂദാസും ധാന്യത്തോട് ഹൃദയം ചേർത്തു വച്ച ഭോഷനായ ധനികനും ലഭിക്കുന്നത് ദാരുണമായ അന്ത്യമാണ്!

ഹൃദയത്തിൽ നിന്നും തിരുഹൃദയത്തി ലേയ്ക്കുള്ള വളർച്ച ഞാനും ക്രിസ്തുവും തമ്മിലുള്ള ദൂരമാണ്. അകലങ്ങളില്ലാതെ അടുക്കാൻ, ഞാനും ക്രിസ്തുവും തമ്മി ലുള്ള ദൂരം ഇല്ലാതാക്കാൻ പ്രാർത്ഥന അ നിവാര്യമാണ്. നമ്മുടെ ഹൃദയങ്ങളെ ദൈ വത്തിന്റെ പക്കൽ ഉയർത്തുവാൻ കൂദാശ കൾ ആവശ്യമാണ്. കല്പനകളുടെ പാ ലനവും, വചനത്തെ ഉള്ളിൽ സൂക്ഷിക്കു ന്നതും നമ്മുടെ ഹൃദയത്തെ തിരുഹൃദയ മാക്കുന്നു. ദൈവമെന്ന നിക്ഷേപം എവി ടെയോ, അവിടെ നമുക്ക് നമ്മുടെ ഹൃദയ ങ്ങളെ നിക്ഷേപിക്കാം. അങ്ങനെ എന്റെ സ്പർശം ക്രിസ്തുവിന്റെ സ്പർശമാകും എന്റെ നോട്ടം ക്രിസ്തുവിന്റെ നോട്ടമാകും. എന്റെ വചനം ക്രിസ്തുവിന്റെ വചനമാ കും.

### നന്മകൾ പൂക്കുന്ന തിരുഹൃദയമാകണം

നന്മയുടെ വിത്തുകൾ മുപ്പ തും, അറുപതും നൂറുംമേനി ഫലം പു റപ്പെടുവിക്കുന്ന നല്ല നിലമാണ് തിരു ഹൃദയം. ഹൃദയത്തിലാണ് ശത്രുക്ക ളും മിത്രങ്ങളും ജനിക്കുന്നത്. യേശു വിന്റെ ഹൃദയത്തിൽ ശത്രുക്കൾ ജനി ക്കുകയില്ല. കാരണം അവന്റെ ഹൃദ യം തിരുഹൃദയമാണ്. യേശുവിനെ പോലെ ഹൃദയത്തെ വിരൽ തുമ്പിൽ സൂക്ഷിച്ചാൽ അന്ധന് കാഴ്ചയും, ബ ധിരന് കേഴ്വിയും നല്കുവാൻ ന മുക്ക് സാധിക്കും. യേശുവിനെ പോ ലെ രക്തസ്രാവക്കാരുടെ രോഗം അ കറ്റാൻ നമുക്ക് കഴിയും. അവന്റെ വ സ്ത്രത്തിൽ മാത്രമല്ല ഉടൽ മുഴു വൻ യേശുവിന് തിരുഹൃദയമായിരു ന്നു. യേശുവിനെപോലെ തിരുഹൃദ യം വിരലിൽ സൂക്ഷിച്ച മദർ തെരേ സാ മരണാസന്നനായ ഒരു മനുഷ്യ നെ സ്നേഹപൂർവ്വം കവിളിൽ ത ലോടി. ആ മനുഷ്യൻ മിഴികളുയർ ത്തി പറഞ്ഞു. നിങ്ങളുടെ വിരലു കൾ ഒരിക്കൽ കൂടെ എന്റെ കവിളു കളിൽ ചേർത്തു വയ്ക്കു. ഞാൻ ദൈവത്തിന്റെ വിരലുകളുടെ സ്പർ ശം ഒരിക്കൽ കൂടെ അനുഭവിക്കട്ടെ!

എന്റെ കണ്ണുകളിലും കരങ്ങ ളിലും നാവിലും തിരുഹൃദയം സൂക്ഷി ക്കാനായാൽ എന്റെ ജീവിതം നന്മയു ടെ പൂക്കാലമാകും. ജൂൺ മാസം നന്മകളുടെ പൂക്കാലമാകാൻ തിരുഹൃ ദയവണക്കം ആചരിക്കുന്ന മാസം. ഭി ത്തിയിൽ തൂക്കിയിരിക്കുന്ന തിരുഹൃ ദയം നിശബ്ദമായി മന്ത്രിക്കുന്നു: നി ന്റെ ഹൃദയത്തെ എന്റെ ഹൃദയംപോ ലെ തിരുഹൃദയമാക്കു! ■

# കടുകുമണിയിൽ വിടരുന്നവർ

ആണ്ടുവട്ടം 11-ാം ഞായർ (ജൂൺ 16) എസെ. 17: 22-24 2 കൊറി. 5: 6-10 മാർക്കോ. 4 : 26-34

**ഫാ. പോൾ സണ്ണി**

ദൈവരാജ്യം വളർന്നു പന്തലിക്കേണ്ട ഒരു ഐ ഹികസൃഷ്ടിയല്ല. അത് ആത്മാവിൽ പടുത്തു യർത്തേണ്ടതാണ്. 2 നാണയത്തിന് 5 കുരു വികൾ വരെ കിട്ടുന്നു ണ്ടല്ലോ. പിന്നെന്തിനാ ണ് ഈ ആർത്തിപെരു ക്കങ്ങൾ നമുക്കു ചെറു തിൽനിന്നു തുടങ്ങാം.

മരം ബൈബിളിലെ പ്രധാന ബിംബമാ ണ്. ഏദൻതോട്ടംമുതൽ മരങ്ങളുണ്ട്. സൃ ഷ്ടിയിൽ സസ്യജാലങ്ങളുണ്ട്.

മിശിഹ വരുന്നത് ഒലിവുമലയിൽ നി ന്നാണെന്ന് യഹൂദവിശ്വാസമുണ്ട്. ജറുസ ലെമിൽനിന്ന് നിഷ്കാസിതമായ കർത്താ വിന്റെ മഹത്വം ( എസെ 11: 2) നഗരത്തി ലേക്ക് തിരിച്ചുവരുന്നത് ഒലിവുമലയിൽ നിന്നാണ് (എസെ 43:2). നോഹയുടെ കാ ലത്തെ പ്രളയത്തെ അനുസ്മരിപ്പിക്കുന്നു ണ്ട് ഒലിവുചില്ലകൾ.

ദാർശനിക ഭരണാധികാരിയായിരുന്ന മാർക്കസ് ഔറേലിയസ് പറഞ്ഞു." ഒ രേ പൂജാവേദിയിൽ അനേകം പൂക്കൾ അർപ്പിക്കപ്പെടുന്നു. ഒന്നു മറ്റൊന്നിന്റെ മു ന്നിലോ പിന്നിലോ വീണെന്നുവരാം! അ തുകൊണ്ട് എന്തെങ്കിലും വ്യത്യാസമു ണ്ടോ? എന്റെ ജീവിതം പതിനായിരം വർ ഷമാണെന്ന ഭാവത്തോടെ നീ പെരുമാറ രുത്. ഏതുസമയത്തും നിന്നെ ഗ്രസി ക്കാൻ മരണം കാത്തുനിൽക്കുന്നു. അതി നാൽ അവസരം പാഴാക്കാതെ ഇപ്പോൾ തന്നെ സൽപ്രവൃത്തികൾ ആചരിക്ക ണം."

ജീവിതം എന്നും ക്ലേശത്തിന്റെ അപ്പം ഭക്ഷിക്കലല്ല. ഏതോ മരമേലാപ്പുകളിൽ നമുക്കായുള്ള തേൻകൂടികളും ഒളിച്ചിരി പ്പുണ്ട്.

### നെബോ മലകളിൽ തളയ്ക്കപ്പെട്ടവർ

വർഷങ്ങൾനീണ്ട ഇസ്രയേൽ ജന ത്തിന്റെ കാനാൻ തേടിയുള്ള യാത്രയ്ക്ക് കണ്ണും കാതുമായി നിന്ന നേതാവ് മോ ശതന്നെയാണ്. പ്രശ്നങ്ങൾ എത്രയുണ്ടാ യി. എങ്കിലും മോശയുടെ ചങ്കിടിഞ്ഞില്ല. പക്ഷേ, നെബോ മലയിൽനിന്ന് കാനാൻ ദേശം ഉറ്റുനോക്കാനേ മോശയ്ക്ക് കഴി ഞ്ഞുള്ളൂ. പക്ഷേ, മോഹഭംഗങ്ങൾ അവ ന് ഏതൊന്നും ഉണ്ടായില്ല. ഇനിയുള്ള ചു

വടുകൾക്ക് നേതൃത്വം അഹറോന് നൽകുന്നു. വിശ്വാസത്തിന്റെ, നേതൃത്വത്തിന്റെ പ്രത്യാശയുടെ തലമുറ കൈമാറ്റം. ഇറ്റാലിയൻ ശില്പിയായ ജോവാനിഫന്റോനിയുടെ പിച്ചളസർപ്പത്തെ ഉയർത്തിയ രൂപം നെബോ മലയിൽ കാണാം. ജീവിക്കുന്നവർക്കുള്ള അടയാളം. ഈ മലയിൽനിന്ന് മോശയെപ്പോലെ നോക്കിയാൽ ചാവുകടൽ, ജറുസലേം നഗരം, ബത്ലഹേം, ജറീക്കോ, മെഡിറ്ററേനിയൽ സമുദ്രം ഇവയെല്ലാം കാണാം. അവിടങ്ങളിൽ എത്തുവാനുള്ള ദൂരങ്ങളുടെ ബോർഡുകളും കാണാം. മോശയെപ്പോലെ തന്റെ ജനത്തിനുവേണ്ടി 'നോക്കാൻ' ആഗ്രഹിക്കുന്നില്ലെങ്കിൽ നെബോ മലയിൽ ഉടയും സ്വപ്നങ്ങൾ.

## വിത്തുകളിൽ കവിത വിരിയുമ്പോൾ

വിത്തുകൾ വിതയ്ക്കുന്നതും വെള്ളവും വളവും നൽകുന്നതും കർഷകനാണ്. അവൻ ഉണർന്നിരുന്നാലും വിത്തുകളുടെ രഹസ്യം അവനറിയാനാകില്ല. വിത്തുകളിൽ കവിത എഴുതുന്നത് ദൈവമാണ്. ഇലയായ്, പൂവായ്, ധാന്യമായി അവ മാറും. അരിവാളെടുത്ത് കൊയ്യാനുള്ള നിയോഗവും കർഷകന്റേതാണ്. മണ്ണുമായി ഒരു ബന്ധം കർഷകനുണ്ട്. പരിചരണത്തിന്റെയും കരുതലിന്റെയും ബന്ധം വിത്തു പൊട്ടിമുളച്ച് വിളവാകുന്നതുവരെയുള്ള രഹസ്യം, സമയം ഇതെല്ലാം ദൈവത്തിന്റെ നിയന്ത്രണത്തിലാണ്. ദൈവരാജ്യത്തിന്റെ വളർച്ചയും ഇതുപോലെയാണ്. ക്ഷമയോടെയുള്ള കാത്തിരിപ്പ് വേണം. വിളവെടുപ്പ് (harvest) ക്രിസ്തുവിന്റെ ഉത്ഥാനത്തിന്റെ സൂചനാണ്. വിളവെടുപ്പ് സമൃദ്ധിയുടെയും ആനന്ദത്തിന്റെയും അവസരമാണ്. ഉയിർപ്പ് ജീവനും പ്രത്യാശയുമാണ്.

## കടുകുമണിയിൽ വിടരുന്നവർ

കടുകുമണി ഏറ്റവും ചെറിയ വിത്തല്ല, കടുകുമരം ഏറ്റവും വലിയതുമല്ല. നിത്യജീവിതത്തിൽ സാധാരണയായി ഉപയോഗിക്കുന്നതിനെ ക്രിസ്തു അവതരിപ്പിക്കുന്നുവെന്നേയുള്ളൂ. കടുക് എണ്ണയായും ഭക്ഷണത്തിന് മണവും രുചിയും നല്കാനും ഉപയോഗിക്കുന്നു. പലരെയും നമ്മൾ ചെറിയവരായി, കടുകുമണികളായി അവഗണിക്കുന്നു. മറിയം, പാപിനിയായ സ്ത്രീ, കിണറ്റിൻകരയിലെ സ്ത്രീ, മഗ്ദലേന മറിയം, സക്കേവൂസ് അങ്ങനെ പലരുണ്ട് കടുകുമണിയോളം പോന്നവർ. ഒരു സാധാരണ പെൺകുട്ടിയിൽ നിന്ന് രക്ഷകന്റെ അമ്മയിലേക്കുള്ള പരിവർത്തനം എത്രമാത്രം ദൈവീകപദ്ധതിയുടേതും കരുതലിന്റേതുമാണ്. വിശ്വാസത്തിലൂടെയുള്ള ഒരു വളർച്ച മറിയത്തിൽ ദർശിക്കാം.

ഇന്നത്തെ സൈബർയുഗം തലയിലേറ്റുന്നത് ഹൃദയമില്ലാത്ത കണക്കുകളുടെ മസ്തിഷ്കങ്ങളെയാണ്. യാന്ത്രികതയുടെ സഹായത്താൽ വികസിക്കുന്ന ഒരു പുതിയ ലോകം. വിശ്വാസത്തിന്റെ പട്ടുവസ്ത്രങ്ങൾ പഴന്തുണികളായി മാറുന്ന ലോകം.

## കടുകുമണികൾ സമർപ്പണമായി മാറണം

ഒരിടത്തും നില്ക്കാതെ പറന്നുകൊണ്ടേയിരിക്കുന്ന പക്ഷി സ്വാതന്ത്ര്യത്തിന്റെ അനശ്വരപ്രതീകമാണ് സുരക്ഷിതത്വത്തിന്റെ കൂട്ടിൽനിന്നും സ്വാതന്ത്ര്യത്തിന്റെ ആകാശങ്ങൾ തേടലാണ് പക്ഷിയുടെ ജീവിതം. സ്വാതന്ത്യത്തിന്റെ ആകാശങ്ങളെ തേടുന്നവർ ഭൂമിയുടെ സുരക്ഷിതത്വത്തെ കൈവെടിയേണ്ടിവരും. സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും പുരോഗതിക്കുവേണ്ടി നാം നമ്മുടെ ജീവിതത്തെ സമർപ്പിക്കണം.

എപ്പോഴും നറുക്കിട്ടെടുത്ത് കാര്യങ്ങൾ തീരുമാനിച്ചിരുന്ന രണ്ടു സുഹൃത്തുക്കൾ . ഒടുവിൽ അതിലൊരു സുഹൃത്ത് മരണപ്പെട്ടപ്പോൾ നറുക്കിടാറുണ്ടായിരുന്ന ആ സുഹൃത്ത് ഉപയോഗിച്ചിരുന്ന നാണയത്തുട്ട് കണ്ട് ആദ്യത്തെയാൾ ഞെട്ടിപ്പോയി. എപ്പോഴും തന്റെ സുഹൃത്തിന് അനുകൂലമായി നറുക്കുവീഴാൻ നാണയത്തുട്ടിന്റെ രണ്ടുഭാഗവും തലഭാഗം ഒട്ടിച്ചേർത്തതായിരുന്നു. മരിച്ച സുഹൃത്ത് മരിച്ച സുഹൃത്ത് നാണയത്തിന്റെ തലഭാഗം ഒരിക്കലും വിളിച്ചിരുന്നില്ല. അങ്ങനെ എല്ലാ വിജയങ്ങളും സുഹൃത്തിനായി നല്കി. ഇതാണ് സ്നേഹത്തിന്റെ അതുല്യത. ദൈവരാജ്യം വളർന്നു പന്തലിക്കേണ്ട ഒരു ഐഹികസൃഷ്ടിയല്ല. അത് ആത്മാവിൽ പടുത്തുയർത്തേണ്ടതാണ്. 2 നാണയത്തിന് 5 കുരുവികൾ വരെ കിട്ടുന്നുണ്ടല്ലോ. പിന്നെന്തിനാണ് ഈ ആർത്തിപെരുക്കങ്ങൾ നമുക്കു ചെറുതിൽനിന്നു തുടങ്ങാം. ചെറുതായിരിക്കാം വലുതാകുവോളം. ഉകവിത്തിന്റെ സത്തപോലെയാകാം. ■

# ദൈവാശ്രയം നൽകുന്ന മനഃസമാധാനം

ആണ്ടുവട്ടം പന്ത്രണ്ടാം ഞായർ (ജൂൺ 23)

ജോബ് 38: 1,8-11, 2 കൊറി 5: 14-17, മാർക്കോ 4: 35-41

ഫാ. ജോസഫ് കസ്മീർ

ഇന്നത്തെ ലോകത്തിൽ മനുഷ്യർ ഏറ്റവും കൂടുതൽ ആഗ്രഹിക്കുന്നത് മനഃസമാധാനമാണ്. കാരണം, ലൗകീകമായ ഓരോ നേട്ടവും മനുഷ്യമനസ്സിൽ സമാധാനത്തിന്റെ ഒരുപിടി നഷ്ടമാകുന്നു എന്ന യാഥാർത്ഥ്യം. എല്ലാമുണ്ടായിട്ടും ഒന്നും സമാധാനത്തോടെ അനുഭവിക്കാൻ സാധിക്കാത്ത അവസ്ഥ മനോഹരമായ

ഭവനവും അതിലും മനോഹരമായ മുറിയും ആഡംബരമായ കട്ടിലുമുണ്ടെങ്കിലും സമാധാനത്തോടെ കിടന്നുറങ്ങാൻ കഴിയാത്തത് ഇന്നിന്റെ ദുരവസ്ഥ. ഇവിടെയാണ് കൊടുങ്കാറ്റിലും ആഞ്ഞടിക്കുന്ന തിരമാലകൾക്കിടയിലും അമരത്ത് തല ചായ്ച് കിടക്കുന്ന യേശു നല്കുന്ന ദൈവാശ്രയത്തിന്റെ സന്ദേശം ഉൾക്കൊള്ളേണ്ടത്. ദൈവപരിപാലനയിലുള്ള പൂർണമായ ആശ്രമം ബാഹ്യമായ കോളിളക്കങ്ങൾക്ക് നടുവിലും ആന്തരിക ശാന്തത സൃഷ്ടിക്കുന്നു.

ഇതിനുള്ള ഒരു ഉദാഹരണമാണ് യാക്കോബിന്റെ ബഥേൽ അനുഭവം (ഉത്പ. 28:10-19). സഹോദരൻ ഏസാമിനെ ഭയന്ന് ജീവനുവേണ്ടി ഒളിച്ചോടുന്ന യാക്കോബ് തന്റെ മുമ്പിലുള്ള പ്രതിബന്ധങ്ങൾ അറിയുന്നെങ്കിലും തന്റെ പിതാക്കന്മാരുടെ ദൈവമായ കർത്താവിലുള്ള ആശ്രയം ........... ധൈര്യപ്പെടുത്തുന്നു. അർധരാത്രിയിലും വഴിയരികിൽ ഒരു കല്ലെടുത്ത് തലയ്ക്കുകീഴേവച്ച് തന്റെ ജീവനും തനിക്കുള്ളതും ദൈവകരങ്ങളിൽ സമർപ്പിച്ച് ശാന്തനായി ഉറങ്ങാൻ കിടക്കുന്ന യാക്കോബ്. അവന്റെ ഇഹലോക ജീവിതം സ്വർഗ്ഗവുമായി ഒരു ഗോവണി കൊണ്ട് ബന്ധിച്ചിരിക്കുന്നതായും ദൈവവും ദൈവദൂതന്മാരും അവനെ സംരക്ഷിക്കുന്നതായും ദർശനം ലഭിക്കുന്നു. "ഇതാ, ഞാൻ നിന്നോടുകൂടെയുണ്ട്, നീ പോകുന്നിടത്തെല്ലാം ഞാൻ നിന്നെ കാത്തുരക്ഷിക്കും." എന്ന ദൈവപരിപാലനയുടെ ശബ്ദം അവൻ ശ്രവിക്കുന്നു.

ദൈവേഷ്ടത്തിന് എല്ലാം സമർപ്പിക്കുമ്പോൾ ആന്തരിക സമാധാനം അനുഭവിക്കാനാകും എന്നതിന്റെ മറ്റൊരു ഉദാഹരണമാണ് ഈശോയുടെ വളർത്തുപിതാവായ ജോസഫ് (മത്താ. 1:18-25). തന്റെ ഭാര്യയാകാൻ പോകുന്നവൾ വിവാഹത്തിനുമുൻപേ ഗർഭിണിയായിരിക്കുന്നു എന്നറിയുമ്പോൾ അനുഭവിക്കേണ്ടിവരുന്ന മാനസിക സംഘർഷങ്ങളും ഭാവിയെക്കുറിച്ചുള്ള ആകുലതകൾക്കുമിടയിലുള്ള എല്ലാം ദൈവേഷ്ടത്തിനായി വിട്ടുകൊണ്ട് ഉറങ്ങുന്ന ജോസഫിന് സ്വപ്നത്തിലൂടെ ദൈവം പരിഹാരം കാണിക്കുന്നു.


പരസ്യവിചാരണ നേരിടേണ്ടിവരുന്നതിന്റെ തലേരാത്രി ഇരുചങ്ങലകളാൽ ബന്ധിതനായി. രണ്ടു പടയാളികളുടെ മധ്യേ സുഖമായി ഉറങ്ങുന്ന പത്രോസും ഇതിനുദാഹരണമാണ് (അപ്പ. 12:6-12). വരാനിരിക്കുന്ന വിചാരണയും ശിക്ഷയുമൊക്കെ ഭയപ്പെടുത്തുന്നുണ്ടെങ്കിലും സർവ്വശക്തനായ ദൈവത്തിന് അഴിക്കാൻ സാധിക്കാത്തതായി ഒരു ബന്ധനവുമില്ല. എന്ന വിശ്വാസത്തിൽ വിശ്രമിക്കുന്ന പത്രോസിനെ കർത്താവ് തന്റെ ദൂതനെ അയച്ച് ബന്ധനങ്ങളിൽ നിന്നും മോചിപ്പിക്കുന്നു.

ഇത്തരം അനുഭവങ്ങളെല്ലാം സ്ഥിരീകരിക്കുന്നതാണ് കർത്താവ് കടലിനെ ശാന്തമാക്കുന്ന വചനഭാഗം (മർക്കോ. 4:35-41). വലിയ കൊടുങ്കാറ്റുണ്ടായിട്ടും സഞ്ചരിക്കുന്ന വഞ്ചിയിലേക്ക് കൂറ്റൻ തിരമാലകൾ ആഞ്ഞടിച്ചുകയറിയിട്ടും അമരത്ത് തലയണവച്ച് ശാന്തനായി ഉറങ്ങുന്ന ഈശോ ദൈവാശ്രയത്തിന്റെ ഉത്തമ മാതൃക.

“നീ ഭയപ്പെടേണ്ട, ഞാൻ നിന്നോടുകൂടെയുണ്ട്” (ജെറ. 1:8) എന്ന ദൈവവചനത്തിന്റെ മാനുഷികാനുഭവങ്ങളാണിവ. കർത്താവിന്റെ സാന്നിധ്യം കൂടെയുണ്ടെങ്കിൽ ജീവിതത്തിൽ വെല്ലുവിളികൾ ഉണ്ടാവുകയില്ല എന്നതിനേക്കാൾ, ഉണ്ടാകുന്ന വെല്ലുവിളികൾക്കും കഷ്ടതകൾക്കുമിടയിലും അവിടുത്തെ സാന്നിധ്യത്തിൽ ഭയപ്പെടേണ്ടതില്ല, പ്രാർത്ഥനയുടെ ശക്തിയാൽ കർത്താവിനെ ഉണർത്തി പ്രക്ഷുബ്ധമായ ജീവിത സാഹചര്യങ്ങളെ ശാന്തമാക്കുക എന്ന സന്ദേശമാണ് ഇന്നത്തെ വചനഭാഗങ്ങൾ നല്കുന്നത്. കർത്താവ് ഉണ്ടായിരുന്ന വഞ്ചിയും കൂടെയുണ്ടായിരുന്ന വേറെ വഞ്ചികൾക്കും ഒരേ രീതിയിൽ കൊടുങ്കാറ്റും ആഞ്ഞടിക്കുന്ന തിരമാലകളും നേരിടേണ്ടിവന്നു. എന്നാൽ, പ്രതിസന്ധികൾക്കും വെല്ലുവിളികൾക്കുമിടയിൽ ജീവിതം നശിക്കുന്നു എന്ന് തിരിച്ചറിയുമ്പോൾ വിളിച്ചുണർത്താനും കരഞ്ഞുപ്രാർത്ഥിക്കാനും ചാരേയണഞ്ഞ് അഭയം തേടാറുള്ള കൂടെ കർത്താവുണ്ടെങ്കിൽ ഭയത്തിനും നിരാശയ്ക്കും ഇടമില്ല.

നമ്മുടെ ജീവിതത്തെ ആട്ടിയിലയ്ക്കുന്ന മഹാമാരികളെ ശാന്തമാക്കാനും ആഞ്ഞടിക്കുന്ന പ്രതിബന്ധങ്ങളെ ശമിപ്പിക്കാനും നമ്മുടെ പ്രാർത്ഥനകൊണ്ട് കർത്താവിനെ ഉണർത്തണം. ലോകമാകുന്ന നൗകയുടെ അമരക്കാരനായ ഈശോയുടെ സാന്നിധ്യത്തിൽ ആയിരിക്കുകയും അവശ്യഘട്ടങ്ങളിൽ അവിടുത്തെ വിളിച്ചുണർത്തുകയും ചെയ്യുന്നവനാണ് രക്ഷപ്രാപിക്കുന്നത്. ദൈവം കൂടെയുണ്ടെന്ന വിശ്വാസവും കൂടെയുള്ള ദൈവത്തെ വിളിച്ചുണർത്താൻ ശേഷിയുള്ള പ്രാർത്ഥനയും മനുഷ്യന്റെ ഇഹലോകയാത്ര സുഗമമാക്കുന്നു. ■

നമ്മുടെ ജീവിതത്തെ ആട്ടിയിലയ്ക്കുന്ന മഹാമാരികളെ ശാന്തമാക്കാനും ആഞ്ഞടിക്കുന്ന പ്രതിബന്ധങ്ങളെ ശമിപ്പിക്കാനും നമ്മുടെ പ്രാർത്ഥന കൊണ്ട് കർത്താവിനെ ഉണർത്തണം. ലോകമാകുന്ന നൗകയുടെ അമരക്കാരനായ ഈശോയുടെ സാന്നിധ്യത്തിൽ ആയിരിക്കുകയും അവശ്യഘട്ടങ്ങളിൽ അവിടുത്തെ വിളിച്ചുണർത്തുകയും ചെയ്യുന്നവനാണ് രക്ഷപ്രാപിക്കുന്നത്.



# സ്പർശനത്തിന്റെ സൗഖ്യാനുഭവം

ആണ്ടുവട്ടം 13-ാം ഞായർ (ജൂൺ 30)   ജ്ഞാനം 1: 13-15, 2: 23-24, 2 കൊറി. 8: 7. 9. 13-15, മാർക്കോസ് 5: 21-43

**ഫാ. റെനി റുഡോൾഫ്**

> യേശു എല്ലാവർക്കും സൗഖ്യം നല്കി കടന്നുപോയവനാണ്. സൗഖ്യം നല്കി കടന്നുപോയതുകൊണ്ടുതന്നെ യേശുവിനെക്കുറിച്ചുള്ള ഓർമ്മ പോലും സൗഖ്യദായകമാണ്. സൗഖ്യദായകനായ എല്ലാവർക്കും ശാന്തിയും സമാധാനവും പ്രദാനം ചെയ്യുന്ന ഒരു വ്യക്തിയായിട്ട് യേശുനാഥന്റെ ഈ അത്ഭുതങ്ങളിലൂടെ നാം കണ്ടെടുക്കുകയാണ്.

ഇന്നത്തെ സുവിശേഷത്തിൽ യേശുനാഥൻ പ്രവർത്തിച്ച രണ്ട് അത്ഭുതങ്ങളെക്കുറിച്ചാണ് നാം ധ്യാനിക്കുക. ആദ്യത്തേതിൽ രക്തസ്രാവക്കാരി യേശുവിനെയും രണ്ടാമത്തേതിൽ യേശു തൊടുന്ന ജയ്റോസിന്റെ മക്കളെയും. രണ്ട് അത്ഭുതങ്ങളിലും യേശുനാഥൻ തിന്മകളുടെ ശക്തികൾക്കെതിരെയുള്ള പോരാട്ടത്തിലൂടെ സൗഖ്യം നൽകുന്നു. ഒന്നാമത്തേതിൽ യേശു ഒരു സ്ത്രീയുടെ തിന്മയുടെ ശക്തിയെന്ന് യഹൂദർ കരുതിയിരുന്ന രോഗത്തെ സൗഖ്യപ്പെടുത്തുമ്പോൾ രണ്ടാമത്തേതിൽ യേശു മരണത്തെ അതിജീവിക്കുന്നവനാണെന്ന് വെളിപ്പെടുത്തുന്നു.

ഒന്നാമത്തെ അത്ഭുതം ഈ അത്ഭുതങ്ങളിൽ വച്ച് ഏറ്റവും പ്രധാനപ്പെട്ടതാണ് എല്ലാവരാലും തിക്കിഞെരുക്കപ്പെട്ട് യേശുനാഥൻ കടന്നുപോകുന്ന അവസ്ഥയിലാണ് തന്റെ ശരീരത്തിൽ നിന്നും ശക്തി നിർഗളിക്കപ്പെടുന്നതായി യേശുവിന് മനസ്സിലാവുന്നതും രക്തസ്രാവക്കാരി സുഖപ്പെടുന്നതും. എല്ലാത്തരത്തിലും വളരെ കാര്യങ്ങൾ ഇതിൽ ശ്രദ്ധേയമാണ്. എല്ലാവരും യേശുവിനെ തൊട്ടുരുമ്മി നടന്നിട്ടും യേശുനാഥനിൽ നിന്നും ശക്തി പുറപ്പെടുന്നില്ല. വിശ്വാസത്തോട് സ്പർശിക്കുന്ന ഒരു സ്ത്രീക്ക് എല്ലാത്തരത്തിലും സൗഖ്യം ലഭിക്കുകയാണ്. ഇത് ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒരു അത്ഭുതമാണ്. നാം വിശുദ്ധ കുർബാനയിലൂടെയും മറ്റ് കൂദാശകളിലൂടെയും പ്രാർത്ഥനയിലൂടെയും മറ്റ് കൂദാശകളിലൂടെയും പ്രാർത്ഥനയിലൂടെയും ദിവ്യബലിയിലൂടെയും യേശുവിനെ തൊട്ട് അറിയുന്നവരാണ്. യേശുവിന്റെ കൂടെ നടക്കുന്നവരാണ്. എങ്കിൽ പോലും യേശുവിൽ നിന്നും ശക്തി സംഭരിക്കുവാനായിട്ട് നമുക്ക് സാധിക്കുന്നുണ്ടോ എന്നു നാം ചിന്തിക്കേണ്ടിയിരുന്നു. അപ്പോസ്തലന്മാർ യേശുവിനോട് ചോദിക്കുന്നു ആരാണ് എല്ലാവരും നിന്നെ തിക്കിത്തിരക്കുമ്പോൾ നിന്നെ തൊടാത്തത്. എന്നാൽ യേശുനാഥൻ പറയുന്നത് വിശ്വാസത്തോടുകൂടി എന്നെ തൊട്ടത് സ്ത്രീയാണെന്നാണ്. വിശ്വാസത്തോടുകൂടി യേശുവിന്റെ അരികെ നടക്കുവാനും യേശുവിന്റെ അരികെ ആയിരിക്കുവാനുള്ള കൃപയാണ് നാം ഈ സുവിശേഷഭാഗം വായിക്കുമ്പോൾ ആഗ്രഹിക്കേണ്ടത്.

വിശ്വാസം എന്നത് യേശുവിലുള്ള നിരന്തരമായ ശരണപ്പെടലാണെന്ന് നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. വിശ്വാസം എല്ലാത്തരത്തിലും ദൈവത്തിന് ജീവിതത്തിലിടം കൊടുക്കേണ്ട വലിയ ഒരു പ്രക്രിയയാണ്. ഈ രണ്ടുപ്രക്രിയകളും നടക്കുമ്പോഴാണ് ദൈവത്തിന്റെ നമ്മുടെ ജീവിതത്തിലേക്ക് അരുളപ്പാടുകളും സാന്നിധ്യവും കടന്നുവരുന്നത്. മരണത്തിൽ നിന്നും ജീവനിലേക്ക് ദൈവം കൈപിടിച്ച് നടത്തുന്ന ബാലികയെപ്പോലെ ഈ രക്തസ്രാവക്കാരിയും തന്റെ എല്ലാവിധ ശുദ്ധിയിൽ നിന്ന് തിരിച്ചടികളിൽ നിന്നും അകന്നുമാറി പുതിയൊരു ജീവിതത്തിലേക്ക് പ്രവേശിക്കുകയാണ്. രണ്ട് അത്ഭുതങ്ങളുടെയും മറ്റൊരു പ്രത്യേകത ഇവ യേശുനാഥൻരെ പരസ്യജീവിതത്തിനൊടുവിൽ യേശുനാഥന്റെ സൗഖ്യകരമായ ശാന്തിയുടെയും സൗഖ്യദായകമായ യാത്രയുടെയും ഒടുവിൽ സംഭവിക്കുന്ന ഒരു കാര്യമായിട്ടാണ്.

രണ്ടാമത്തെ അത്ഭുതത്തിൽ യേശുനാഥന്റെ അടുത്തേക്കുവരുന്ന ഒരാളെയാമ് യേശുനാഥൻ അത്ഭുതം നടത്തി സുഖപ്പെടുത്തുന്നതെങ്കിൽ രണ്ടാമത്തെ അത്ഭുതം നടത്തി സുഖപ്പെടുത്തുന്നതെങ്കിൽ അത്ഭുതത്തിൽ യേശുവിന്റെ അടുത്തേക്ക് വരുന്നതിനുപകരം മാറിനിന്ന് സൗഖ്യത്തിന് വേണ്ടി പ്രാർത്ഥിക്കുന്ന ഒരു സ്ത്രീയെയാണ് യേശുനാഥൻ സുഖപ്പെടുത്തുന്നത്. ഒന്നാമത്തെ അത്ഭുതം നടത്തി സുഖപ്പെടുത്തുന്നതെങ്കിൽ അത്ഭുതത്തിൽ യേശുവിന്റെ അടുത്തേക്ക് വരുന്നതിന് പകരം മരണത്തിൽ നിന്നും ജീവനിലേക്കുള്ള ഒരു യാത്രയാണ്. മരണത്തെ യഹൂദർക്കണ്ടിരുന്നത്. പൂർണമായ അർത്ഥത്തിൽ മനസ്സും ശരീരവും നശിപ്പിക്കപ്പെടുന്ന ഒരു അവസ്ഥയിലുള്ള ഒരു ജീവിതമായിരുന്നു. അതുകൊണ്ട് തന്നെ മരണത്തെ എല്ലാവരും ഭയപ്പെട്ടിരുന്നു. മരണം ഈ ലോക ജീവിതത്തിൽ നിന്നു മാത്രമല്ല, മറ്റൊരു ജീവിതത്തിലേക്കുള്ള യാത്ര കൂടി ഭൂമിയിൽ നിന്നും എല്ലാത്തരത്തിലും മായ്ച്ചുകളയുന്ന ഒരു രീതിയായിരുന്നു. അതുകൊണ്ട് യേശുനാഥൻ ഒരു ബാലികയെ മരണത്തിൽ നിന്നും ജീവിതത്തിലേക്ക് പിടിച്ചുയർത്തുമ്പോൾ ദൈവത്തിനുമാത്രം ചെയ്യാൻ കഴിയുന്ന ഒരു ഏറ്റവും വലിയ കാര്യമായിട്ടാണ് കാണേണ്ടത്. മരണം ഒന്നിന്റെയും അവസാനമല്ലെന്ന് യേശുനാഥൻ ഈ അത് ഭൂതങ്ങളിലൂടെ കാണിച്ചുകൊടുക്കുകയായിരുന്നു. അതോടൊപ്പം തന്നെ യേശുനാഥൻ വന്നിരിക്കുന്നത് ജീവൻ നല്കാനും അത് സമൃദ്ധമായി



കാനൻ ലോ

ഫാ. ജോസ് ജി.
ജുഡീഷ്യൽ വികാർ

# അനുതാപ കൂദാശയുടെ ആദ്ധ്യാത്മിക ഫലങ്ങളും ദണ്ഡവിമോചനവും

അപരാധ വിമുക്തമായ കാലിക ശിക്ഷയിൽനിന്നും ദൈവ തിരുമുമ്പാകെയുള്ള ഇളവു ചെയ്യലാണ് ദണ്ഡവിമോചനമെന്ന് ലത്തീൻസഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 992, കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം (CCC) 1471 എന്നിവ പഠിപ്പിക്കുന്നു.

CCC 1472 രണ്ടുതരം പാപങ്ങളെക്കുറിച്ചും രണ്ടുതരം ശിക്ഷകളെക്കുറിച്ചും പഠിപ്പിക്കുന്നു. മാരക പാപത്തിന്റെ പരിണിതഫലമായി നിത്യശിക്ഷയും ലഘുപാപത്തിന്റെ പരിണിത ഫലമായി കാലിക ശിക്ഷയും ഉണ്ടാകുന്നു. ദണ്ഡവിമോചനം കാലിക ശിക്ഷയിൽനിന്നും ഇളവു നല്കുന്നു. നിത്യശിക്ഷയിൽനിന്നും ഇളവു നല്കുന്നത് അനുതാപ കൂദാശയാണ്. അനുതാപ കൂദാശ കുമ്പസാരം, അനുരഞ്ജനം, മനസ്താപം തുടങ്ങി വിവിധ പേരുകളിൽ അറിയപ്പെടുന്നു.

CCC 1497 പ്രകാരം, മാരക പാപങ്ങളുടെ വ്യക്തിപരവും സമഗ്രവുമായ ഏറ്റുപറച്ചിലും അതേതുടർന്നുള്ള പാപമോചനാശീർവാദവും ദൈവത്തോടും സഭയോടുമുള്ള അനുരഞ്ജനത്തിന്റെ സാധാരണയായ ഏക മാർഗ്ഗമായി നിലനിൽക്കുന്നു.

CCC 1496 പ്രകാരം ആറുതരം ആദ്ധ്യാത്മിക ഫലങ്ങളാണ് അനുതാപ കൂദാശയിലൂടെ ലഭിക്കുന്നത്:

1. ദൈവവുമായുള്ള അനുരഞ്ജനം; ഇതുവഴി അനുതാപി കൃപാവരം വീണ്ടെടുക്കുന്നു;
2. സഭയുമായുള്ള അനുരഞ്ജനം;
3. മാരകപാപങ്ങൾവഴിയുണ്ടാകുന്ന നിത്യശിക്ഷയിൽനിന്നുള്ള ഇളവ്;
4. പാപത്തിൽനിന്നുണ്ടാകുന്ന കാലിക ശിക്ഷകളിൽനിന്ന് ഭാഗികമായിട്ടെങ്കിലുമുള്ള ഇളവ്;
5. സമാധാനവും, മനഃസാക്ഷിയുടെ സ്വച്ഛതയും, ആദ്ധ്യാത്മികാശ്വാസവും;
6. ക്രൈസ്തവ സമരത്തിനുള്ള ആദ്ധ്യാത്മിക ശക്തികളുടെ വർധനവ്.

നല്കാനുമാണെന്ന് തന്റെ ജീവിതത്തിലൂടെ യേശു വ്യക്തമാക്കുകയായിരുന്നു.

യേശു എല്ലാവർക്കും സൗഖ്യം നല്കി കടന്നുപോയവനാണ്. സൗഖ്യം നല്കി കടന്നുപോയതുകൊണ്ടുതന്നെ യേശുവിനെക്കുറിച്ചുള്ള ഓർമ്മ പോലും സൗഖ്യദായകമാണ്. സൗഖ്യദായകനായ എല്ലാവർക്കും ശാന്തിയും സമാധാനവും പ്രദാനം ചെയ്യുന്ന ഒരു വ്യക്തിയായിട്ട് യേശുനാഥന്റെ ഈ അത്ഭുതങ്ങളിലൂടെ നാം കണ്ടെടുക്കുകയാണ്. അതുകൊണ്ട് തന്നെ ഈ രണ്ട് അത്ഭുതങ്ങളിലൂടെയും ദൈവപുത്രനായ യേശുവിന്റെ പ്രഭാവം നാം മനസ്സിലാക്കുന്നു. യേശു ദൈവപുത്രനായി രക്ഷണകൃത്യം പൂർത്തിയാക്കുവാനുമായി 'ഭൂമിയിലേക്ക് അവതരിച്ചത് ജീവൻ നല്കുവാനും അത് സമൃദ്ധമായി നല്കുവാനും അതോടൊപ്പം തന്നെ ബന്ധനസ്ഥരെ സ്വതന്ത്രനാക്കുവാനുമാണ് മിശിഹായുടെ ദൗത്യമായിട്ട് യഹൂദരുടെ ചരിത്രവും സാക്ഷ്യം വഹിച്ചിരുന്നത് എല്ലാത്തരത്തിലുമുള്ള മോചനം നല്കുന്ന ഒരു രക്ഷകനെ ആയിരുന്നു. ഈ രക്ഷകന്റെ രൂപം യേശുനാഥനിൽ ഈ സുവിശേഷത്തിലൂടെയുള്ള വിവരണത്തിൽ നാം കണ്ടെടുക്കുകയാണ്.

രക്തസ്രാ.....യും ജയ്റോസ്സും രണ്ട് ബിംബങ്ങളാണ് നമ്മുടെ ജീവിതത്തിൽ സംഭവിക്കുവാൻ സാധിക്കുന്ന രണ്ട് സാധ്യതകൾ ഒന്നാമത്തേത് എല്ലാ പാനലുകളും അടയുന്ന അവസരത്തിൽ നാം ചെന്നെത്തുന്ന ഒരു വാതിലാണ് ദൈവത്തിന്റേത്. ജയ്റോസും ചെയ്തത് അത് തന്നെയാമ്. മകൾ മരിച്ചു എന്ന വാർത്ത കേൾക്കുമ്പോൾ അയകൾ ആദ്യം ഓടിയെത്തുന്നത് യേശുവിന്റെ അടുക്കലാണ്. അത് വലിയ ഒരു സാധ്യതയാണ്. നമ്മുടെ ജീവിതത്തിലും ഒരുപാട് പ്രയാസവും പ്രതികൂല അവസ്ഥകളും ബന്ധനങ്ങളും ഉണ്ടാകുമ്പോൾ ആദ്യം ഓടിയെത്തേണ്ടത് ദൈവത്തിന്റെ പക്കലാണ്.

രണ്ടാമത്തെ സാധ്യത രക്തസ്രാവക്കാനയുടേതു തന്നെ. എല്ലാവരും കൊടുത്ത യേശുവിനെ വിശ്വാസത്തോടുകൂടി തൊടാൻ സാധിക്കുന്ന ഒരു ബന്ധപ്പെട്ട് ............ നിൽക്കുകയാണ്. പുറത്തുപറയാൻ സാധിക്കാത്ത ഒരു രോഗവുമായിട്ട് നടക്കുമ്പോഴും അതെല്ലാം പറയാൻ ഒരാൾ ഉണ്ടെന്ന ചിന്ത, ഒരുപക്ഷേ വാക്കുകളിലൂടെ പറയാൻ പറ്റിയില്ലെങ്കിലും സ്പർശനത്തിലൂടെ പറയുന്ന ഒരു സ്ത്രീയെയാണ് നാം കണ്ടെത്തുക.

ബൈബിളിൽ 48 തവണ സ്പർശനം എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്ന സുവിശേഷങ്ങളിൽ 14 സ്ഥലത്താണ് യേശു സ്പർശിച്ച് സുഖപ്പെടുത്തിയിട്ടുള്ളത്. അതിൽ ഒന്നാണ് അവൻ ബാലികയെ തൊട്ട് ജീവനിലേക്ക് ഉയർത്തുന്നത്. എന്നാൽ നാലു പ്രാവശ്യം മാത്രമേ യേശുവിനെ തൊടുന്നതായിട്ട് നാം കാണുന്നുള്ളൂ. അതി....... രക്തസ്രാവക്കാരിയാണ്. തൊട്ടറിയാവുന്ന രക്തസ്രാവക്കാരി വിശ്വാസത്തിൻരെ ഏറ്റവും വലിയ പ്രതീകമായിട്ട് നമ്മുടെ മുന്നിൽ നിൽക്കുകയാണ്. ഇന്നത്തെ സുവിശേഷത്തിലൂടെ ദൈവം നമുക്ക് നല്കുന്ന വിശ്വാസത്തിന്റെ ചിന്തകൾ ഹൃദയത്തിൽ ഏറ്റുവാങ്ങിക്കൊണ്ട് ജീവിക്കുവാനുള്ള കൃപ നമുക്കുണ്ടാവണം. ഈ വിശ്വാസത്തിലൂടെ മരണത്തിൽ നിന്നും ജീവനിലേക്ക് പ്രവേശിക്കുവാനുള്ള കൃപയ്ക്കുവേണ്ടി പ്രാർത്ഥിക്കാം. ■

വചനജ്വാല

2024 ജൂലൈ മാസത്തെ ബി.സി.സി. കൂട്ടായ്മകളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്



# ജ്ഞാനസ്നാനം

1. **പരിശുദ്ധാത്മാവിന്റെ ഗാനം, ബൈബിൾ വന്ദനം**
2. **ആമുഖം**

സ്നേഹം നിറഞ്ഞവരെ, അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങൾ മതബോധന വേദികളാകണം എന്ന ലക്ഷ്യത്തോടെ കൂദാശകളെ കുറിച്ചുള്ള ചിന്തകളുടെയും വിചിന്തനങ്ങളുടെയും രണ്ടാം ഭാഗമാണ് ഈ മാസത്തിൽ കുടുംബകൂട്ടായ്മകളുടെ വിചിന്തനത്തിനായി നാം ഉപയോഗിക്കുക. പ്രാരംഭ കൂദാശകളിൽ ആദ്യത്തെ കൂദാശയാണ് ജ്ഞാനസ്നാനം. ഒരു വ്യക്തി സ്വർഗ്ഗത്തിന് അവകാശിയും ദൈവത്തിന്റെ പുത്രനും പുത്രിയുമായി മാറുന്ന പ്രഥമ കൂദാശ. ക്രിസ്തീയ ജീവിതാരംഭവുമായി ബന്ധമുള്ള ജ്ഞാനസ്നാനം, സ്ഥൈര്യലേപനം, ദിവ്യകാരുണ്യം എന്നീ കൂദാശകൾ ക്രൈസ്തവ ജീവിതത്തിന് അടിസ്ഥാനമിടുന്നു.

ജ്ഞാനസ്നാനം എന്നാൽ ജന്മപാപത്തിൽ നിന്നും, കർമപാപമുണ്ടെങ്കിൽ അതിൽ നിന്നും മോചിപ്പിച്ച് ദൈവത്തിന്റെ മക്കളും ക്രിസ്തുവിന്റെ അനുയായികളും സ്വർഗ്ഗത്തിന് അവകാശികളുമാക്കുന്ന കൂദാശയാണ്. മാമോദീസ (ജ്ഞാനസ്നാനം) എന്ന വാക്കിനർഥം കഴുകൽ, മുങ്ങൽ എന്നൊക്കെയാണ്. ജ്ഞാനസ്നാനത്തിലൂടെ ഒരാൾക്ക് ലഭ്യമാകുന്ന ശുദ്ധീകരണമാണ് ഈ പദം സൂചിപ്പിക്കുന്നത്. ജന്മപാപവും, കർമപാപവും ഉണ്ടെങ്കിൽ അതും കഴുകി കളഞ്ഞ് വിശ്വാസിയെ ദൈവത്തിന്റെ മകനും മകളും സ്വർഗത്തിനവകാശികളുമാക്കി മാറ്റുകയാണ്.

3. **യേശുവിനെ ക്ഷണിക്കൽ**
4. **ദൈവവചന പാരായണം**
   ***മർക്കോസ് 1:7-11***
5. **വചനഭാഗം പങ്കുവയ്ക്കൽ**
6. **നിശബ്ദധ്യാനം**
7. **വചനാനുഭവം പങ്കുവയ്ക്കൽ**
8. **വചനവിചിന്തനം**

ഇന്നു നാം വായിച്ചുകേട്ട സുവിശേഷത്തിന്റെ ആദ്യഭാഗത്തു തന്നെ ആദിമ ക്രൈസ്തവ സഭയുടെയും നമ്മുടെയും സംശയം സുവിശേഷകൻ ദൂരീകരിക്കുകയാണ്. സംശയമിതാണ്, മരുഭൂമിയിൽനിന്ന് വന്നവൻ ക്രിസ്തുവാണോ? അതോ സ്നാപക യോഹന്നാനാണോ? ഉത്തരമായി അവർ തമ്മിലുള്ള വ്യത്യാസവും പ്രത്യേകിച്ച് അവരുടെ സ്നാനങ്ങൾ തമ്മിലുള്ള വ്യത്യാസവും എടുത്തു പറയുന്നു. സ്നാപക യോഹന്നാൻ പറയുന്നു: “ഞാൻ ജലം കൊണ്ട് സ്നാനം നൽകുന്നു.

എന്നാൽ അവൻ പരിശുദ്ധാത്മാവിനാലും അഗ്നിയാലും നിങ്ങൾക്കു സ്നാനം നൽകും". സുവിശേഷത്തിൽ നാം വീണ്ടും കാണുന്നത് അവന്റെ ചെരുപ്പിന്റെ കെട്ടഴിക്കാൻ പോലും ഞാൻ യോഗ്യനല്ലെന്ന് പറഞ്ഞ സ്നാപക യോഹന്നാനിൽ നിന്ന് യേശു അനുതാപത്തിന്റെ സ്നാനം സ്വീകരിക്കുന്നതാണ്.

വി. മത്തായിയുടെ സുവിശേഷത്തിൽ (മത്താ. 3:13-15) "ഞാൻ നിന്നിൽനിന്ന് സ്നാനം സ്വീകരിക്കേണ്ടിയിരിക്കെ നീ എന്റെ അടുത്തേക്കു വരുന്നുവോ"യെന്ന് പറഞ്ഞുകൊണ്ട് സ്നാപക യോഹന്നാൻ യേശുവിനെ തടയുന്നുണ്ട്. എന്നാൽ, സർവ്വ നീതിയും പൂർത്തീകരിക്കുവാൻവേണ്ടി യേശു സ്നാപകനിൽ നിന്നും അനുതാപത്തിന്റെ സ്നാനം സ്വീകരിക്കുന്നു. എന്താണിതിന് കാരണം? യേശുവിന്റെ മനുഷ്യാവതാര രഹസ്യത്തിന്റെ ആഴമേറിയ സത്യം ഇവിടെ വെളിപ്പെടുത്തുകയാണ്. ഈ സ്നാനത്തിലൂടെ ദൈവപുത്രനായ യേശു മനുഷ്യകുലത്തിലേക്ക് മടങ്ങുകയാണ്. ത്രിത്വൈക ദൈവത്തിലെ രണ്ടാമൻ മനുഷ്യരൂപം സ്വീകരിച്ചു (തിരുപ്പിറവി). ഇന്നിതാ നമ്മളിലൊരുവനായി സ്നാനത്തിന് വിധേയനായി മനുഷ്യകുലത്തോട് താദാത്മ്യം പ്രാപിക്കുന്നു. പാപമില്ലാത്തവൻ പാപികളോടു താദാത്മ്യം പ്രാപിക്കാൻ പാപമോചനത്തിന്റെ സ്നാനം സ്വീകരിക്കുന്നു.

യേശുവിന്റെ ജ്ഞാനസ്നാനം നമ്മുടെ ഓരോരുത്തരുടെയും ജ്ഞാനസ്നാനത്തെ കുറിച്ച് കൂടി ധ്യാനിക്കുവാൻ ക്ഷണിക്കുന്നുണ്ട്. ഫ്രാൻസിസ് പാപ്പാ ജ്ഞാനസ്നാനത്തെ "രണ്ടാമത്തെ ജന്മദിന"മെന്ന് വിശേഷിപ്പിച്ചുകൊണ്ട്, ഓരോരുത്തരും തങ്ങളുടെ ജ്ഞാനസ്നാന തീയതി അന്വേഷിച്ച് മനസിലാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. തീർച്ചയായും ഇത് നാമും ചെയ്യേണ്ടതാണ്.

ജ്ഞാനസ്നാനത്തിലൂടെ നമുക്കു ലഭിച്ച ദൈവമക്കളെന്ന സ്ഥാനത്തിന് അനുയോജ്യമായ രീതിയിലാണോ നാം ജീവിക്കുന്നതെന്ന് നമുക്ക് പരിശോധിക്കാം. അതോടൊപ്പം കുഞ്ഞുങ്ങളുടെ ജ്ഞാനസ്നാനത്തിന് മുൻകൈ എടുത്ത മാതാപിതാക്കളും, കുഞ്ഞുങ്ങളുടെ ആത്മീയ വളർച്ചയുടെ ഉത്തരവാദിത്വം ഏറ്റെടുത്ത ജ്ഞാനമാതാപിതാക്കളും (തലതൊട്ടപ്പൻ, തലതൊട്ടമ്മ) പിൽക്കാലത്ത് അവരുടെ ഉത്തരവാദിത്വം എത്രത്തോളം ആത്മാർത്ഥമായി നിർവ്വഹിച്ചുവെന്നതും വിചിന്തന വിധേയമാക്കേണ്ടതാണ്. ഈ ആത്മപരിശോധന നമുക്കു ശക്തിയും പ്രതീക്ഷയും നൽകും.

ഓർക്കുക, യേശുവിൽ എന്താണ് സംഭവിച്ചത് അത് തന്നെയാണ് നമ്മുടെ ജ്ഞാനസ്നാനത്തിലും സംഭവിക്കുക. നാം വിളിക്കപ്പെട്ടത് ദൈവം പ്രസാദിക്കുന്ന പ്രിയമക്കളായിരിക്കുവാനാണ്. ഈ അവസരത്തിൽ ജ്ഞാനസ്നാവുമായി ബന്ധപ്പെട്ട ചില സംശയങ്ങൾ ദൂരികരിക്കുവാൻ നമുക്കു ശ്രമിക്കാം.

**ആർക്ക് ജ്ഞാനസ്നാനം നൽകാം?**

ജ്ഞാനസ്നാനത്തിന്റെ സാധാരണ കാർമികൻ മെത്രാനും വൈദികനുമാണ്. ലത്തീൻ സഭയിൽ ഡീക്കനും. അത്യാവശ്യസന്ദർഭങ്ങളിൽ, സഭ ചെയ്യാനാഗ്രഹിക്കുന്നത് ചെയ്യുകയെന്ന നിയോഗമുണ്ടെങ്കിൽ, ആർക്കുവേണമെങ്കിലും ജ്ഞാനസ്നാനം നൽകാം. അർഥിയുടെ ശിരസിൽ വെള്ളം ഒഴിക്കുകയും ത്രിത്വനാമവാക്യം ഉച്ചരിക്കുകയും വേണം: "പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിന്നെ ഞാൻ ജ്ഞാനസ്നാനപ്പെടുത്തുന്നു."

**ജ്ഞാനസ്നാനത്തിൽ സ്വീകരിക്കുന്ന ക്രിസ്തീയ നാമത്തിന്റെ പ്രാധാന്യമെന്ത്?**

പേര് പ്രധാനപ്പെട്ടതാണ്. കാരണം, ദൈവം ഓരോരുത്തനേയും അവന്റെ പേരിൽ അറിയുന്നു. അതായത്, അവന്റെ വ്യതിരിക്തതയിൽ. ജ്ഞാനസ്നാനത്തിൽ ക്രിസ്ത്യാനിക്ക് സഭയിൽ സ്വന്തമായ പേര് ലഭിക്കുന്നു. അത് ഒരു വിശുദ്ധന്റേതായിരിക്കുകയാണ് കൂടുതൽ അഭിലഷണീയം. ഇപ്രകാരം ജ്ഞാനസ്നാനം സ്വീകരിച്ചയാൾക്ക് വിശുദ്ധിക്കൊരു മാതൃക നൽകുകയും ദൈവതിരുമുമ്പാകെ ആ വിശുദ്ധന്റെ മാധ്യസ്ഥ്യം ഉറപ്പാക്കുകയും ചെയ്യുന്നു.

**ജ്ഞാനസ്നാനം സ്വീകരിക്കാതെ രക്ഷ പ്രാപിക്കാൻ ആവുമോ?**

ക്രിസ്തു എല്ലാ മനുഷ്യരുടെയും രക്ഷയ്ക്കായി മരിച്ചു. അതിനാൽ, ജ്ഞാനസ്നാനം സ്വീകരിക്കാതെ തന്നെ വിശ്വാസത്തിനുവേണ്ടി മരിക്കുന്നവർ (രക്തത്താലുള്ള ജ്ഞാനസ്നാനം), ജ്ഞാനസ്നാനാർഥികൾ, ക്രിസ്തുവിനെയും സഭയെയും അറിയാതിരിക്കുകയും, അതേസമയം കൃപാവരത്തിന്റെ പ്രചോദനത്താൽ ആത്മാർഥമായി ദൈവത്തെ അന്വേഷിക്കുകയും അവിടുത്തെ ഹിതം നിറവേറ്റാൻ പരിശ്രമിക്കുകയും ചെയ്യുന്നവർ (ആഗ്രഹത്താലുള്ള ജ്ഞാനസ്നാനം) എന്നിവർ രക്ഷിക്കപ്പെടാൻ സാധ്യതയുണ്ട്. ജ്ഞാനസ്നാനം സ്വീകരിക്കാതെ മരിക്കുന്ന കുട്ടികളെ സഭ അവളുടെ ആരാധനക്രമത്തിൽ, ദൈവകാരുണ്യത്തിനു ഭരമേല്പിക്കുന്നു.

**പഴയനിയമത്തിൽ ജ്ഞാനസ്നാനത്തിന്റെ പ്രതിരൂപങ്ങൾ ഏവ?**

പഴയനിയമത്തിൽ ജ്ഞാനസ്നാനത്തിന് പല പ്രതിരൂപങ്ങൾ കാണാം: ജീവന്റെയും മരണത്തിന്റെയും ഉറവിടമായി കരുതപ്പെടുന്ന ജലം, ജലത്തിലൂടെ രക്ഷ നൽകിയ നോഹയുടെ ഈജിപ്തിലെ അടിമത്തത്തിൽ നിന്ന് ഇസ്രയേലിനെ സ്വതന്ത്രരാക്കിയ ചെങ്കടൽ കടക്കൽ, നിത്യജീവന്റെ പ്രതീകമായ വാഗ്ദാന ഭൂമിയിലേക്ക് ഇസ്രയേലിനെ പ്രവേശിപ്പിച്ച ജോർദാൻ നദികടക്കൽ എന്നിവ.

**9. ദൗത്യമേറ്റെടുക്കൽ**
**10. സ്വയം പ്രേരിതപ്രാർഥന**
**11. കർത്തൃപ്രാർഥന**
**12. സമാപനപ്രാർഥന**

**രണ്ടാം ഭാഗം**

**1. റിപ്പോർട്ട് അവതരണം (കഴിഞ്ഞ യോഗത്തിലെ റിപ്പോർട്ട്)**
**2. വരവ് ചെലവ് കണക്ക് അവതരണം**
**3. ശുശ്രൂഷാ പ്രവർത്തനങ്ങളെ കുറിച്ചുള്ള അവതരണം**
(യൂണിറ്റിൽ നിന്നുള്ള ബി.സി.സി. ലീഡർ, അജപാലനം, വിദ്യാഭ്യാസം, സാമൂഹികം, കുടുംബം, അല്മായം, യുവജനം, മത്സ്യമേഖല എന്നീ ശുശ്രൂഷാ പ്രതിനിധികളെ ഇടവകയിലെ തന്മാസത്തെ ശുശ്രൂഷ പ്രവർത്തനങ്ങളെപ്പറ്റി സംക്ഷിപ്തമായി അവതരിപ്പിക്കാൻ ക്ഷണിക്കുന്നു)
**4. ചർച്ചയും പങ്കുവയ്ക്കലും**
**5. ഹാജർ**
**6. രഹസ്യപ്പിരിവ്**
**7. അറിയിപ്പുകൾ**
**8. നന്ദി**
**9. സമാപനഗീതം**

*തയ്യാറാക്കിയത്:*
**അതിരൂപത ബി.സി.സി.കമ്മിഷൻ**

ജെ.സി.


# സത്യാനന്തര പ്രതിഭാസവും ജനാധിപത്യവും

ഒരു കള്ളം നൂറ്റൊന്നാവർത്തിച്ചാൽ സത്യമായിടും എന്ന തത്വം സിദ്ധാന്തമായി കാണുന്നതാണ് പോസ്റ്റ് ട്രൂത്ത് അഥവാ സത്യാനന്തര കാലത്തിന്റെ സവിശേഷത. സ്ഥാപിത താല്പര്യം മുൻനിർത്തി അസത്യങ്ങളും ഭാഗിക സത്യങ്ങളും നിർമിച്ച് അത് സത്യമെന്ന നിലയ്ക്ക് ആവർത്തിച്ച് പ്രചരിപ്പിച്ച് ക്രമേണ അതു കാണുന്നതുവരെ വിശ്വസിപ്പിക്കയും അതുവഴി പൊതുബോധത്തെ സ്വാധീനിക്കുകയും ചെയ്യുന്നതാണ് ഈ പ്രതിഭാസം. സത്യത്തോട് പ്രതിബദ്ധത കാട്ടാത്ത, സത്യം ഒരു അനാവശ്യമെന്ന് കരുതുന്ന ആളുകളാൽ നയിക്കപ്പെടുന്ന ഒരുകാലഘട്ടം ഇന്ന് ലോകചരിത്രത്തിൽ പ്രബലമായി തീർന്നിരിക്കുന്നു. ഇന്നത്തെ ജനാധിപത്യയുഗമാണ് സത്യാനന്തര പ്രതിഭാസത്തിന് ഏറ്റവും വളക്കൂറുള്ള മണ്ണ്. ജനാധിപത്യവ്യവസ്ഥിതി തരുന്ന, ആർക്കും ഏതാശയവും പ്രചരിപ്പിക്കാമെന്ന സ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്തുകൊണ്ടാണ് അത് പടർന്ന് പന്തലിക്കുന്നത്. അധികാരത്തിലെത്താൻ ജനങ്ങളുടെ അംഗീകാരം നേടിയാൽ മാത്രം മതി എന്നതിനാൽ ജനമനസ്സുകളെ ഏതുവിധേനയും പാട്ടിലാക്കുക എന്നത് അധികാരത്തിലേക്കുള്ള എളുപ്പവഴിയായി അവർ കാണുന്നു. ഏതു കള്ളവും ആവർത്തിച്ചുപറഞ്ഞാൽ സത്യമായി തീരുമെന്ന് മനസ്സിലാക്കിയ ഗീബൽസ് ഇതിന്റെ പ്രയോക്താവായിരുന്നു. ഡിജിറ്റൽ യുഗം തുറന്നുതരുന്ന സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ ഉപയോഗിച്ച് സംഘടിതമായ പരിശ്രമങ്ങളിലൂടെയാണ് ഇന്ന് അസത്യവസ്തുക്കളെ സത്യങ്ങളാക്കി ചിത്രീകരിച്ച് പ്രചരിപ്പിക്കുന്നത്.




സത്യാനന്തരകാലം എന്ന പ്രയോഗം അതിനാൽ തന്നെ മുഖ്യമായും ഇന്നത്തെ രാഷ്ട്രീയ അവസ്ഥയെ കുറിക്കുന്ന ഒന്നാണ്. ഇന്നത്തെ ലോകത്തെ നയിക്കുന്നവരുടെ സത്യത്തോടെയുള്ള ഉദാസീനമായ സമീപനമാണ് സത്യാനന്തരം എന്ന സാഹചര്യത്തെ സംജാതമാക്കിയിട്ടുള്ളത്. സത്യസന്ധമായ നിലപാടുകൾ സാധ്യമായേക്കാമെങ്കിലും അവ അപ്രധാനവും അപ്രസക്തവുമാണ് എന്ന വിചാരമാണ് ഇന്ന് പൊതുപ്രവർത്തനരംഗത്തുള്ളവരെ നയിക്കുന്നത്. ഓരോ രംഗത്തും സത്യമായ വസ്തുക്കളെ യുക്തിസഹമായി ജനങ്ങൾക്ക് കാട്ടിക്കൊടുത്തുകൊണ്ടാണ് യഥാർഥത്തിൽ സാമൂഹിക രാഷ്ട്രീയരംഗങ്ങളിൽ ജനങ്ങളുടെ ചിന്തയെ രൂപപ്പെടുത്തി എടുക്കേണ്ടത്. എന്നാൽ വൈകാരികതയുടെയും വിശ്വാസത്തിന്റെയും ബലത്തിൽ ജനാഭിപ്രായം രൂപപ്പെടുത്തുന്നതാണ് കാര്യങ്ങൾ നേരിടുവാൻ സൗകര്യപ്രദം എന്ന് നമ്മുടെ നേതാക്കൾ തിരിച്ചറിഞ്ഞിരിക്കുന്നു. യുക്തിവാദത്തെ വിമർശിക്കാൻ വേണ്ടിയാണ് എല്ലാസത്യങ്ങളും നിർമിതമാണെന്ന നിലപാട് പോസ്റ്റ് മോഡേൺ ചിന്ത ഉയർത്തിയിട്ടുണ്ട്.

സത്യാനന്തരകാലം ഇന്ന് നമ്മുടെ സകകാലിക യാഥാർത്ഥ്യമായി മാറിയിട്ടുണ്ടെങ്കിൽ അതിന് മുഖ്യ കാരണം ഓരോവ്യക്തിക്കും അവർ ആഗ്രഹിക്കുന്നതുപോലെ ആശയ പ്രചാരണം നടത്താൻ കഴിയുന്ന രീതിയിൽ സാങ്കേതികവിദ്യ വളർന്നുകഴിഞ്ഞതാണ്. മാധ്യമസ്ഥാപനങ്ങളെ ഭീഷണിയിലൂടെ ഭയപ്പെടുത്തി അധികാരത്തിലിരിക്കുന്നവർക്ക് ഹിതകരമായ കാര്യങ്ങൾ മാത്രം പറയിപ്പിക്കുന്ന സമീപനം അടുത്തകാലത്താണ് വ്യാപകമായിതീർന്നത്. ജനാധിപത്യം ഇന്ന് വലിയ പ്രതിസന്ധിയെ നേരിടുന്നുണ്ട്. പേരിനുമാത്രം ജനാധിപത്യം നിലനിൽക്കുകയും സമഗ്രാധിപത്യം കൊടികുത്തിവാഴുകയും ചെയ്യുന്ന ഇലക്ടറൽ ഓട്ടോക്രസിയാണ് ഇന്ന് പലരാജ്യങ്ങളിലും പുലരുന്നത്. ഈ യവസ്ഥയെ അതിജീവിക്കാൻ ജനാധിപത്യത്തിനാവുമോ എന്നത് കാലം തെളിയിക്കേണ്ടിയിരിക്കുന്നു. ■


സെന്റ്. പീറ്റേഴ്സ്
ഫൊറോന ദേവാലയം
അഞ്ചുതെങ്ങ്
ST. PETER'S FORANE CHUR
ഇടവക മദ്ധ്യസ്ഥനായ
വിശുദ്ധ പത്രോസ്
അപ്പസ്തോലന്റെ
തിരുനാൾ മഹോത്സവം
ജൂൺ 20 വ്യാഴം മുതൽ 29 ശനി വരെ
തീർത്ഥാടകർക്ക് സ്വാഗതം

Pub. Date : 01.06.2024
Total Page 44
REGD. NO. KL/TV(S)/266/2024-26.
RNI Registered NO. 36056/81.
Licenced to post without pre-payment KL/TV(S)/WPP/171/2024-26.
JEEVANUM VELICHAVUM
Rs. 30.00




Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press, Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Vijil George